Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ചിങ്ങം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 സെപ്റ്റംബർ 9 | ലക്കം 4

## ആർച്ച്ബിഷപ്പ് മാർ ഇവാനിയോസ്

### തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)


ദിവംഗതനായ ആർച്ചുബിഷപ്പു് മാർ ഇവാനിയോസു് തിരുമനസ്സിലെ സുദീർഘവും സംഭവബഹുലവുമായ ജീവചരിത്രം പുസ്തകരൂപത്തിൽ രണ്ടു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തണമെന്നുള്ള പലരുടേയും ആഗ്രഹംനിമിത്തം ആയതിലേക്കു് ആവശ്യകമായ രേഖകൾ ശേഖരിക്കുന്ന ഉദ്യമത്തിൽ ഞാൻ ഇപ്പോൾ വ്യാപൃതനായിരിക്കയാണു്. അഭിവന്ദ്യ തിരുമേനി കോട്ടയം എം. ഡി. സെമ്മിനാരി പ്രിൻസിപ്പാൾ, സെറാംപൂർ കോളെജു് പ്രൊഫസർ, ബഥനി ആശ്രമാദ്ധ്യക്ഷൻ എന്നി വിവിധ നിലകളിൽ യാക്കോബായ സഭയുടേയും ഓർത്തഡോക്സു് സഭയുടേയും നിലനില്പിനും അഭിവൃദ്ധിക്കുംവേണ്ടി നിർവ്വഹിച്ചിട്ടുള്ള നിസ്തന്ദ്രസേവനങ്ങൾ, യാക്കോബായസഭയിൽ പിളപ്പും കലഹങ്ങളും വ്യവഹാരങ്ങളും ഉണ്ടാകുന്നതിനു പ്രേരകമായിത്തീർന്നിട്ടുള്ള നിരവധി സംഭവവികാസങ്ങൾ, മാർ ഇവാനിയോസു് തിരുമേനി ഇക്കാര്യങ്ങളിൽ വഹിച്ചിരുന്ന സൂത്രധാരിത്വം, ബഥനി ആശ്രമസ്ഥാപനം, കത്തോലിക്കാ പുനരൈക്യാലോചനകൾ, റഹ്മാനി പാത്രിയർക്കീസുമായും റോമാസിംഹാസനവുമായും നടത്തിയിട്ടുള്ള ഒട്ടനേകം എഴുത്തുകുത്തുകൾ, കൊല്ലത്തുവെച്ചു നടന്ന സുസ്മരണീയമായ പുനരൈക്യം എന്നിവയെല്ലാം ഒന്നാംവാല്യത്തിൽ ഉൾപ്പെടുത്തുന്നതിനാണു് ഉദ്ദേശിക്കുന്നതു്. കത്തോലിക്കാ പുനരൈക്യാനന്തരം നടന്നിട്ടുള്ള നിരവധി സംഭവങ്ങൾ, മലങ്കര ഹൈരാർക്കി സ്ഥാപനം, പുനരൈക്യപ്പെട്ട പ്രധാനവ്യക്തികൾ, വന്ദ്യ തിരുമേനി യൂറോപ്പു്, അമേരിക്കാ, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിൽ നടത്തിയ പര്യടനങ്ങൾ, പുനരൈക്യ പ്രസ്ഥാനപുരോഗതി, രോഗ[illegible]യും മരണവും ആദിയായ ഒട്ടേറെ സംഭവങ്ങൾ രണ്ടാംവാല്യത്തിലുൾപ്പെടുത്തണമെന്നാഗ്രഹിക്കുന്നു. പ്രസ്തുതഗ്രന്ഥത്തിൽ ചേർക്കേണ്ടതും, പുനരൈക്യപ്രസ്ഥാനത്തോടു് അഭേദ്യമായ ബന്ധമുള്ളതുമായ അനവധി ചരിത്രരേഖകൾ എന്റെ അന്വേഷണഫലമായി ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിലും ഇനിയും ഒട്ടേറെ രേഖകൾ ലഭിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതുസംബന്ധിച്ചുള്ള രേഖകൾ, പഴയ പുസ്തകങ്ങൾ, കത്തുകൾ, ഫോട്ടോകൾ എന്നിവ കൈവശമുള്ളവർ വിലയ്ക്കോ സൗജന്യമായോ സദയം എന്റെ പേർക്കു് ([illegible] P. O.) ഉടൻ തന്നെ അയച്ചുതന്നു് സഹായിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. അവയെല്ലാം കൃതജ്ഞതാപൂർവ്വം സ്വീകരിച്ചു പ്രസ്തുതപുസ്തകത്തിൽ ചേർക്കുന്നതായിരിക്കും.

മാർ ഇവാനിയോസു് തിരുമനസ്സുകൊണ്ടു് എഴുതിയിട്ടുള്ള ഒട്ടനേകം കത്തുകളും, ലോകത്തിന്റെ പല ഭാഗങ്ങളിലുംവെച്ചു് അദ്ദേഹം നടത്തിയിട്ടുള്ള നിരവധി പ്രസംഗങ്ങളും ഇതിനകം എന്റെ കൈവശം വന്നുചേർന്നിട്ടുണ്ടു്. കത്തോലിക്കാ പുനരൈക്യത്തിനു് അകത്തോലിക്കർക്കു പ്രേരണനൽകുന്ന ഏതാനും കത്തുകളിലും / പ്രസംഗങ്ങളിലും പ്രാധാന്യമർഹിക്കുന്ന ചിലവ "സത്യദീപ"പംക്തികളിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നു.

അഭിവന്ദ്യ തിരുമേനി കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുന്നതിനു സുമാർ ഒരു മാസം മുമ്പു, പന്ത്രണ്ടു് വർഷക്കാലത്തെ തന്റെ അക്ഷീണപരിശ്രമത്താൽ സമ്പാദിച്ചു് പരിപുഷ്ടിപ്പെടുത്തിയിരുന്ന ബഥനിയിലെ നാനൂറു് ഏക്കർ സ്ഥലത്തോടും, കെട്ടിടങ്ങളോടും, സ ത്തുക്കളോടും അന്ത്യയാത്ര പറഞ്ഞു് സകലവും ഉപേക്ഷിച്ചു വെറുംകൈയോടുകൂടെ ആശ്രമസ്ഥരുമൊന്നിച്ചു് ഇറങ്ങി വെണ്ണിക്കുളത്തു് ഒരു ചെറിയ വാടകക്കെട്ടിടത്തിൽ എത്തി താമസിക്കയാണല്ലോ ഉണ്ടായതു്. വെണ്ണിക്കുളത്തു് എത്തിയ ദിവസംതന്നെ ബഥനിയിൽനിന്നും ഇറങ്ങുവാനുണ്ടായ കാരണങ്ങൾ, ബഥനിയുടെ സ്വതന്ത്രനില, യാക്കോബായസഭയിലെ കുഴപ്പങ്ങൾ, കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകത എന്നിവയെല്ലാം സംക്ഷിപ്തമായി രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്തു് ഓർത്തഡോക്സു് സഭയിലെ കാതോലിക്കാ ബാവാ തിരുമേനിക്കു് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുതകത്താണു് ചുവടേ ചേർക്കുന്നതു്:—

നി. വ. ദി. മ. ശ്രീ മോറാൻ മാർ ബസ്സേലിയോസു് പൗരസ്ത്യകാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു ബോധിപ്പാൻ

ഞാനും മാർ തീയോഫീലോസു് മെത്രാനച്ചനും ആശ്രമസ്ഥന്മാരും പെരുനാട്ടിലെ ബഥനിമലയിൽനിന്നും വിട്ടിറങ്ങി ഇപ്പോൾ വെണ്ണിക്കുളത്തുവന്നു് ഒരു വീട്ടിൽ താമസിക്കുന്നു. ഇങ്ങനെ ചെയ്യാൻ ഞങ്ങളെ പ്രേരിപ്പിച്ച സംഗതികൾ അവിടുത്തേയുംവലിയതിരുമേനിയേയും* അറിയിക്കണമെന്നു് തിരുമേനിമാരോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നതുകൊണ്ടു് ഈ സാധനംഎഴുതുന്നതാകുന്നു. നമ്മുടെ ഇടയിൽ ഇതേവരെ സ്വീകരിച്ചുവന്നിട്ടുള്ള സഭാഭരണതത്വങ്ങളും, അധികാരമത്സരം, വ്യവഹാരം മുതലായ പദ്ധതികളും ഇനിയും തുടർന്നുകൊണ്ടു പോകുന്നതായാൽ ഇതേവരെ ഉണ്ടായിട്ടുള്ളതിൽ സഹസ്രമടങ്ങു് ആത്മീയമായ അധോഗതിയും നാശവും ജനസമുദായത്തിനു് ഉണ്ടാകുമെന്നും, ദൈവത്തിന്റെ തിരുനാമം പൂർവ്വാധികം നിന്ദിക്കപ്പെടുമെന്നും എനിക്കു് സത്യമായി മനോബോദ്ധ്യം ഉണ്ടു്. അതിനാൽ ഈ നാട്ടിൽ ദൈവതിരുനാമം മഹത്വീകരിക്കപ്പെടുവാൻ തക്കവണ്ണമുള്ള ഒരു പ്രസ്ഥാനം അവിടുന്നും വലിയ തിരുമേനിയും എല്ലാവരുംകൂടെ യോജിച്ചു സ്വീകരിക്കണമെന്നു് പലവിധത്തിലും പല അവസരങ്ങളിലും ഞാൻ



വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ സ്ഥാപകനായ ഫ്റെഡറിക് ഒസ്സാനാം

* വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു് മെത്രാപ്പോലീത്താ.

അപേക്ഷിച്ചിട്ടുള്ളതാണ്. മലങ്കരസുറിയാനിസഭയുടെ കാതലായ വിശ്വാസത്തിനു് യാതൊരു വ്യത്യാസവും വരുത്താതെയും, ഭിന്നതകളും, അന്യോന്യമത്സരങ്ങളും നിമിത്തം അടിക്കടി തിരുശരീരം മുറിവേററുകൊണ്ടു് വേദന അനുഭവിക്കുന്ന മുറിവുകൾ കരിക്കുന്നതിനും, വേദന ശമിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു പദ്ധതി സ്വീകരിച്ചുകൊണ്ടും തിരുമേനികളുടെ അധികാരത്തിൻ കീഴുള്ള ജനങ്ങളെ സ്വർഗ്ഗരാജ്യത്തിലേക്കു് നടത്തുന്നതു് തിരുമേനികളുടെ സർവ്വപ്രധാനമായ ചുമതലയാണെന്നും, അതിനായിട്ടാണു് പരിശ്രമിക്കേണ്ടതെന്നും തിരുമേനികൾ ഇരുവരുടെയും മുമ്പാകെ കുമ്പിട്ടു വീണു് പാദങ്ങൾ മുത്തിക്കൊണ്ടു് ദൈവനാമത്തിൽ വീണ്ടും വീണ്ടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ബഥനിസ്വത്തുകൾ വ്യവഹാരംകൊണ്ടു് എന്നിൽനിന്നും കരസ്ഥമാക്കുന്നതിനുള്ള ആലോചനയുടെ പ്രാരംഭശ്രമമായി വലിയ തിരുമേനി പലതും ചെയ്തുതുടങ്ങിയിരിക്കുന്നതിൽ എത്രയും സങ്കടപ്പെടുന്നു. ബഥനിയും ബഥനിപ്പള്ളികൾ ഉൾപ്പെട്ട സർവ്വസ്ഥാപനങ്ങളും യാക്കോബായ പാത്രിയർക്കീസിന്റെ ആജ്ഞയിൻകീഴിൽ സ്ഥാപിക്കപ്പെട്ടതോ, മലങ്കര യാക്കോബായ അസോസ്യേഷനോടു് ബന്ധമുള്ളതോ, യാക്കോബായ ട്രസ്റ്റിൽ ഉൾപ്പെട്ടതോ അല്ല. ഒരു സ്വതന്ത്രസ്ഥാപനമായിട്ടാണു് ഞാൻ ബഥനിയെ ഉദ്ദേശിച്ചതും, സ്ഥാപിച്ചതും. ഞാൻ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ട ശേഷവും ബഥനിയുടെ സ്വതന്ത്രനില ഒരുനാളും ഉപേക്ഷിക്കരുതെന്നു് കോട്ടയം പഴയ സിമ്മനാരിയിൽവച്ചു് വലിയ തിരുമേനി എന്നോടു് അഭിമുഖമായി കല്പിച്ചിട്ടുണ്ടു്. ഇപ്പോൾ ഇതാ 106 ചിങ്ങം 19-ാംനു പഴയ സിമ്മനാരിയിൽവച്ചു് കൂടുവാനിരിക്കുന്ന മലങ്കര യാക്കോബായ അസോസ്യേഷൻ യോഗത്തിലേക്കു് യാക്കോബായ പള്ളികളിൽനിന്നു് പ്രതിപുരുഷന്മാരെ ക്ഷണിക്കുന്നകൂട്ടത്തിൽ ബഥനിപ്പള്ളികൾക്കും വലിയ തിരുമേനി കല്പനകൾ അയച്ചിരിക്കുന്നു. എന്റെയൊ, മാർ തീയോഫിലോസു് മെത്രാച്ചന്റെയൊ അറിവോ സമ്മതമോ കൂടാതെയാണു് ഇങ്ങനെ ചെയ്തിട്ടുള്ളതു്. തിരുവല്ലാ പാലിയേക്കര ബഥനിപ്പള്ളിക്കായി അയച്ച കല്പന ആ പള്ളിയിലെ വികാരിയുടെ പേർക്കു് അയച്ചില്ല. മി. കെ. എം. മാമ്മൻവക്കീലിന്റെ പേർക്കാണു് അയച്ചതു്. അദ്ദേഹം ബഥനിപ്പള്ളിയിലെ ഇടവകാംഗംപോലുമല്ല. ആ പള്ളിയിൽ ഇടവകക്കാരായി ആരുമില്ല. മൂന്നാളുകൾ ഇടവകചേരാൻ അപേക്ഷ തന്നിട്ടുണ്ടു്. എന്നാൽ അവരെ ഇടവകചേർക്കയോ ഇടവകരജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപേക്ഷ തന്നിട്ടുള്ളവരാകയാൽ അവരുടെ അത്യാവശ്യപ്പെട്ട കർമ്മങ്ങൾ നടത്തുന്നതിനു് ഏർപ്പാടുചെയ്തിട്ടുണ്ടു്. യാക്കോബായ പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്തയക്കുന്നതിനായി വലിയ തിരുമേനി അയച്ചുകൊടുത്തിട്ടുള്ള അധികാരപത്രത്തിൽ ബഥനിപ്പള്ളി ഇടവകക്കാരാണെന്നുള്ള ഭാവത്തിൽ ആരെങ്കിലും ഒപ്പിട്ടു് യാക്കോബായ അസോസ്യേഷൻ യോഗത്തിൽ ഹാജരാകുന്നപക്ഷം അതു് ഒരു വ്യാജകൃത്യം ആയിരിക്കും എന്നല്ലാതെ ഒന്നും പറയുവാനില്ല. സ്വതന്ത്രമായ ഏതെങ്കിലും ബഥനിപ്പള്ളിയിൽനിന്നു അസോസ്യേഷൻ യോഗത്തിനു് പ്രതിനിധികളെ അയക്കുന്നതല്ല. പ്രതിനിധിയാണെന്നു് ഭാവിച്ചു് ആരെങ്കിലും അവിടെ ഹാജരാകുന്നതും അധികാരമില്ലാത്ത പ്രവൃത്തികളാണു്. വലിയ തിരുമേനി ഈവിധം കല്പന അയച്ചതുകൊണ്ടു് സാധിക്കാവുന്നതു് ബഥനിപ്പള്ളികൾ സ്വതന്ത്രമല്ലെന്നും, ബഥനിപ്പള്ളികളുടെ പ്രതിനിധികൾ അസോസ്യേഷൻ യോഗത്തിൽ ഹാജരായി അവിടത്തെ നിശ്ചയങ്ങൾക്കു് ഒപ്പുവച്ചിട്ടുണ്ടെന്നും, ബഥനിപ്പള്ളികൾ അസോസ്യേഷൻ യോഗത്തിന്റെ അധികാരത്തിൻകീഴിലും യാക്കോബായ ട്രസ്റ്റിലും ഇരിക്കുന്നതാണെന്നും വരുത്തിവയ്ക്കാൻ സാധിക്കുമെന്നു് തോന്നിക്കാവുന്ന രേഖകൾ സമ്പാദിക്കാമെന്നുള്ളതല്ലാതെ ഇതിൽനിന്നു് വേറെ യാതൊരു ഫലവും ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഇങ്ങനെ റിക്കാർട്ടുകൾ സമ്പാദിച്ചശേഷം ബഥനിപ്പള്ളികൾകൂടെയും യാക്കോബായ ട്രസ്റ്റിൽ ഉൾപ്പെട്ടതെന്നു് സ്ഥാപിക്കുവാനായി ഒരുവ്യവഹാരം നടത്തണമെന്നു് ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം അതിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടതു് വലിയ തിരുമേനിയാണു്. തിരുമനസ്സുകൊണ്ടു് എന്റെ പിതാവും ഗുരുവും ആകുന്നു. യാതൊരു കളങ്കവുംകൂടാത്തതായ സ്നേഹത്തോടും, വിശ്വസ്തതയോടുംകൂടെയാണു് എന്റെ ബാല്യംമുതൽ ഇന്നെയോളം തിരുമേനിയെ ഞാൻ സേവിച്ചിട്ടുള്ളതു്. തിരുമേനിയും ഞാനും തമ്മിൽ വാദിപ്രതികളായി ഒരു വ്യവഹാരം നടത്തിയിട്ടു് ബഥനിസ്വത്തുക്കളോ പള്ളികളോ എന്റെ അധികാരത്തിൻകീഴിലോ കൈവശത്തിലോ സൂക്ഷിക്കേണ്ടതായ യാതൊരാവശ്യവും എനിക്കില്ല. അതിനാൽ ബഥനിവസ്തുക്കൾ പരിത്യജിപ്പാനുള്ള പരിപൂർണ്ണസന്നദ്ധതയോടുകൂടെയാണു് ഞാൻ പെരുനാട്ടിലെ ബഥനിമലയിൽനിന്നും വിട്ടിറങ്ങി ഇപ്പോൾ ഇവിടെ വെണ്ണിക്കുളത്തു വന്നു് താമസിക്കുന്നതു്. ബഥനിയുടെ പൊതുസ്വത്തുക്കൾ സ്ഥാപനോദ്ദേശ്യത്തിനനുസരണമായി വിനിയോഗിക്കപ്പെടണമെന്നല്ലാതെ യാതൊരാഗ്രഹവും എനിക്കില്ല. ബഥനിസ്വത്തിൽ ഒരു പൈസപോലും റോമൻകത്തോലിക്കാസഭയ്ക്കു് കൊടുക്കണമെന്നു് എനിക്കാഗ്രഹമില്ല. റോമൻകത്തോലിക്കാസഭയ്ക്കു് ഈവിധമുള്ള ധനസഹായം ലവലേശംആവശ്യവുമില്ല. പ്രത്യേക ആവശ്യത്തിലേക്കായി എനിക്കു പണവും സ്ഥലവും തന്നിട്ടുള്ളവരുണ്ടു്. അങ്ങനെയുള്ളവരുടെ സ്ഥലവും പണവും തിരികെ കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഭൂമിയിൽ ഒരുവനോടും യാതൊരു വിശ്വാസവഞ്ചനയും ചെയ്വാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. എന്റെ സ്വന്തവകയായി ബഥനിയിൽ ഇറക്കിയിട്ടുള്ള പണംതന്നെയും ദൈവികമായി വിനിയോഗിക്കപ്പെടണമെന്നുള്ളതല്ലാതെ മറെറാരുദ്ദേശവും എനിക്കില്ല.

ഇനിയും ചില കാര്യങ്ങൾ തിരുമേനികളെ അറിയിപ്പാനുള്ളതു് പിന്നാലെ എഴുതി അയച്ചുകൊള്ളാം. യാക്കോബായസമുദായത്തിന്റെ ഭാവി ദൈവത്തിന്റെ മഹത്വത്തിനു് ഉപയുക്തമായിത്തീരുവാൻ തക്കവണ്ണമുള്ള ആലോചനകളും പ്രവൃത്തികളും തിരുമേനികൾക്കു് ഉണ്ടാകണമെന്നു് താഴ്മയായിഅപേക്ഷിക്കുന്നു. ഞങ്ങളെ സംബന്ധിച്ചു് ഞങ്ങൾക്കു് യാതൊരു വിചാരവുമില്ല. ഇതേവരെയും തിരുമേനികളുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചിട്ടുള്ള ഞങ്ങൾ മേലാലും തിരുമേനികളെ ഹൃദയപൂർവ്വമായി സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്യുന്നതാണു്. പൗരസ്ത്യകാതോലിക സഭകളുടെ കാതലായ വിശ്വാസത്തിനു് ഭേദംകൂടാതെ റോമൻ കത്തോലിക്കാസഭയുമായി ഒരു പുനരൈക്യം സാദ്ധ്യമാണോ എന്നാലോചിക്കുന്നതിനും, എഴുത്തുകുത്തു് നടത്തുന്നതിനും എന്നെ അവിടുന്നും, കാലംചെയ്ത കാതോലിക്കാബാവായും കൂടെ ചുമതലപ്പെടുത്തിയിരുന്നല്ലോ. ആ ആലോചനകളെ അവിടുന്നു ചിലപ്പോൾ അനുകൂലിക്കയും ചിലപ്പോൾ പ്രതികൂലിക്കയും ചെയ്യുന്നതായിട്ടാണു് ഞാൻ അറിയുന്നതു്. അതു സംബന്ധിച്ച ചില കാര്യങ്ങൾ അറിയിപ്പാനുള്ളതു് പിന്നാലെ അറിയിച്ചുകൊള്ളാം.

തിരുമുമ്പാകെ ബോധിപ്പിപ്പാൻ
മാർ ഇവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)
വെണ്ണിക്കുളം }
4-1-106 }

# ആസാമിലെ ആരാമങ്ങളിൽ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

V

മഹോത്സവാവസരങ്ങളിൽ ആദിവാസികൾ അവരുടെ ജാതീയവേഷം അണിയാറുണ്ടെങ്കിലും പുരുഷന്മാരെ സാധാരണയായി പാശ്ചാത്യവേഷത്തിലാണു് കാണുക. ഭംഗിയായി സായ്പു ചമയുവാൻ വേണ്ടത്ര പണം പലർക്കും ഇല്ലാത്തതിനാൽ പാശ്ചാത്യവേഷം പലപ്പോഴും മുഷിഞ്ഞതും ചിലപ്പോൾ കീറിയതും ആയിരിക്കുമെന്നേയുള്ളു. ഗ്രാമപ്രദേശങ്ങളിൽ "ധോത്തി" യുടുത്ത ആദിവാസികളെ ഇടയ്ക്കിടെ കാണാം. അവിടെയും പാശ്ചാത്യവേഷമാണു് ഉന്നതവും ഉത്തമവും എന്നൊരു അഭിപ്രായമുണ്ടു്. ഈ പാശ്ചാത്യഭ്രമം സാരമായി ബാധിക്കാത്തവരായി നാഗന്മാരുടെ ഇടയിലെ ചില വർഗ്ഗക്കാർമാത്രമേയുള്ളു.



സ്ത്രീകളുടെ വേഷം ഓരോ വർഗ്ഗക്കാരുടെ ഇടയിലും വിഭിന്നമാണു്. പാശ്ചാത്യവേഷം ധരിക്കുന്ന സ്ത്രീകൾ അധികമില്ല. ലുഷായിഹിൽസിൽതന്നെ നിർമ്മിച്ചതും കനത്തവരയുള്ളതുമായ ഒരു നീണ്ടമുണ്ടു്, അരയിൽ ചുററിയുടുക്കയാണു് ലുഷായിസ്ത്രീകൾ ചെയ്യുന്നതു്. എല്ലാ ലുഷായിസ്ത്രീകൾക്കും നൂൽ നൂൽക്കുവാനും തുണി നെയ്യുവാനും അറിയാം.



അംഗാമിനാഗന്മാർ നൃത്തവേഷത്തിൽ

ഖാസി സ്ത്രീകളുടെ വേഷംപോലെ വിനീതമായ ഒരു വേഷം ലോകത്തിൽ ഏതെങ്കിലും ഒരു സമുദായം അണിയുന്നുണ്ടോ എന്നു സംശയമാണു്. അവരുടെ വേഷത്തിനു നസ്രാണിസ്ത്രീകളുടെ വേഷത്തോടു ഏതാണ്ടൊരു സാധർമ്മ്യമുണ്ടു്. നസ്രാണിസ്ത്രീ തലയും തോളും മാറിടവും ഒരു കവിണികൊണ്ടു മറയ്ക്കുമ്പോൾ, ഖാസി സ്ത്രീ ആ ഭാഗങ്ങൾ ഒരു നേരിയ കമ്പിളിവസ്ത്രം കൊണ്ടു മറയ്ക്കുന്നതിനു പുറമേ, കട്ടിയുള്ള ഒരു കമ്പിളിവസ്ത്രം തോളുകൾക്കുതാഴെയായി ചുററി ഉദരത്തിനു അല്പം ഉയരെ ബന്ധിക്കുന്നു.



ലുഷായിബാലികമാർ വേണുനൃത്ത (bamboo dance) ത്തിനു് ഒരുങ്ങുന്നു

ആദിവാസിസ്ത്രീകൾ ജാതീയവേഷം ഉപേക്ഷിച്ചിട്ടില്ലെങ്കിലും, പട്ടണങ്ങളിലുള്ള അവരുടെ വീടുകളിൽ പാശ്ചാത്യരീതികളാണു് പ്രബലപ്പെട്ടുകാണുന്നതു്. ഗ്രാമങ്ങളിലെ അവരുടെ സഹോദരിമാർ അവരെ അനുകരിക്കുവാൻ വെമ്പൽകൊള്ളുകയുമാണു്.

## ആദിവാസികളുടെ സംസ്കാരം

ഹർഷാത്മകത്വമാണു് ആദിവാസികളുടെ മുഖ്യമായ ഗുണം. അവരിൽ ഭൂരിപക്ഷവും ദരിദ്രരാണെങ്കിലും, "നാളെ"യെപ്പററി ചിന്തിച്ചു് അവർ കരൾ നോവിക്കാറില്ല. എന്നാൽ സോളമൻ, വിജ്ഞാനത്തിന്റെ ഉച്ചത്തിൽ, ഈ ആദിവാസികളെക്കാൾ കൂടുതലായി ആനന്ദത്താൽ അലംകൃതനായിരുന്നോ എന്നു സംശയമാണു്.

സംഗീതത്തോടു നൈസർഗ്ഗികമായ പ്രതിപത്തിയുള്ള അവർ ഭാരമേറിയ ചുമടുകൾ ചുമലിൽ വഹിച്ചു കിഴുക്കാംതൂക്കായ മലകൾ കയറിപ്പോകുമ്പോൾ, ആമോദപൂർവ്വം ഗാനാലാപം ചെയ്യാറുണ്ടു്. സംഗീതത്തിന്റെയും നർമ്മഭാഷണത്തിന്റെയും അടിയിൽ ജീവിതക്ലേശങ്ങൾ ആമജ്ജനം ചെയ്തു, മന്ദസ്മിതരുചികൊണ്ടു മുഖാവരണം അണിഞ്ഞു നടക്കുവാൻ ആദിവാസികൾക്കു കഴിയും.

താഴ്‌വരയിലുള്ള കുളങ്ങളിലെ വെള്ളം നീളമുള്ള മുളക്കഷണങ്ങളിൽ നിറച്ചു് അവയെ പുറത്തു ബന്ധിച്ചു കുന്നിൻപുറത്തുള്ള വീടുകളിലേക്കു പാട്ടുപാടിപ്പോകുന്ന ലുഷായി ബാലികമാരുടെ ഒരു സമൂഹത്തെ കാണുന്നതു് അനേകതത്വജ്ഞാനഗ്രന്ഥങ്ങൾ വായിക്കുന്നതിനെക്കാൾ കൂടുതൽ പ്രയോജനകരമായ ജീവിതവിദ്യാഭ്യാസമത്രെ.

ഇംഗ്ലീഷ് വിദ്യാഭ്യാസം സമ്പാദിച്ചതിനുശേഷം സർക്കാർ ആഫീസുകളിൽ ജോലിചെയ്യുന്ന ആദിവാസികളിൽമാത്രമാണു് ഈ ഹർഷാത്മകത്വം തെല്ലൊന്നു കുറഞ്ഞുകാണുന്നതു്.



ഹഫ്‌ളോംഗിലെ ആദിവാസികൾ

ആർജ്ജവമാണു് ആദിവാസികളുടെ മറെറാരു ഗുണം. അവർ ആർജ്ജവത്തിനു നൽകുന്ന പ്രാധാന്യം നിമിത്തം, വഞ്ചനയുമായി വരുന്നവരെ അവർ നിശ്ശേഷം വെറുക്കുന്നു. ഒരുകാലത്തു വഞ്ചനയുടെ സമ്മാനം വധമായിരുന്നു. ഇന്നാകട്ടെ അതു കലപ്പില്ലാത്ത വിദ്വേഷമായി മാറിയിട്ടുണ്ടു്. സമതലങ്ങളിലെ "പരിഷ്കൃത"ജനങ്ങൾക്കു വേണ്ടത്ര ആർജ്ജവബോധമില്ലെന്നാണു് ആദിവാസികളുടെ ഏററവും കനംകൂടിയ ആവലാതി.

ഒരു അതിഥിയെ കുടുംബത്തിലെ ഒരംഗത്തെപ്പോലെ കരുതി പെരുമാറുവാൻ അവർ പ്രദർശിപ്പിക്കുന്ന ഉത്സാഹംകാണുമ്പോൾ, അത്രതന്നെ ആതിഥേയബോധമില്ലാത്തവർക്കു് അത്ഭുതവും ഏതാണ്ടൊരു വല്ലായ്മയും തോന്നിയെന്നുവരാം. അവർ അതിഥിയോടു്, "ഇതു നിങ്ങളുടെ വീടാണു്" എന്നു പറയുന്നതുകേൾക്കുമ്പോൾ അതൊരു ഭംഗിവാക്കാണെന്നു തോന്നുകയില്ല. അത്രയ്ക്കുണ്ടു് ആ വാക്കുകളിൽ അലതല്ലുന്ന ആത്മാർത്ഥത. അവരുടെ പെരുമാററംകാണുമ്പോൾ അതു ഭംഗിവാക്കല്ലായിരുന്നു എന്നു മനസ്സിലാകുകയും ചെയ്യും.

"ജുവൻ മത്തേയോയുടെ കഥ" എന്ന ചലച്ചിത്രത്തിൽ മത്തേയോ അമേരിക്കൻ ഇന്ത്യാക്കാരെപ്പററിപ്പറയുന്നുണ്ടു്, "ഇന്ത്യാക്കാരനെ സ്നേഹിക്കുന്നവരെ അവനും സ്നേഹിക്കുന്നു. ഇന്ത്യാക്കാരനെ നിന്ദിക്കുന്നവരെ അവനും നിന്ദിക്കുന്നു" എന്നു്. ആസാമിലെ ആദിവാസികളെപ്പററിയും ഇതുതന്നെ പറയാവുന്നതാണു്.



അംഗാമിനാഗാ ബാലികമാർ

—— ——

## ഹംഗേറിയൻകത്തോലിക്കർ ജർമ്മനിയിൽ അഭയാർത്ഥികൾ

ഹംഗറിയിലെ കമ്മ്യൂണിസ്റ്റു ഇരുമ്പഴിക്കുള്ളിൽ നിന്നു രക്ഷപെട്ട 14 ആയിരത്തിൽപ്പരം കത്തോലിക്കർ ഇപ്പോൾ പടിഞ്ഞാറെ ജർമ്മനിയിൽ താമസിച്ചുവരുന്നുണ്ടു്. അവരുടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കുന്നതിനായി 21 വൈദികരും അവരോടൊന്നിച്ചു വന്നിട്ടുണ്ടു്. എല്ലാവിധത്തിലും സമാധാനപരമായ ഒരു ജീവിതം അവർ കഴിച്ചുകൂട്ടുന്നു. എങ്കിലും ജന്മനാട്ടിൽ അസ്വതന്ത്രരായി വലയുന്നവരെപ്പററിയുള്ള വ്യാകുലത സദാ അവരെ അലട്ടിക്കൊണ്ടിരിക്കുന്നു. വർത്തമാനങ്ങൾ പരസ്പരം അറിയിക്കുന്നതിലേക്കു "ഹംഗേറിയൻക്യൂറിയേർ" എന്നപേരിൽ ഒരു പ്രതിവാര

# വലിയവീടൻ സ്റ്റോർ

## "ദി സിൽക്ക് പാലസ്സ്" ചങ്ങനാശ്ശേരി

## "മാമ്മോദീസാ ഉടുപ്പുകൾ"

"മാമ്മോദീസാ" ആവശ്യത്തിനുള്ള ഉടുപ്പ്, തൊപ്പി, കാൽമേസ് മുതലായ എല്ലാവിധ സാധനങ്ങളും അടങ്ങിയ സെററ് (പുതിയ ഫാഷനിലുള്ളത്) കുറഞ്ഞവിലയ്ക്കു വില്ക്കുന്ന ചങ്ങനാശ്ശേരിയിലെ ഏക സ്ഥാപനം. ആവശ്യമുള്ള സാധനങ്ങൾക്ക് ഇന്നുതന്നെ ഓർഡർ ചെയ്യുക.


ചെറുകഥ

# ജൂനിപ്പർ

(ജി. സി. ടീലർ)

ക്രിസ്തുസ്സ്. ഷേസി (Scesi) ദേവാലയം അന്നു പ്രകാശമാനമായിരുന്നു. തങ്കപ്പൂക്കൾകൊണ്ട് അലംകൃതമായിരുന്ന അൾത്താരവിരിയുടെ വിളുമ്പിൽ സ്വർണ്ണം പൂശിയ അനേകം കൊച്ചു വെള്ളിമണികൾ തൂങ്ങിക്കിടന്നിരുന്നു. ഉജ്ജ്വലപ്രഭാപൂരത്തിൽ അതെല്ലാം വെട്ടിത്തിളങ്ങുന്നതു കണ്ടപ്പോൾ അഭിമാനമത്തരായി അവിടത്തെ ഇടവകജനങ്ങൾ. ആ മഹദ്ദിനത്തിനനുയോജ്യമായവിധത്തിൽ



തന്റെ വേലകൾ പൂർത്തിയാക്കിയിട്ട് ബെനീറോ അല്പം അകലെ മാറിനിന്നു.

"ഇന്നത്തെ അലങ്കാരങ്ങളെക്കുറിച്ചെന്തു പറയുന്നു നിങ്ങൾ?" ഒരു സ്നേഹിതന്റെ മുമ്പിൽ പ്രത്യാശാപൂർവ്വം കുനിച്ചുനിറുത്തിയ ചോദ്യം. ഒരു സഹൃദയനായിരുന്നു സ്നേഹിതൻ. അയാൾ പറഞ്ഞു: "ഞാൻ ബെനീറോയെ അഭിനന്ദിക്കതന്നെ ചെയ്യുന്നു. ഇതിൽക്കൂടുതലൊന്നും ഇനി ഇവിടെ ചെയ്യാനില്ലെന്നാണെന്റെ അഭിപ്രായം."

"വളരെ ഉപകാരം. എല്ലാത്തിലും നന്മകാണുവാനുള്ള കണ്ണുകളാണ് ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്നത്. ഇന്നലെ തുടങ്ങിയതാണ് എന്റെ ഈ പണി. ഭക്ഷണം കഴിക്കുവാൻ വീട്ടിലൊന്നു പോകുന്നതിനുപോലും പററിയില്ല. ഭാര്യയും കുഞ്ഞുങ്ങളും കാത്തിരിക്കയായിരിക്കും."

"അലങ്കാരപ്പണികളെല്ലാം കഴിഞ്ഞല്ലൊ; ഇനി നിങ്ങൾക്കു പൊയ്ക്കൂടെ?"

"അതു പറയാൻ വളരെ എളുപ്പം. ഈ വിലപ്പിടിപ്പുള്ള സാധനങ്ങളെല്ലാം ഞാൻ ആരെ ഏല്പിച്ചിട്ടാണു പോകുക? ആ അൾത്താരവിരി കണ്ടോ, അതിന്റെ വിളുമ്പിൽ തൂങ്ങിക്കിടക്കുന്ന ഒരു മണി വല്ലവരും ചൂണ്ടിക്കൊണ്ടുപോയാൽ ഞാൻ തുലഞ്ഞതുതന്നെ."

"അതിനാണോ നിങ്ങൾ ഈ കൊച്ചുതല ഇങ്ങനെ പുകയ്ക്കുന്നതു? ആ കോണിൽ ഒരു സന്യാസി മുട്ടുകുത്തി നില്ക്കുന്നതു നിങ്ങൾ കണ്ടില്ലേ?"

"ഓ! ജൂനിപ്പറെ ഞാൻ കുറേ മുമ്പ് അവിടെ കണ്ടു. ആ കഥയങ്ങു മറന്നുപോയി. അദ്ദേഹത്തെത്തന്നെ അല്പനേരത്തേക്കു കാവലേല്പിച്ചുകളയാം."

"പക്ഷേ, ജൂനിപ്പറെ നിങ്ങൾ നന്നായിട്ടറിയുമോ?"

"അറിയുമോന്നു! കൈയിൽ കിട്ടുന്നതെല്ലാം വല്ലവർക്കും കൊടുത്തുകളയുന്ന ആളാണ്. എങ്കിലും ഇതു ഷേസി ദേവാലയമാണല്ലോ. ഇവിടെ അക്രമങ്ങളൊന്നും ചെയ്യുകയില്ലായിരിക്കും. പോരെങ്കിൽ പത്തുമിനിററിനകം ഞാൻ തിരിയെ വരികയും ചെയ്യും."

"എന്നാൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

അനുകമ്പാർഹമായ ഒരു സ്വരം നീണ്ടുനീണ്ടുയർന്നു. "ഉണ്ണീശോയെ ഓർത്തു വല്ലതും തരണേ!" ജൂനിപ്പർ മുട്ടുകുത്തി ധ്യാനിച്ചു നിന്നിരുന്ന ഭാഗത്തേക്ക് അതു അടുത്തടുത്തുവന്നു. സമാധിയിൽ നിന്നും ഉണർന്നു അദ്ദേഹം. ചെവികളിലേക്ക് വീണ്ടുംവീണ്ടും അടിച്ചുകയറി ദയനീയമായ ആ അഭ്യർത്ഥന. ജനൽക്കമ്പികൾക്കിടയിൽക്കൂടി അദ്ദേഹം പുറത്തേക്കു നോക്കി. കീറിപ്പറിഞ്ഞ തുണിക്കഷണങ്ങൾക്കിടയിൽ വിശപ്പുകൊണ്ടു വലയുന്നതും തണുപ്പുകൊണ്ടു വിറയ്ക്കുന്നതുമായ ഒരു സ്ത്രീ നില്ക്കുന്നു! ക്രിസ്തുസ്സിനു് അനുയോജ്യമായ ഏററവും നല്ല അലങ്കാരം അവളിലാണ് അദ്ദേഹം ദർശിച്ചതു്. ബ്രദർ പറഞ്ഞു: "അല്പം ക്ഷമിക്കണേ; അൾത്താരയിലെ ഈ അലങ്കാരങ്ങൾക്കിടയിൽ ഞാനൊന്നു നോക്കട്ടെ." മൂർച്ചയുള്ള ഒരു കത്തിയുമായി അദ്ദേഹം അകത്തേക്കു കയറി. അൾത്താരവിരിയുടെ വിളുമ്പിൽ തൂങ്ങിക്കിടക്കുന്ന അനേകം വെള്ളിമണികളാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടതു്. വിദഗ്ദ്ധമായ ഒരു ശസ്ത്രക്രിയനടത്തി അതെല്ലാം വേർപെടുത്തി എടുത്തു അദ്ദേഹം. ആ സാധുസ്ത്രീയുടെ ശോഷിച്ചകരങ്ങളിൽ അതു വച്ചിട്ട് ജൂനിപ്പർ പറഞ്ഞു: "കപ്യാർ വരുന്നതിനുമുമ്പേ ഇതുംകൊണ്ടു് കടന്നുകൊള്ളുക." അവൾ ഓടിമറഞ്ഞു.

ഭാര്യ നൽകിയ ചില വിവരങ്ങൾ അയാളെ ഉൽക്കണ്ഠാകുലനാക്കി. അയാളുടെ ഉള്ളു നീറിക്കൊണ്ടിരിക്കയായിരുന്നു ഭക്ഷണസമയത്തു്. ഒരുപചാരവാക്കു പറയുന്നതിനുപോലും തങ്ങിനില്ക്കാതെ അയാൾ ദേവാലയത്തെ ലക്ഷ്യംവച്ചു് ഓടി; അകത്തുകടന്നു് ഒരു വിഹഗവീക്ഷണം നടത്തി. വലിയ തകരാറുകളൊന്നും കണ്ടില്ല അയാൾ. പക്ഷേ അൾത്താരയിൽ ദൃഷ്ടിപതിഞ്ഞപ്പോൾ അയാളുടെ ഹൃദയം നടുങ്ങിപ്പോയി. അയാളുടെ സ്വരം അനിയന്ത്രിതമായി ഉയർന്നു. "ഈ ദുഷ്കൃത്യം ചെയ്തവൻ ആര്? ദൈവത്തിന്റെ ശാപം അവന്റെ തലയിൽ വീഴാതിരിക്കയില്ല." അട്ടഹാസവും അലർച്ചയും തുടർന്നു. ആളുകൾ ഓടിക്കൂടി. അൾത്താരയിലേക്കു കൈചൂണ്ടി അവരുടെ മുമ്പിൽവച്ചു് അയാൾ വീണ്ടും ആക്രോശിച്ചു. ജനങ്ങൾ വിസ്മയഭരിതരായി. ആ മഹദ്ദിനത്തിൽ അൾത്താരയിൽനിന്നും ഒരു മോഷണം എങ്ങനെ സംഭവിച്ചു എന്നായിരുന്നു അവരുടെ ചിന്ത.

മോഷ്ടാവു്. കപ്യാരുടെ ബഹളംകേട്ടു് ജൂനിപ്പർ ധ്യാനത്തിൽനിന്നും വിരമിച്ചു് ജനക്കൂട്ടത്തിലേക്കുവന്നു പറയുകയാണു: "സഹോദരാ, കോപിക്കാതിരിക്കണം. ഒരു മോഷണവും ഇവിടെ നടന്നിട്ടില്ല. ഭിക്ഷയാചിച്ചുവന്ന ഒരു പാവപ്പെട്ട സ്ത്രീക്ക് ഞാൻ അതിൽ രണ്ടുമൂന്നെണ്ണം കണ്ടിച്ചുകൊടുത്തു. അതുകൊണ്ടു് അവൾ രണ്ടുമൂന്നുമാസത്തേക്കു സുഖമായി കഴിഞ്ഞുകൊള്ളും. ഇവിടെ അതു് യാതൊരുപകാരവുമില്ലാതെ തൂങ്ങിക്കിടക്കയല്ലെ, വ്യർത്ഥമായ മഹിമയുടെ മാററുകൂട്ടിക്കൊണ്ടു്." അവസാനത്തെ വാചകം കേൾക്കുവാൻ കപ്യാർ നിന്നില്ല. ഒരു മാൻപേടയെപ്പോലെ ഒററക്കുതിക്കു് അയാൾ വഴിയിൽച്ചാടി ഓടി. ഒരു ഭിക്ഷുവിനെയും കണ്ടുമുട്ടിയില്ല വളരെദൂരം ചെന്നിട്ടും. നിരാശനായി അയാൾ മടങ്ങി. എങ്കിലും ക്രോധം വർദ്ധിച്ചതേയുള്ളു.

ഫാദർ ജനറൽ. അദ്ദേഹം സന്തോഷഭരിതനായി ഇരിക്കയായിരുന്നു ക്രിസ്തുസ്സ് കുർബാന കഴിഞ്ഞു്. ഷേസി ദേവാലയത്തിലെ കപ്യാർ അൾത്താരവിരിയുമായി അദ്ദേഹത്തിന്റെ പക്കലെത്തി. അതു വിട്ടത്തി ഛേദിക്കപ്പെട്ട വിളുമ്പു കാണിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "പിതാവേ, ബ്രദർ ജൂനിപ്പറുടെ ഇന്നു രാവിലത്തെ പണിയാണിതു്. ഷേസി ദേവാലയത്തിൽ ഇതിനെക്കാൾ മെച്ചമായ ഒരൾത്താരവിരി ഇല്ല. ഇതേൽ തൂങ്ങിക്കിടക്കുന്ന ഓരോ മണിക്കും എട്ടുപത്തുരൂപാ വിലവരും. അത്തരം രണ്ടുമൂന്നെണ്ണമാണു് ഒരു തെണ്ടിക്കു് അദ്ദേഹം കണ്ടിച്ചുകൊടുത്തുകളഞ്ഞതു്. ഇതേപ്പററി അദ്ദേഹത്തോടൊന്നു ചോദിക്കണം. എന്റെ മനസ്സിനു് ഒരു സമാധാനവുമില്ല." പ്രശാന്തനായി ഫാദർ ജനറൽ അതെല്ലാം കേട്ടു. അദ്ദേഹത്തിന്റെ മറുപടി. "ഇതിൽ ഞാൻ ബ്രദർ ജൂനിപ്പറെയല്ല കുററം പറയുന്നതു്. അദ്ദേഹത്തെ ഇതിനകം മനസ്സിലാക്കിയിട്ടില്ലാത്ത ഒരാളല്ല നിങ്ങൾ. എന്തുകൊണ്ടു് നിങ്ങൾ ഇതു സൂക്ഷിച്ചില്ല? ജൂനിപ്പറെ സംബന്ധിച്ച പറകയാണെങ്കിൽ ഇതു മുഴുവനുംകൂടി എടുത്തുകൊടുത്തു കളയാതിരുന്നതാണു് അത്ഭുതം. എങ്കിലും നിങ്ങൾ സമാധാനത്തിൽ പൊയ്ക്കൊൾക. ഇക്കാര്യത്തെ സംബന്ധിച്ചു് ഏതായാലും അദ്ദേഹത്തോടു ചോദിച്ചുകൊള്ളാം. മേലിൽ ഇതാവത്തിക്കാതിരിക്കാൻ ചട്ടംകെട്ടുന്നതുമാണു്."

ണിംണിം. ണിംണിം. ണിംണിംണിംണിം. ണിംണിം. മണിയുടെ സ്വരം. വൈദികരും സഹോദരന്മാരും ഒരു ഇടുങ്ങിയമുറിയിൽ സമ്മേളിച്ച ഫാദർ ജനറൽ മുഖവുരയായി ഒരു ലഘുപ്രസംഗം നടത്തി. "മിശിഹായിൽ പ്രിയപ്പെട്ട സഹോദരന്മാരേ, ഗുരുതരമായ ഒരു കാര്യത്തെപ്പററി പറയുവാനാണു് ഞാൻ നിങ്ങളെ വിളിച്ചുവരുത്തിയതു്. അനേകം സൽഗുണങ്ങളുള്ള ഒരാളാണു നമ്മുടെ ബ്രദർ ജൂനിപ്പർ എന്നു നിങ്ങൾക്കറിയാമല്ലോ. പക്ഷേ അദ്ദേഹത്തിന്റെ അതിരുകടന്ന തീക്ഷ്ണത അനേകം അനർത്ഥങ്ങൾ വരുത്തിവയ്ക്കുന്നു. ഇന്നലെ നടന്ന ഒരു സംഭവംതന്നെ ഇതിനൊരു വലിയ തെളിവാണു്. പരിപാവനമായ നമ്മുടെ സഭയ്ക്കും തദംഗങ്ങൾക്കും ഇതുമൂലം വന്നുകൂടിയ അപകീർത്തി എത്ര അസഹനീയമാണെന്നു നിങ്ങൾതന്നെ ചിന്തിക്കുക. ആ സഹോദരൻ ഇവിടത്തെ സാധനങ്ങൾതന്നെ വിവേകരഹിതമായി അന്യർക്കു കൊടുത്തുകളയുന്നതു നമുക്കു ക്ഷമിക്കാം. പക്ഷേ അന്യരുടെ വസ്തുവകകൾ, ഉടമസ്ഥന്മാരുടെ അനുവാദംപോലും ചോദിക്കാതെ അദ്ദേഹം ദാനം ചെയ്യുന്നതുമൂലം ഫ്രാൻസിസ്കന്മാർ ഒരുകൂട്ടം അക്രമികളാണെന്നു് പൊതുജനം ധരിച്ചുതുടങ്ങിയിരിക്കുന്നു. അതിനാൽ അദ്ദേഹം ചെയ്ത കുററത്തിന്റെ ഗൗരവം അദ്ദേഹത്തെ മനസ്സിലാക്കി ന്യായമായവിധത്തിൽ ശിക്ഷിക്കേണ്ടതു നമ്മുടെ കടമയാണു്." ഇത്രയും പറഞ്ഞുനിറുത്തിയിട്ടു് സഗൗരവം സ്വരമുയർത്തി വിളിച്ചു: "ജൂനിപ്പർ!" പിൻനിരയിൽനിന്നും നിഷ്കളങ്കനായ ഒരു വിദ്യാർത്ഥിയെപ്പോലെ ജൂനിപ്പർ എഴുന്നേററു മുമ്പോട്ടുവന്നു. "കൈകൾ കുരിശാകൃതിയിൽ വിരിച്ചുപിടിച്ചു് മുട്ടുകുത്തി നില്ക്കുക" ഫാദർ ജനറലിന്റെ ഗംഭീരമായ ആജ്ഞ. ഉടൻ അദ്ദേഹം കല്പന അനുസരിച്ചു. ഭീതി നിറഞ്ഞ മനസ്സാക്ഷിയുടെ ശാസനമുട്ടലിൽ നാവിന്റെ സ്വരം ഉയർന്നുവരുന്നതുപോലെ ജനറലിന്റെ വാക്കുകൾ രൂക്ഷമായി വെള്ളഭിത്തികളിൽ ആഞ്ഞടിച്ചു മാറ്റൊലിക്കൊണ്ടിരുന്നു. ബ്രദർ ജൂനിപ്പറിന്റെ കുററങ്ങളുടെ ഒരു പട്ടിക ഉയർത്തിപ്പിടിച്ചിട്ടു് അദ്ദേഹം ഓരോന്നിനെപ്പററിയും. ചില വിശദീകരണങ്ങൾ നൽകി. തേൻ കുടിക്കുന്ന മാധുര്യമാണു് അപ്പോൾ ജൂനിപ്പറിനുണ്ടായതു്. അന്യരുടെ ശകാരങ്ങൾ കേൾക്കുന്നതിലും മററുള്ളവരുടെ മുമ്പിൽവച്ചു നിന്ദിക്കപ്പെടുന്നതിലും അദ്ദേഹം ആനന്ദംകൊള്ളാറുണ്ടായിരുന്നു.

കഴിഞ്ഞു അരമണിക്കൂർ. ജൂനിപ്പർ നിന്നനിലയിൽനിന്നും ഇളകിയില്ല. പക്ഷേ ഫാദർ ജനറലിന്റെ കണ്ഠക്ഷോഭം അദ്ദേഹത്തിനുതന്നെ ഉപദ്രവകരമായിത്തീർന്നു. പ്രഭാഷണത്തിനിടയ്ക്കു് രണ്ടുമൂന്നുവട്ടം അദ്ദേഹം ചുമയ്ക്കുകയുണ്ടായി. അതവസാനിപ്പിക്കുന്നതിനുമുമ്പേ അദ്ദേഹത്തിന്റെ സ്വരം പതറിവീണു. ഒടുവിൽ സ്വരം അടഞ്ഞുപോകയും ചെയ്തു. ഫാദർ ജനറലിന്റെ സ്വരത്തിൽവന്ന അവസ്ഥാന്തരമായിരുന്നു ബ്രദർ ജൂനിപ്പറിന്റെ ചിന്താവിഷയം. അദ്ദേഹം മുട്ടിന്മേൽനിന്നുകൊണ്ടുതന്നെ അതിനുള്ള ഒരു പ്രതിവിധിയെപ്പററി ആലോചിക്കയായിരുന്നു.

ശിക്ഷയിൽനിന്നും വിമോചിതനായ ഉടനെ അദ്ദേഹം ഓടിയതു ചന്തയിലേക്കാണു്. പാൽപ്പായസത്തിനുവേണ്ട സകലസാധനങ്ങളും ശേഖരിച്ചുകൊണ്ടു് അദ്ദേഹം തിരിച്ചെത്തി. ജൂനിപ്പറിന്റെ പുതിയ സംരംഭം എന്തായിരിക്കുമെന്നു് ആർക്കും ഊഹിക്കാൻ കഴിഞ്ഞില്ല. ആരെയും സഹായത്തിനു ക്ഷണിക്കാതെ അദ്ദേഹം തനിയേ ജോലിചെയ്തു. രണ്ടു മൂന്നുമണിക്കൂറുകൊണ്ടാണു് അതു പാകപ്പെടുത്തിക്കഴിഞ്ഞതു്. അതിലുള്ള ശ്രദ്ധകൊണ്ടു് ഭക്ഷണം കഴിക്കുന്നകാര്യം പോലും അദ്ദേഹം വിസ്മരിച്ചുപോയി.

"ഇന്നു നമ്മുടെ ജൂനിപ്പറെ കണ്ടില്ലല്ലൊ!" ഒരു സഹോദരൻ ആശ്ചര്യം പ്രകടിപ്പിച്ചു. അതിനു മറെറാരു സഹോദരന്റെ മറുപടി: "ഇന്നു് ഫാദർ ജനറലിന്റെ ശകാരവും ശിക്ഷയും കണക്കിനു ഫലിച്ചു എന്നാണു തോന്നുന്നതു്. വളരെ ഉച്ചത്തിൽ സംസാരിച്ചതുകൊണ്ടു് അദ്ദേഹത്തിന്റെ തൊണ്ട ഇടറി, സ്വരം അടഞ്ഞുംപോയി." "ഈ ജൂനിപ്പർ ഒരു നല്ല മനുഷ്യനാണെങ്കിലും ഇങ്ങനെ അവിവേകം പ്രവർത്തിക്കുന്നതു കൊള്ളാമോ? ഉള്ളവൻ കൊടുക്കണം. ഇല്ലാത്തവനെന്തിനിങ്ങനെ ബദ്ധപ്പെടുന്നു?"

"അതാണു ഞാനുംപറയുന്നതു്. നമ്മുടെ സഭയ്ക്കുപോലും എന്തു കുറച്ചിലായി ഈ ജൂനിപ്പർമൂലം. അദ്ദേഹത്തെ നമ്മുടെ ജയിലിലടച്ചു സൂക്ഷിക്കയാണു വേണ്ടതു്. പുറത്തുവിട്ടാൽ ഇതിലപ്പുറം ഇനിയും ചെയ്യും. കഴിഞ്ഞ ഒരുദിവസം കുപ്പായം ആർക്കോ കൊടുത്തിട്ടു് കമ്മീസും കളസവുമായി തിരിയെവന്നതു് ഓർക്കുന്നുണ്ടോ?"

"ഓഹോ, ഓർക്കുന്നുണ്ടു്. അന്നു് അദ്ദേഹം ഒരു ഭിക്ഷുവിനോടു പറഞ്ഞു: സഹോദരാ, ഒരു ദാനവും ചെയ്തുപോകരുതെന്നു ജനറലിന്റെ കല്പനയുണ്ടു്. അതുകൊണ്ടു താൻ എന്റെ ഉടുപ്പൂരി എടുത്തുകൊള്ളുക. ആ അനുവാദം കിട്ടിയമാത്രയിൽ അയാൾ അദ്ദേഹത്തിന്റെ ഉടുപ്പിൽ പിടികൂടി. അങ്ങനെയാണു് ഉടുപ്പില്ലാതെ അദ്ദേഹം നമ്മുടെ ഭവനത്തിലേക്കു കയറിവന്നതു്. അപ്പോൾ ഫാദർ ജനറലിനുണ്ടായ കോപം ഒന്നു കാണേണ്ടതായിരുന്നു!"

"ആ മനുഷ്യനോടു് എന്തുമാത്രം കോപിച്ചാലും ഒരു ഫലവുമില്ല."

ഫാദർ ജനറലിന്റെ മുറി. രാത്രി പത്തുമണി കഴിഞ്ഞുകാണും. ഠ്-ഠ്-ഠ് എന്നൊരു ശബ്ദം. ഒരു മറുപടിയുമില്ല. മന്ദഗതിയിലുള്ള ഒരു കൂർക്കം കേൾക്കാം. ആഗതൻ ഒന്നുകൂടി ബലമായി കതകിൽ മുട്ടി. കൂർക്കം ഞെട്ടററു വീണു. "ആരതു്?" ചോദ്യം. "ഈ കതകൊന്നു തുറക്കണേ." പരിചയമുള്ള സ്വരം എന്നദ്ദേഹത്തിനു തോന്നി. എഴുന്നേററു കതകുതുറന്നു. ഒരു കൈയിൽ കത്തിച്ച മെഴുകുതിരിയും മറേറ കൈയിൽ ഒരു കോപ്പയുമായി കാത്തുനില്ക്കുന്ന ബ്രദർ ജൂനിപ്പറെയാണു ഫാദർ ജനറൽ കണ്ടതു്.

"എന്താണു ബ്രദർ ജൂനിപ്പർ?" ആ സ്വരത്തിൽ അപ്പോഴും ഒരു ശോകച്ഛായ കലർന്നിരുന്നു. ഹൃദയത്തിൽ തിങ്ങിയ സഹതാപത്തോടെ മറുപടി പറഞ്ഞു ജൂനിപ്പർ: "പിതാവേ, അങ്ങയുടെ സ്വരം ഇപ്പോഴും തെളിഞ്ഞിട്ടില്ല. ഇന്നു് എന്റെ കുററങ്ങൾക്കുവേണ്ടി എന്നെ ശാസിച്ചുകൊണ്ടിരുന്നപ്പോൾ അങ്ങയുടെ സ്വരം പതറിപ്പോകുന്നതു ഞാൻ കണ്ടു. തീർച്ചയായും അങ്ങയുടെ കണ്ഠത്തെ ഈ പാപിക്കുവേണ്ടി കൂടുതൽ ഭാരപ്പെടുത്തിയതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്. അതിനൊരു പ്രതിവിധിയുണ്ടാക്കണമെന്നുകരുതി ഞാൻ ഈ സമയംവരെയും ജോലിചെയ്യുകയായിരുന്നു. ജീരകംചേർത്ത പാൽപ്പായസമാണു ഞാൻ ചെറുചൂടോടെ കൊണ്ടുവന്നിരിക്കുന്നതു്. ഇതു കുടിച്ചാൽ അങ്ങയുടെ സ്വരംതെളിയും, ക്ഷീണം മാറുകയും ചെയ്യും." ഉള്ളിൽനിന്നും ഇരച്ചുപൊങ്ങിയ കോപം ഫാദർ ജനറലിന്റെ മുഖത്തു പടർന്നു. പ്രക്ഷുബ്ധമായ കണ്ഠനാളത്തിൽനിന്നും ഉയർന്ന ശബ്ദം തകർന്ന വീണയുടെ സ്വരംപോലെ ദയനീയമായിരുന്നു. "രാത്രിയുടെ നിശ്ശബ്ദതയിൽ നിദ്രചെയ്യുന്ന ആളുകളെ എന്തുകൊണ്ടു നിങ്ങൾ ഇങ്ങനെ ശല്യപ്പെടുത്തുന്നു?"

"കണ്ടോ! ഞാൻ പറഞ്ഞില്ലേ അങ്ങയുടെ തൊണ്ടയുടെ മാർദ്ദവം പൊയ്പ്പോയി എന്നു്. ഇതിനുമുമ്പു് അങ്ങയുടെ സ്വരം എത്ര മാധുര്യമുള്ളതായിരുന്നു! ഇപ്പോഴാകട്ടെ അതു വാൾകൊണ്ടു തടി അറക്കുന്നതുപോലിരിക്കുന്നു. അതിനാൽ വേഗം ഇതു കുടിച്ചാലും. അങ്ങേക്കുവേണ്ടിമാത്രമാണു് ഈ ബുദ്ധിമുട്ടെല്ലാം ഞാൻ ഇന്നു കഴിച്ചതു്. ഇതു കുടിച്ചാൽ അങ്ങയുടെ തൊണ്ട തെളിഞ്ഞുകിട്ടുമെന്നുള്ളതു തിട്ടം."

"പോകൂ നിങ്ങളുടെ വഴിക്കു്!

---

പത്രംതന്നെ ഈയിടെ അവർ ആരംഭിച്ചിരിക്കയാണു്. വിലങ്ങിടത്തിൽ കഴിയുന്ന ഈ സഹോദരങ്ങൾ നമ്മുടെയും പ്രാർത്ഥനയ്ക്കു സദാ വിഷയീഭവിക്കേണ്ടവരാകുന്നു എന്നു നാം വിസ്മരിച്ചുകളയരുതു്.

ഈ അസമയത്തു് ഒന്നും കഴിക്കുവാൻ നിശ്ചയിച്ചിട്ടില്ല ഞാൻ."

അപ്പോഴും സുസ്മേരവദനനാണു ജൂനിപ്പർ. ഒരടി മുമ്പോട്ടുവച്ചില്ല അദ്ദേഹം. മറ്റൊരു ചിന്തയാണു് അദ്ദേഹത്തിന്റെ മനസ്സിൽ കടന്നതു്. ജൂനിപ്പർ പറഞ്ഞു: "എന്നാൽ പിതാവേ, എന്റെ അഭ്യർത്ഥനയും നിർബന്ധവും അങ്ങു സ്വീകരിക്കയില്ലയെങ്കിൽ അങ്ങു് എനിക്കു് ഒരുപകാരം ചെയ്തുതരുമോ?" ഫാദർ ജനറലിന്റെ ഹൃദയത്തിലേക്കു തുളച്ചുകടന്നു ആ വിനീതയാചന. കണ്ണുനീർക്കണങ്ങൾ തുടച്ചുകൊണ്ടു് അദ്ദേഹം ചോദിച്ചു: "സഹോദരാ, ഞാനെന്തുചെയ്യണമെന്നാണു പറയുന്നതു?"

"അങ്ങേക്കുവേണ്ടി ഉണ്ടാക്കിയ ഈ പായസം അങ്ങു കുടിക്കയില്ലെന്നു ശഠിക്കയാണല്ലോ. അതുകൊണ്ടു് ഈ മെഴുകുതിരി അങ്ങു പിടിച്ചുകൊള്ളുക. ആ വെളിച്ചത്തിൽ ഞാൻ ഇതു കുടിച്ചുകൊള്ളട്ടെ."

ഫാദർ ജനറൽ പരാജിതനായി ബ്രദർ ജൂനിപ്പറിന്റെ വിനയത്തിന്റെയും നിഷ്കളങ്കതയുടെയും മുമ്പിൽ. അദ്ദേഹം പറഞ്ഞു: "എന്നാൽ സഹോദരാ, ആ തിരി നിലത്തുറപ്പിച്ചുവയ്ക്കുക. നമുക്കിരുവർക്കും കൂടി അതു കുടിക്കാം." സന്തോഷഭരിതരായി ഇരുവരും നിലത്തിരുന്നു.

## വിനോദവീഥി




വാദ്ധ്യാർ: "എന്നതാടാ വാദ്ധ്യാരു വന്നപ്പം ചിരിക്കുന്നേ?"
കുട്ടി: "അയ്യോ! സാറിനെ കണ്ടോണ്ടല്ല."
വാദ്ധ്യാർ: "പിന്നെ വേറെ എന്നാ ഒണ്ടടാ ഇവിടെ ചിരിക്കാൻ?"

* * *



"ഹലോ! ബസ്സ്സ്റ്റാൻറുവരെ ഞാൻകൂടെ വരട്ടെ!!"

* * *

ഫ്രാൻസിലെ ഒരു കത്തോലിക്കാ കവികുഞ്ജരനായിരുന്ന പോൾ ക്ലോദേ മരണാസന്നനായി കിടക്കുകയായിരുന്നു. അദ്ദേഹത്തിനു് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനിൽനിന്നു് ഇപ്രകാരമൊരു കമ്പി കിട്ടി. "നിങ്ങൾ മരിക്കയാണെന്നറിയുന്നതിൽ വളരെ ദുഃഖം. സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ എന്നെക്കൂടി ഓർക്കണമെ."

ക്ലോദേ ഇപ്രകാരം മറുപടി അയച്ചു: "നിർദ്ദേശത്തിനു നന്ദി. ഞാനെന്റെ മരണയുടുപ്പിൽ ഒരു കെട്ടിട്ടേക്കാം."

* * *

കാരാഗൃഹത്തിലെ ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ ഒരു തടവുപുള്ളി എഴുന്നേറ്റു് "62" എന്നു പറഞ്ഞു. എല്ലാവരും ചിരിച്ചു. പിന്നെ അയാൾ "74" എന്നു പറഞ്ഞു. അപ്പോഴും ചിരിച്ചു എല്ലാവരും. അന്നുവന്ന ഒരു പുതിയ തടവുകാരനു കാര്യം മനസ്സിലായില്ല. ഒരു പഴമക്കാരൻ സംഗതികൾ ഇങ്ങനെ വിശദമാക്കി. "ഞങ്ങൾക്കിവിടെ "വിനോദവീഥി" എന്ന പേരിൽ ഒരു തമാശപുസ്തകമുണ്ടു്. അതിൽ തമാശകൾക്കു നമ്പരിട്ടിരിക്കയാണു്. എല്ലാവർക്കും അവ കാണാതറിയാം. അതുകൊണ്ടു് നമ്പർ കേട്ട ഉടൻ തമാശോർത്തു അവർ ചിരിക്കയാണു് ചെയ്തതു്."

പുതിയ തടവുപുള്ളി ആ പുസ്തകമെടുത്തു് അതിലെ ഏറ്റവും നല്ല തമാശകൾ എന്നു തോന്നിയ രണ്ടുമൂന്നെണ്ണം അടയാളപ്പെടുത്തിവച്ചു. പിറേറദിവസം ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ അയാൾ എഴുന്നേററുനിന്നു് സഗൗരവം പറഞ്ഞു: "54". ആരും ചിരിച്ചില്ല. അയാൾ നിരാശപ്പെടാതെ, "30" എന്നു പറഞ്ഞു. എന്നിട്ടും ഫലം തഥൈവ. വീണ്ടും "46" എന്നു തട്ടിമൂളിച്ചു. ആരുടേയും മുഖത്തു പുഞ്ചിരി നിഴലിക്കുന്നതായിപ്പോലും കണ്ടില്ല. അയാൾ വിയർക്കാൻ തുടങ്ങി. അവർ ഇങ്ങനെ നിസ്സഹകരണമനുഷ്ഠിക്കാനുള്ള കാരണമന്വേഷിച്ചപ്പോൾ ഒരു വൃദ്ധൻ അയാളെ ഇപ്രകാരം ആശ്വസിപ്പിച്ചു: "മോൻ അതുകൊണ്ടു കുണ്ഠിതപ്പെടേണ്ട. ചിലർക്കുമാത്രമേ തമാശു് പറയാനറിയാവൂ. ചിലർക്കു ഒട്ടും അറിഞ്ഞുകൂടാ."

ആദ്ധ്യാത്മികവീഥി (4)

# നമ്മുടെ രക്ഷ സുനിശ്ചിതമാക്കാം

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവമക്കളെന്ന ന്യായത്താൽ തന്നെ, ദൈവത്തോടു നിവൃത്തിയുള്ളിടത്തോളം അനുരൂപരാകുന്നതിനായി നാം ശ്രമിക്കേണ്ടതാണെന്നു് കഴിഞ്ഞയാഴ്ചയിൽ പറഞ്ഞല്ലോ. ഇനി നമ്മുടെ സ്വന്ത ഗുണം ആലോചിച്ചു നോക്കിയാലും പുണ്യപൂർണ്ണതയ്ക്കായിട്ടുള്ള ശ്രമം എത്ര ഉപകാരപ്രദമാണെന്നു മനസ്സിലാക്കാം.

ചിലയാളുകൾ പറഞ്ഞുകേട്ടിട്ടുണ്ടു്: "എനിക്കു് സ്വർഗ്ഗത്തിൽ ഒരു കോണോ മൂലയോ വല്ലതും കിട്ടിയാൽ മതി; അതിനു പത്തുപ്രമാണങ്ങളും ശുദ്ധ: പള്ളിയുടെ കല്പനകളും ഞാൻ കാത്തുകൊള്ളാം; അതിനപ്പുറമൊന്നും ആവശ്യമില്ല" എന്നു്.

അവർ പറയുന്നതു തത്വത്തിൽ ശരിയാണു്. പ്രമാണങ്ങൾ കാക്കുന്നവർക്കു സ്വർഗ്ഗം കൊടുത്തുകൊള്ളാമെന്നു നമ്മുടെ കർത്താവിന്റെ വാക്കുതന്നെയുണ്ടു്. സത്യസ്വരൂപനായ അവിടുത്തെ വിശ്വസിക്കാമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പക്ഷേ ഒരു സംഗതി നാം വിസ്മരിക്കരുതു്. പ്രമാണങ്ങൾ ഒന്നോ രണ്ടോ അല്ല, എല്ലാം കാക്കുന്നവർക്കുമാത്രമേ നിത്യരക്ഷ വാഗ്ദാനം ചെയ്തിട്ടുള്ളു. അവയിൽ ഒരെണ്ണമെങ്കിലും ലംഘിക്കയും അതേപ്പററി പരിതപിക്കാതിരിക്കയും ചെയ്യുന്ന ആളിനു സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടായിരിക്കയില്ല. നമുക്കു അനുഭവംകൊണ്ടറിയാം ചില പ്രമാണങ്ങൾ, പ്രത്യേകിച്ചു ശുദ്ധതയെ സംബന്ധിച്ചവ കാക്കാൻ താരതമ്യേന കൂടുതൽ വിഷമമുണ്ടെന്നു്. ഇന്നത്തെ ദുഷിച്ച ലോകത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ചു കൂടുതൽ ശ്രദ്ധയും മുൻകരുതലുകളും ഉണ്ടെങ്കിലേ അപകടത്തിൽ പെടാതെ കഴിക്കാൻ സാധിക്കയുള്ളു.

സത്യസന്ധതയുടെയും നീതിയുടെയും കാര്യത്തിലും സാമാന്യത്തിൽകവിഞ്ഞ മനക്കരുത്തില്ലെങ്കിൽ കുഴപ്പത്തിൽ ചാടും. "നാടോടുമ്പോൾ നടുവേ" എന്ന പ്രമാണം കാക്കാൻ വളരെ എളുപ്പമുണ്ടു്. നമ്മുടെ കിഴക്കേകടയിലും പടിഞ്ഞാറേകടയിലും കരിഞ്ചന്തക്കച്ചവടം വളരെ വിജയകരമായി നടക്കുമ്പോൾ നിഷ്പ്രയാസം ലഭിക്കാവുന്ന വൻലാഭം ഉപേക്ഷിച്ചു നാം മാത്രം സത്യസന്ധരായി നീതിപൂർവ്വം കച്ചവടം ചെയ്യാമെന്നു തീരുമാനിക്കുക കുറെ പ്രയാസമാണു്.

നമ്മുടെ സ്വഭാവച്ചാച്ചിലുകൾക്കും സാധാരണ ലോകഗതിക്കും കടകവിരുദ്ധമായി ജീവിച്ചുകൊണ്ടു പ്രമാണങ്ങളെല്ലാം കൃത്യമായി കാക്കാൻ വെറും ആഗ്രഹമോ പ്രതിജ്ഞയോ മാത്രം പോരാ. ദൈവത്തിന്റെ പ്രത്യേക സഹായംതന്നെ അത്യന്താപേക്ഷിതമാണു്. പ്രസ്തുത സഹായവരം പ്രാപിക്കണമെങ്കിൽ അവയ്ക്കുള്ള പോംവഴി സ്വീകരിക്കണം, ആ പോംവഴികൾ നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ പ്രാർത്ഥനയും, തപസ്സും, വി. കൂദാശകളുടെ അടുക്കലടുക്കലുള്ളതും തക്കൊരുക്കത്തോടുകൂടിയതുമായ സ്വീകരണവുമാണു്. ഈ പോംവഴികൾ എല്ലാംതന്നെയാണല്ലോ പുണ്യപൂർണ്ണത പ്രാപിക്കാൻ ശ്രമിക്കുന്നവരും ഉപയോഗിക്കുന്നതു്. അതിനാൽ സ്വർഗ്ഗത്തിന്റെ ഒരു കോണുമാത്രം കിട്ടിയാൽ മതിയെന്നു വിചാരിക്കുന്നയാളുകൾക്കുപോലും പുണ്യപൂർണ്ണതയ്ക്കുള്ള ശ്രമം അത്യന്താപേക്ഷിതമാണെന്നു സിദ്ധിക്കുന്നു.

ചുരുക്കത്തിൽ കല്പിക്കപ്പെട്ടിട്ടുള്ളതുമാത്രം ചെയ്താൽ മതിയെന്നു കരുതുന്നയാളിനു പ്രായോഗികമായി അതു സാധിക്കണമെങ്കിൽ കല്പിക്കപ്പെട്ടതിനെക്കാൾ കുറെ കൂടുതൽ വല്ലതും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ സാമാന്യജീവിതത്തിൽ എല്ലായ്പോഴും അങ്ങനെയൊരു നോട്ടത്തോടുകൂടിയാണു നാം പ്രവർത്തിക്കുന്നതു്. ഒരു യാത്രയ്ക്കു പുറപ്പെടുമ്പോൾ കണക്കുകൊണ്ടു രണ്ടു രൂപായേ ചെലവുവരുകയുള്ളു എന്നു കണ്ടാലും നിവൃത്തിയുണ്ടെങ്കിൽ കുറെക്കൂടി കൂടുതൽ പണം കരുതും. വല്ല കാരണവശാലും ഉദ്ദേശിച്ചതിൽ കൂടുതൽ താമസിക്കേണ്ടിവരുകയോ, അല്ലെങ്കിൽ കരുതിപ്പോയ കാര്യം കാണുന്നതിനു മറെറാരു സ്ഥലത്തേക്കുകൂടി പോകേണ്ടിവരുകയോ മറേറാ ചെയ്യുന്നതായാൽ കൂടുതലായി എടുത്ത പണം അതിനു ഉപകരിപ്പിക്കുവാൻ സാധിക്കും. ഒരു കുപ്പിയടപ്പാനായി ഒരു കോക്കെടുക്കുമ്പോൾ കുപ്പിയുടെ വാവട്ടത്തെക്കാൾ കുറെക്കൂടി വണ്ണംകൂടിയ കോക്കല്ലെ നാം എടുക്കുകയുള്ളു? കൃത്യമളവു പിടിച്ചാൽ കോക്കു കുപ്പിക്കകത്തു ചാടാനാണെളുപ്പം. ഒരു വിഷയത്തിനു 35 ശതമാനം മാർക്കുകിട്ടിയാൽ ജയിക്കുമെന്നുവച്ചു് വല്ല വിദ്യാർത്ഥിയും പഠിക്കാനുള്ള പാഠങ്ങളുടെ 35 ശതമാനംമാത്രം പഠിച്ചുകൊണ്ടു് പരീക്ഷയ്ക്കുപോകാൻ മുതിരുമോ? അങ്ങനെ വല്ല വിഡ്ഢിയും ചെയ്യുന്നപക്ഷം അവന്റെ തോൽവി ഏറെക്കുറെ നിശ്ചയമായിരിക്കുമെന്നു പറയാം.

നേരെമറിച്ചു് ഒരു 75 ശതമാനം മാർക്കെങ്കിലും കിട്ടണമെന്നു വിചാരിച്ചു പാഠങ്ങളെല്ലാം ഉത്സാഹപൂർവ്വം പഠിക്കുന്ന വിദ്യാർത്ഥിക്കു പക്ഷേ അയാൾ ഉദ്ദേശിച്ചിടത്തോളം മാർക്കു കിട്ടിയില്ലെങ്കിലും പാസ്സാകാൻ സാധിക്കുമെന്നുള്ളതിൽ ഒരു സംശയവുമില്ല. അതുപോലെ ആദ്ധ്യാത്മികജീവിതം നിവൃത്തിയുള്ളിടത്തോളം അതിന്റെ പരിപൂർണ്ണതയിൽ നയിക്കണമെന്നുദ്ദേശിച്ചു പരിശ്രമിക്കുന്നവർക്കു സ്വർഗ്ഗത്തിൽ കയറിപ്പററാൻ സാധിക്കുമെന്നുള്ളതിനെപ്പററി അല്പംപോലും സംശയിക്കേണ്ട ആവശ്യമില്ല. അതു ചില്ലറക്കാര്യമാണോ? നമ്മുടെ പിതാവായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

തൈക്കാട്ടുമൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

## ആരോഗ്യപംക്തി

### ദന്തരോഗവും കാരണങ്ങളും

(ഡോ. ജോൺ, വലിയകുളങ്ങര)

ശാസ്ത്രം മനുഷ്യനെ പുരോഗതിയിലേക്കു് ആനയിച്ചുകൊണ്ടിരിക്കുന്നു. അതേസമയം ചില അജ്ഞതകളെ ദൂരീകരിക്കുന്നുമുണ്ടു്. രോഗങ്ങളുടെ കാര്യത്തിൽ, പൂർവ്വികന്മാർ ചില മാമൂലുകൾ പറഞ്ഞുപരത്തിയിട്ടുണ്ടു്. ദന്തരോഗത്തെ സംബന്ധിച്ചും ചില അജ്ഞതകളില്ലാതില്ല. പല്ലുവേദനയ്ക്കു കാരണം തലനീരാണെന്നു് ഒരുകൂട്ടർ വാദിക്കുന്നു. അതിനു അക്കൂട്ടർ എണ്ണ തേപ്പിക്കുകയും കഷായം കുടിപ്പിക്കുകയും ചെയ്യുന്നു. ചിലർ പുഴ വിലക്കുന്നവരായും രൂപാന്തരപ്പെട്ടിട്ടുണ്ടു്. എന്നാൽ പല്ലുവേദനയുടെ ഉത്ഭവം ഇപ്രകാരമൊന്നുമല്ലെന്നും, അതിനു സാങ്കേതികമായ ചില കാരണങ്ങളുണ്ടെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പല്ലിന്റെ തേയ്മാനത്തിനു കാരണം നമ്മുടെ ഭക്ഷണത്തിലെ കാത്സ്യത്തിന്റെ (Calcium) അഭാവമാണു്. ഈ തേയ്മാനം പരിഹരിക്കാനുള്ള ഉപാധി കാത്സ്യം അടങ്ങിയിട്ടുള്ള ഭക്ഷണസാധനങ്ങൾ കഴിക്കുകയെന്നുള്ളതാണു്. തേഞ്ഞ പല്ലിനു ചൂടും തണുപ്പും ഏൽക്കുമ്പോൾ പുളിപ്പു് അനുഭവപ്പെടുന്നു. ഈ സന്ദർഭത്തിൽ പുളിപ്പിനു് ചികിത്സകനെ സമീപിക്കാവുന്നതാണു്. എന്നാൽ നമ്മുടെ നാട്ടുകാർ ഈയവസരത്തിൽ "മുറുക്കു്" ആരംഭിക്കുകയാണു് പതിവു്. ഈ പ്രവൃത്തി വൃത്തിഹീനവും വ്യയഹേതുകവും ആരോഗ്യത്തെ ഹനിക്കുന്നതുമാണു്. മുറുക്കു് മനുഷ്യനെ ക്യാൻസർ (Cancer) മുതലായ രോഗങ്ങളിലേക്കു ആനയിക്കുന്നു.

#### പല്ലുവേദനയും നിവാരണമാർഗ്ഗങ്ങളും

സാധാരണ പല്ലുവേദനയുടെ ഉത്ഭവം ഇങ്ങനെയാണു്: ഏതെങ്കിലും ഘനമേറിയ പദാർത്ഥങ്ങൾ കടിക്കുമ്പോൾ പല്ലിന്റെ ഇനാമൽ (Enamel) നഷ്ടപ്പെടുന്നു. ഇനാമൽ നഷ്ടപ്പെട്ട ഭാഗത്തു പുളിപ്പു തോന്നുകയും പിന്നീടവയിൽ ഭക്ഷണപദാർത്ഥങ്ങൾ കയറിയിരുന്നു ഒരു ചെറിയ ദ്വാരമായിത്തീരുകയും ചെയ്യുന്നു. ഈ സമയത്തു മധുരപലഹാരങ്ങൾ പ്രസ്തുത ദ്വാരങ്ങളിലിരുന്നാൽ പുളിപ്പു് അനുഭവപ്പെടുന്നു. ഇപ്രകാരം ചെറിയ ദ്വാരങ്ങളുള്ളവർ ദന്തവൈദ്യനെ സമീപിച്ചു് പല്ലിലെ ദ്വാരം അടപ്പിക്കുന്നതു് ഉത്തമവും ആശാസ്യവുമായ പ്രവൃത്തിയാണു്. ഈ സന്ദർഭത്തെ അവഗണിക്കുന്നവരുടെ പല്ലിൽ ക്രമേണ ഭക്ഷണസാധനങ്ങൾ കയറിയിരുന്നു്, അവ ആ ദ്വാരം വലുതാക്കി ദന്തമജ്ജ (Dentin) നശിപ്പിച്ചു് പല്ലിലെ രക്തനാഡികൾ സ്ഥിതിചെയ്യുന്നിടത്തു് ചെന്നെത്തുന്നു. ഇപ്പോഴായിരിക്കും പല്ലുവേദന അനുഭവപ്പെടുന്നതു്. പ്രസ്തുത സന്ദർഭങ്ങളിൽ ചികിത്സകനെസമീപിച്ചുപല്ലടപ്പിക്കാതെ, ബസ്സ്റ്റാൻറിലും നാലുംകൂടിയ കവലയിലും റെയിൽവേസ്റ്റേഷനിലും കാണുന്ന ചില "വയററിപ്പിഴപ്പുകാരു"ടെ പുഴുപ്പിക്കുന്ന മരുന്നും വാങ്ങി ഉപയോഗിച്ചു് വേദന മാറാതെ കഷ്ടപ്പെടുന്നവരും ഇല്ലാതില്ല. പല്ലു് പുഴതിന്നുന്നു എന്നു പറയുന്നതുതന്നെ തെററാണു്.

ഈ അവസരത്തിൽ പല്ലുകൾ അടയ്ക്കുന്നതിനു നാം തയാറാകുന്നില്ലെങ്കിൽ പല്ലിനുള്ളിലെ ഞരമ്പു ചീഞ്ഞു്, ആഹാരസാധനങ്ങൾകൊണ്ടു് നിറഞ്ഞു്, പല്ലിന്റെ വേരിനടിയിൽ അടിഞ്ഞുകൂടി പഴുപ്പായിത്തീരുന്നു. ഇങ്ങനെയുള്ള വ്യക്തികൾക്കു് വേദനയും നീരും അനുഭവപ്പെടുന്നു. കൂടാതെ നമ്മുടെ ആരോഗ്യത്തിന്റെ ഒരു പ്രധാന പങ്കു വഹിക്കുന്ന ഒരു അവയവം നഷ്ടപ്പെടുത്തുന്നതിനുംകൂടി നാം നിർബന്ധിതരാവുകയും ചെയ്യുന്നു.

വേറെ കാരണങ്ങളാലും പല്ലിനു കേടു സംഭവിക്കാവുന്നതാണു്. അതിയായ ചൂടും തണുപ്പും പല്ലിനു ഹാനികരമാണു്. ഐസ്ഫ്രൂട്ട് തിന്നുന്നതും അതിയായ ഭാരം തട്ടുന്നതും പല്ലിന്റെ ആരോഗ്യത്തിനു പററിയതല്ല. മനുഷ്യരാശിക്കു് ആരോഗ്യത്തേയും മുഖപ്രസന്നതയേയും ആനന്ദത്തേയും പ്രദാനംചെയ്യുന്ന ദന്തനിരകളുടെ കാര്യത്തിൽ മാമൂലുകളുടെ മറയെല്ലാം ഇന്നത്തെ ഉൽബുദ്ധരായ ജനത വലിച്ചെറിഞ്ഞുകൊണ്ടിരിക്കുന്നു.

---

### ഹോളണ്ടുരാജ്യത്തിലെ കാർഷികവിദ്യാഭ്യാസം

ഹോളണ്ടു് ഒരു ചെറിയ രാജ്യമാണു്. എന്നാൽ അത്ഭുതാവഹമായ അവിടത്തെ കാർഷികോല്പാദനസമൃദ്ധി സർവ്വലോകത്തിന്റെയും പ്രശംസയ്ക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്നു. കർഷകവൃത്തി സംബന്ധിച്ചു് അവിടത്തെ ജനങ്ങൾക്കു നൽകപ്പെട്ടുവരുന്ന വിദ്യാഭ്യാസമത്രെ ഈ അഭിവൃദ്ധിക്കു നിദാനം. ആദ്യംതന്നെനാലുകൊല്ലത്തേക്കുള്ള ഒരു പ്രാഥമികവിദ്യാഭ്യാസം കൃഷിസംബന്ധിച്ചു നൽകപ്പെടുന്നു. അത്തരം 202 വിദ്യാലയങ്ങളുണ്ടു്. അനന്തരം സാധാ

രണ്ടാതരമായ സെക്കൻഡറി വിദ്യാഭ്യാസം ഏതൽസംബന്ധമായി രണ്ടുകൊല്ലത്തേക്കു ദീർഘിക്കുന്നു. അതുകഴിഞ്ഞാൽ ആവശ്യംപോലെ സ്പെഷ്യൽ സെക്കണ്ടറിസ്കൂൾ പരിശീലനം നൽകുന്നുള്ള വിദ്യാലയങ്ങളും പലതുണ്ട്. ഇങ്ങനെ 6 കൊല്ലത്തെ പരിശീലനം പൂർത്തിയാക്കുന്നവർക്കു അഗ്രികൾച്ചറൽ എൻജിനീയർ എന്ന ബിരുദം സിദ്ധിക്കുന്നു. ഇതിനെല്ലാം പുറമേ രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി ഗവണ്മെണ്ടും ജനങ്ങളും ഏർപ്പെടുത്തുന്ന മാതൃകാകൃഷിത്തോട്ടങ്ങളുമുണ്ട്. ചുരുക്കത്തിൽ തികച്ചും ശാസ്ത്രീയമായ രീതിയിലാണ് ഹോളണ്ടിലെ കൃഷിജോലികൾ സമസ്തവും നടക്കുന്നതു്. തന്നിമിത്തം ചുരുങ്ങിയ ചെലവിൽ, കുറച്ചുസ്ഥലത്തുനിന്നു് അധികംവിളവു ഉല്പാദിപ്പിക്കാൻ അവർക്കു സാധിക്കുന്നു.

---

ഫാത്തിമാമാതാവു്, വി. അന്തോനീസു്, വി. കൊച്ചുത്രേസ്യാ എന്നിവരുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും സുഖക്കേടു് മാറിക്കിട്ടിയതിനു് ഉപകാരസ്മരണ.

മിസ്സസ് ഇട്ടൂപ്പ്, ചാലക്കുടി

---

# പുസ്തകാഭിപ്രായം

## തകന്നഹൃദയം

(ഒരു സംഗീതനാടകം. പക്ഷം 60. വില 6ണ. ആലുവാ കാത്തലിക്ക് ആക്ഷൻ ക്ലബ്ബുകാരാൽ വിരചിതം. എസ്. എച്ച്. ലിഗ്, അപ്പസ്തോലിക്ക് സെമിനാരി, ആലുവാ)

രാജൻ എന്ന ഒരു കോളേജു വിദ്യാർത്ഥിയുടെ ജീവിതപരാജയമാണു് ഈ നാടകത്തിന്റെ കഥാവസ്തു. സഹപാഠികളുടെ ദുഷ്പ്രേരണകൾക്കു വിധേയനായി രാജൻ കോളേജിൽ ഒരു പണിമുടക്കിനു വട്ടംകൂട്ടി. കോളേജിൽനിന്നു ഡിസ്മിസ് ചെയ്യപ്പെട്ട രാജൻ സ്വഭവനത്തിൽവന്നു സഹോദരന്റെ പക്കൽനിന്നു തന്റെ ഓഹരി മുഴുവനും വാങ്ങി തന്റെ കൂട്ടുകാരോടുകൂടി സിനിമാക്കമ്പനി, സർക്കസ്സ് മുതലായവ നടത്തുകയും നിയമസഭാതിരഞ്ഞെടുപ്പിനുനിന്നു പരാജയംവരിക്കുകയും ചെയ്യുന്നു. അവസാനം തന്റെ കൂട്ടുകാരിൽ ഒരാളെ വധിച്ചു ദീർഘമായ ജയിൽശിക്ഷ അനുഭവിച്ചശേഷം ഭിക്ഷുവായി സ്വഭവനത്തിൽ എത്തിച്ചേരുകയും അവിടെ വത്സലനായ സഹോദരൻ രാജനെ സ്വീകരിക്കുകയും ചെയ്യുന്നതാണു് അന്ത്യരംഗം. ധൂർത്തപുത്രനു തുല്യമായ ഒരു ധൂർത്തസഹോദരന്റെ ജീവിതകഥനമാണു് തകന്നഹൃദയം. സ്വഭാവചിത്രണത്തിലുംമററും ഇനിയും പോളിഷു വരുത്താവുന്ന വശങ്ങൾ വിമർശകർ ഈ ചെറുനാടകത്തിൽ കണ്ടേക്കാമെങ്കിലും, സംഭാഷണങ്ങൾക്കുള്ള ഓജസ്സും ആദ്യന്തം ദൃശ്യമാകുന്ന സജീവരംഗങ്ങളും ഈ നാടകത്തെ ആകർഷകമാക്കിയിട്ടുണ്ടു്. ആലുവാ കാത്തലിക്ക് ആക്ഷൻ ക്ലബ്ബുകാർ തകന്നഹൃദയംവഴി ബഹിഃപ്രദർശിപ്പിച്ചിരിക്കുന്ന സാമുദായികമ്ലേച്ഛതകൾ നാടകാഭിനയസമയത്തു പലരേയും ഇരുത്തിച്ചിന്തിപ്പിക്കുന്നതാണു്. ഇടവകകളിൽ അഭിനയിക്കാവുന്ന ഒരു കഥയാണു് തകന്നഹൃദയം. ആലുവാ കാത്തലിക്ക് ആക്ഷൻ ക്ലബ്ബുകാർക്കും പ്രസാധകർക്കും അനുമോദനങ്ങൾ.

T. M.

# ഡോക്ടർ കരിയാററിയുടെ ചരമദിനസ്മരണ

(മോൺ. ജോൺ കച്ചിറമററം)

മഹാന്മാരെ തലമുറകൾ വിസ്മരിക്കുകയെന്നതു് ചരിത്രസംഭവമല്ല. ഏകദേശം രണ്ടു നൂററാണ്ടുകൾക്കുമുമ്പു് ജീവിച്ചു്, അതുല്യമായവിധം സമുദായസേവനം അനുഷ്ഠിച്ചു്, അവിചാരിതമായി ഗോവയിൽവച്ചു് മരണംപ്രാപിച്ച ഡോക്ടർ കരിയാററിയുടെ ചരമദിനം സെപ്റ്റംബർ പത്താം തീയതിയാണു്. ഈ മഹാപുരുഷന്റെ പൂജ്യാവശിഷ്ടങ്ങൾ വിശ്രമംകൊള്ളുന്നതു് പഴയ ഗോവയിലുള്ള ഭദ്രാസനദേവാലയത്തിന്റെ മദ്ബഹായുടെ വടക്കുഭാഗത്താണു്. കഴിഞ്ഞ ഡിസംബർ 4-ാംനു പ്രഭാതത്തിൽ അഭിവന്ദ്യതിരുമേനി മാർ മാത്യു കാവുകാട്ടും ഡോക്ടർ സെബാസ്റ്റ്യൻ വയലിലും അവരുടെ മുൻഗാമിയുടെ കബറിടത്തുങ്കൽ "ഒപ്പീസു" എത്തിക്കുകയുണ്ടായി. ഏയെസ്പ്റ്റാ്ക്കായ ആ ദിവ്യചടങ്ങിൽ പങ്കുകൊള്ളുവാൻ എനിക്കും ഭാഗ്യം സിദ്ധിച്ചു അതിനുശേഷം, "ഡോക്ടർ കരിയാററിൽ മെത്രാപ്പോലീത്താ 1786 സെപ്റ്റംബർ 10-ാംനു ദിവംഗതനായി" എന്നു് പോർത്തുഗീസ്ഭാഷയിൽ ലേഖനംചെയ്തിരുന്ന ഭാഗം വായിക്കുവാനിടയായി. പൂർവ്വസ്മരണകളെ ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായിരുന്നു ആ വാക്കുകൾ.

പൂർവ്വികന്മാരോടുള്ള കടപ്പാടു് നിറവേററാതിരിക്കുന്നതു് പലപ്പോഴും കുടുംബങ്ങളുടേയും വ്യക്തികളുടേയും ശാപകാരണമായിത്തീരാറുണ്ടല്ലോ. ഡോക്ടർ കരിയാററിയുടെ മിഷൻ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ ഭിന്നിപ്പു് അവസാനിപ്പിക്കുകയെന്നതായിരുന്നു. അതിനുവേണ്ടിയാണു് ക്ലേശകരവും അപകടസമ്പൂർണ്ണവുമായ റോമ്മായാത്ര രണ്ടാം പ്രാവശ്യവും അദ്ദേഹം കഴിക്കുവാനിടയായതു്. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നുള്ള അഭിവാഞ്ഛയോടുകൂടി അന്നു്, ഭിന്നവകുപ്പിന്റെ നേതാവായിരുന്ന ആറാം മാർത്തോമ്മാ ഡോക്ടർ കരിയാററിയെ സമീപിക്കുകയും, തൽക്കാര്യസാദ്ധ്യത്തിനായി ഏതു ക്ലേശവും സഹിക്കുവാൻ താൻ സന്നദ്ധനാണെന്നു് മറുപടി നൽകുകയും ചെയ്യുകയുണ്ടായി. പോർട്ടുഗൽ രാജ്ഞിയുടെ അഭിലാഷമനുസരിച്ചു് ഡോക്ടർ കരിയാററിയെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു് ഉയർത്തുകയുംചെയ്തു.

കേരളസഭയുടെ ഇന്നത്തെ അതിഗൗരവമായ പ്രശ്നം ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളെ വിശ്വാസത്തിന്റെ ഐക്യത്തിലേക്കു് പുനരാനയിക്കുകയെന്നുള്ളതാണു്. അവരുടെയെന്നതുപോലെ നമ്മുടേയും ആത്മരക്ഷയ്ക്കും സഭയുടെ വളർച്ചയ്ക്കും ഈ കൃത്യനിർവ്വഹണം ഒരുപോലെ പ്രയോജനപ്പെടുമെന്നാണു് എന്റെ വിശ്വാസം. മിഷൻചൈതന്യത്തിൽ അടിക്കടി വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന കേരളസഭ പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കായി പരിശ്രമിക്കുന്നതു്, നമ്മുടെ പൂർവ്വികനും പുനരൈക്യകവാടം വെട്ടിത്തുറക്കുവാൻ അശ്രാന്തപരിശ്രമംചെയ്ത പുണ്യശ്ലോകനുമായ ഡോക്ടർ കരിയാററിയോടുള്ള അവരുടെ കടപ്പാടിനെ നിറവേററുവാനുംകൂടിയാണു്. ആ വന്ദ്യപുരുഷൻ നമ്മുടെ ഇംഗിതങ്ങളെ സ്വർഗ്ഗത്തിൽനിന്നു് ആശീർവദിക്കുമെന്നുള്ളതും തീർച്ചതന്നെ.


നമ്മുടെ വീരനേതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ പരിതാപകരമായ പൂർവ്വസ്ഥാവായിൽ വിസ്മരിക്കപ്പെടുന്നതു് കൃതഘ്നതയും അഭിമാനഭംഗവുമായിരിക്കും. ഭിന്നസഹോദരങ്ങളുടെ പുനരൈക്യം ആഗ്രഹിക്കുന്ന ഏതൊരുത്തനും ആ വന്ദ്യപിതാവിന്റെ സാമീപ്യവും സഹവാസവും ശക്തിയേറിയ പ്രേരണ നൽകാതിരിക്കുകയില്ല. "ആവിലിക്കു മകുടംചാർത്തൽ" എന്ന ശീർഷകത്തിൽ 1952 ഡിസംബർ 24-ാംനു ഈ ആശയം വ്യക്തമാക്കിക്കൊണ്ടു് "സത്യദീപ"പത്രത്തിൽ ഒരു ലേഖനം ഈ ലേഖകൻ എഴുതിയിരുന്നു. പിന്നീടു് വൈദികരും അവൈദികരുമായി അനേകർ ആ കാര്യംസംബന്ധിച്ചു് സംസാരിക്കുകയുണ്ടായി. മലബാർ മെയിൽ സ്പെഷലിൽ ഡിസംബർ 28-ാം തീയതി ഡോക്ടർ കരിയാററിയെ സംബന്ധിച്ചു് റവ. ഡോക്ടർ ഏററുമാനൂക്കാരൻ എഴുതിയിരുന്ന ലേഖനവും ഇക്കാര്യം വ്യക്തമാക്കിയിരുന്നു: "അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ഇന്നും ഗോവയിൽ ഒരു മൂലയിൽ വിശ്രമിക്കുന്നു. സ്മാരകങ്ങൾ സ്ഥാപിക്കുന്നതിൽ അതീവതാല്പര്യം പ്രകടിപ്പിക്കുന്ന കേരള കത്തോലിക്കർ മാർ ജോസപ്പിന്റെ അവശിഷ്ടങ്ങൾ കേരളത്തിലേക്കു് കൊണ്ടുപോരുന്നതിനു ശ്രമിക്കാത്തതു് അത്ഭുതാവഹം തന്നെ."

പതിയിൽ ശ്രീമാൻ എബ്രാഹം ഇതുസംബന്ധിച്ചു് ചെയ്തിരുന്ന പ്രസ്താവനയും പത്രപംക്തികളിൽ വായിക്കുകയുണ്ടായി.

പുനരൈക്യദൂതനായിരുന്ന ഡോക്ടർ കരിയാററിയുടെ ചരമദിനമായ ഈ പത്താംതീയതി കേരളകത്തോലിക്കർക്കു് വീണ്ടുവിചാരത്തിന്റെ ഒരു സുദിനമായി ഭവിക്കട്ടെ. ആ മഹാപുരുഷന്റെ ആസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിനോ പ്രവർത്തനകേന്ദ്രമായിരുന്ന ആലങ്ങാടിനോ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കൈക്കൊള്ളുവാൻ സൗകര്യമില്ലാത്തപക്ഷം, അദ്ദേഹത്തിന്റെ സഹപ്രവർത്തകനും സഞ്ചാരിയും പിൻഗാമിയുമായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരുടെ മൃതദേഹം വിശ്രമംകൊള്ളുന്ന രാമപുരത്തിനു് അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൈക്കൊള്ളുവാൻ വളരെ ആഗ്രഹമുണ്ടെന്നു ആ ഇടവകയിലെ

---

For favours receive




Excuse delay.

Mrs. Thresiamma Kurian B. Sc., Ankamaly

---

യുവപ്രമുഖന്മാർ എന്നെ ധരിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ രേഖപ്പെടുത്തുവാൻ സന്തോഷമുണ്ടു്.

ശതാബ്ദങ്ങൾ പലതു കഴിഞ്ഞു. പുനരൈക്യശ്രമത്തിനു് അല്പമായ പ്രേക്ഷിതരിൽ നിന്നു് കൂടുതൽ പിൻബലം ലഭിച്ചുകൊണ്ടിരിക്കുന്നു. പൗരസ്ത്യസംഘങ്ങളുടെ അത്യുന്നതകർദ്ദിനാൾ അടുത്ത നവമ്പറിൽ കേരളം സന്ദർശിക്കുന്നു. പ്രവർത്തനത്തിനു തയ്യാറായി നില്ക്കുന്ന ജനതതിക്കു് നേതൃത്വം നൽകേണ്ടതുമാത്രം. ഡോക്ടർ കരിയാററിയുടെ ശാശ്വതസ്മരണ നിലനിർത്തുവാനും അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം സാധിതപ്രായമാക്കുവാനും അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ ഗോവയിൽനിന്നും യോഗ്യമാംവിധം മാററി സ്ഥാപിക്കുന്നതു് സമുചിതമായ ഒരു കൃത്യമായിരിക്കും.


# പൂമ്പാററയോടു്

(എൻ. യു. ജോസഫ്)

(വൃത്തം "മാവേലി")



ചിത്രശലഭമേ, ജീവിതത്തിൻ
ശിഷ്ടതേ, കൈതൊഴാം നൂറുവട്ടം
വാനവലോകം വിട്ടിങ്ങുപോരു-
മാനന്ദരൂപമേ വെൽവൂതാക!
മഞ്ഞിൻകണികകൾ ചാർത്തിനില്ക്കും
മഞ്ജുവാം ചെമ്പനീർപ്പൂച്ചെടിയിൽ,
വാർമഴവില്ലിൻ വിശുദ്ധഭാവം
വാശ്ശുന്ന താരിന്നിതളിലൊന്നിൽ,
ശാന്തതയാകും നീലാവിലൂടെ
നീന്തിവന്നങ്ങനേ നീയിരിപ്പൂ.
പാട്ടുംകരവയും നിന്നിരിപ്പിൽ
ട്ടപ്പതും കിളികൾ മുഴക്കിടുന്നു
സ്വച്ഛനീലാംബരം നിന്നിരിപ്പിൽ
ഛത്രമെന്നോണം വിളങ്ങിടുന്നു
പച്ചിലക്കൊമ്പിലും കാട്ടുചോല-
ക്കൊച്ചലച്ചാർത്തിലും ചെന്നുചെന്നു,
നിന്നെക്കുറിച്ചോരു ഗന്ധവാഹൻ
നിർമ്മലഗാനങ്ങളാലപിപ്പൂ.
ദൂരെക്കിഴക്കുനിന്നാകമ്രം
പാറുന്നുപൊൻപരാഗങ്ങളയ്യാ!
ഞെട്ടററു പൂവെങ്കിലായതോടേ
പെട്ടന്നു നീയും കടന്നുപോകിൽ
ആ വസന്തത്തിന്നറുതിയിൽ നീ
യാവാനിലൂടെ പറന്നുപോകിൽ
നിശ്ചയമായും ഞാൻ കണ്ണുനീററിൽ
നില്ക്കുകി, ല്ലെന്തിനു കേണിടേണം?
പൊററിട്ടം ദേസ്സഹദേഹം തൊട്ടു
പൊട്ടിക്കരയും കാച്ചിലോത്താൽ,
ചിത്തപരദ്രോഹക്കാററടിയിൽ
സ്വാർത്ഥതാവർഷനിപാതമോത്താൽ,
ബന്ധങ്ങളെല്ലാം വലിഞ്ഞുപൊട്ടും
സന്താപഗൽഗദങ്ങളുദ്രമോത്താൽ,
ഇജ്ജനത്തിന്നായിട്ടാ മരണം
സജ്ജീകരിക്കും കിടക്കയോത്താൽ,
അന്തരം നാംതമ്മിലെത്രമാത്രം
ബന്ധുരജീവിയാം പൂമ്പാററ!
പുഷ്ടസൗഭാഗ്യമേ, നിൻ മഹത്വം
കിട്ടിയില്ലിയുള്ളവന്നൊരല്പം
സൽഗ്ഗതിനോക്കി ഞാൻ നിർന്നിമേഷ-
മൽഭുതപ്പെട്ടിങ്ങു നിന്നിടുന്നു!



സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, SEPTEMBER 9, 1953 || No. 4

# മാതാവിന്റെ തിരുനാളിൽ മരിച്ച മരിയാഭക്തൻ

ഇന്നലെ — സെപ്റ്റംബർ 8-ാംനു — പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളായിരുന്നല്ലോ. നൂറുകൊല്ലം മുമ്പ് ഈ തിരുനാളിൽ ഒരു മരിയാഭക്തൻ മരിച്ചു; അല്ല, സ്വർഗ്ഗത്തിലേക്കു പിറന്നു. ഫ്രെഡറിക്ക് ഒസ്സാനാം എന്നാണദ്ദേഹത്തിന്റെ പേർ. ഇന്നു് അഖില ലോകവ്യാപകമായിത്തീർന്നിരിക്കുന്ന വിൻസെന്റ് ഡി പോൾ സംഘത്തിന്റെ സ്ഥാപകനെന്ന നിലയിൽ അദ്ദേഹം പ്രശസ്തനാണു്, അദ്ദേഹത്തിന്റെ നാമം എവർക്കും സുപരിചിതവുമാണു്. പരിശുദ്ധ കന്യകാമാതാവിന്റെ നേർക്കു് അദ്ദേഹത്തിനുണ്ടായിരുന്ന നിസ്സീമഭക്തി നിമിത്തമാണു് അദ്ദേഹത്തിനു മാതാവിന്റെ തിരുനാളിൽ മരിക്കുന്നതിനു ഭാഗ്യമുണ്ടായതെന്നു് അനുമാനിക്കുന്നതിൽ തെററില്ല.

### ഫ്രെഡറിക്കിന്റെ മരിയാഭക്തി

ബാല്യംമുതൽതന്നെ ഫ്രെഡറിക്ക് മരിയാഭക്തിയിൽ അദ്വിതീയനായിരുന്നു. ഫ്രാൻസിൽ ഫൂർവിയേർ എന്ന സ്ഥലത്തു മാതാവിന്റെ നാമത്തിൽ വലിയൊരു ദേവാലയമുണ്ടു്. അതിന്റെ തണലിലാണു് ഫ്രെഡറിക്ക് വളർന്നതു്. ദൈവത്തിന്റെ നേർക്കു യഥാർത്ഥസ്നേഹമുള്ള ഒരു കത്തോലിക്കനു പരി. കന്യകാമാതാവിനെ സ്നേഹിക്കാതിരിക്കുക എന്നതു് അസാദ്ധ്യമാണു്. ഫ്രെഡറിക്ക് ദൈവത്തെ ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. ആ സ്നേഹമാണു് അദ്ദേഹത്തിന്റെ മരിയാഭക്തിയുടേയും ഉറവിടം. സ്കൂൾജീവിതകാലത്തു ഫ്രെഡറിക്ക് രചിച്ച പല ഗദ്യ, പദ്യകൃതികളും കന്യകാമാതാവിനു പ്രതിഷ്ഠിതങ്ങളാണു്. പില്ക്കാലത്തു് വിൻസെന്റ് ഡി പോൾ സംഘം പരി. മാതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കപ്പെട്ടതും എല്ലാ യോഗങ്ങളിലും മററു പ്രാർത്ഥനകളുടെ കൂട്ടത്തിൽ ഒരു "നന്മനിറഞ്ഞമറിയം" കൂടി ചൊല്ലണമെന്നു വ്യവസ്ഥചെയ്യപ്പെട്ടതും അദ്ദേഹത്തിന്റെ അഭിപ്രായവും ആഗ്രഹവും അനുസരിച്ചാണു്. ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹം വിവിധ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിൽ നേരത്തെ രൂഢമൂലമായിരുന്ന മരിയാഭക്തി ദ്വിഗുണീഭവിച്ചതായി നാം കാണുന്നു. തന്റെ സഞ്ചാരപഥത്തിൽ മാതാവിന്റെ നാമത്തിലുണ്ടായിരുന്ന ഒരൊററ ദേവാലയമാകട്ടെ തീർത്ഥസ്ഥലമാകട്ടെ സന്ദർശിക്കാതെ അദ്ദേഹം വിട്ടുകളഞ്ഞില്ല.

തന്റെ സ്പെയിൻയാത്രയെ വിവരിച്ചുകൊണ്ടു് ഫ്രെഡറിക്ക് രചിച്ച ഒരു ഗ്രന്ഥത്തിൽ മാതാവിനോടുള്ള ഒരു പ്രാർത്ഥന എഴുതിച്ചേർത്തിട്ടുണ്ടു്. അതിപ്രകാരമാണു്: "പരിശുദ്ധ കന്യകേ, എന്റെ അമ്മ, അങ്ങയുടെ ശക്തി എത്ര വലുതു്! നസ്രത്തിലെ ചെററക്കുടിലിനു പകരമായി അങ്ങേ ബഹുമാനാർത്ഥം എത്ര വിശേഷപ്പെട്ട മന്ദിരങ്ങളാണു് അങ്ങേ ദിവ്യകുമാരൻ നിർമ്മിച്ചിട്ടുള്ളതു്. കൊളോണിലെ മാതാവിന്റെ ദേവാലയംമുതൽ റോമിലെ സെൻമേരി മേജർവരെ, ഫ്ളോറൻസിലെ സെൻമേരി ദേവാലയംമുതൽ ചാർട്രേഴ്സിലെ മാതാവിന്റെ പള്ളിവരെ—ഇങ്ങനെ എനിക്കുതന്നെ അറിയാം പലതിനേയും... ഇവിടെ രണവീരന്മാർ തങ്ങളുടെ അഭിമാനവിഷയമായിരുന്ന വാളിനെ മാററിവച്ചിട്ടു കൊലേരിയും (കുമ്മായക്കരണ്ടി) ഉളിയും കരങ്ങളിലേന്തി മുന്നൂറുകൊല്ലം ഇടവിടാതെ അങ്ങേ സ്തുതിക്കായി വേലചെയ്തു. അവരുടെ മദ്ധ്യത്തിൽ അങ്ങേക്കു യോജിച്ച ഒരു പാർപ്പിടം പണിചെയ്യണമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇത്രവലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചുവരുന്ന ഗുണവതിയായ കന്യകേ, എനിക്കും എന്നെ സംബന്ധിച്ചവർക്കുംവേണ്ടി ഒരു കാര്യം നേടിത്തരേണമേ. ഞങ്ങളുടെ ശരീരങ്ങളാകുന്ന ഉറപ്പില്ലാത്ത പാർപ്പിടങ്ങളെ ശക്തിപ്പെടുത്തേണമേ. ഞങ്ങളുടെ ആത്മാക്കളാകുന്ന ആദ്ധ്യാത്മികസൗധങ്ങളെ സ്വർഗ്ഗത്തിൽ എത്തത്തക്കവണ്ണം പണിചെയ്യേണമേ."

1853 ആഗസ്റ്റ് 15-ാംനു, ഫ്രെഡറിക്ക് ഇഹത്തിലാഘോഷിച്ച അവസാനത്തെ സ്വർഗ്ഗാരോപണത്തിരുനാളിൽ, അദ്ദേഹം തീരെ അവശനായി കാണപ്പെട്ടു. ഇററാലിയൻ കടൽത്തീരത്തുള്ള ഒരു കൊച്ചു ഭവനത്തിലാണു് അന്നദ്ദേഹം വിശ്രമിച്ചിരുന്നതു്. അദ്ദേഹത്തെ പള്ളിയിലേക്കു കൊണ്ടുപോകുന്നതിനായി അദ്ദേഹത്തിന്റെ സ്നേഹസമ്പന്നയായ ഭാര്യ ഒരു വണ്ടി വാടകയ്ക്കെടുത്തു. പക്ഷെ അദ്ദേഹമതു് ഉപയോഗിക്കാൻ വിസമ്മതിച്ചുകൊണ്ടു പറഞ്ഞു: "ഈ ലോകത്തിൽവച്ചുള്ള എന്റെ അവസാനത്തെ നടപ്പായിരിക്കുമിതു്. എന്റെ ദൈവത്തേയും അവിടുത്തെ പരിശുദ്ധ മാതാവിനേയും സന്ദർശിക്കുവാനായിട്ടായിരിക്കണമതെന്നാണു് എന്റെ ആഗ്രഹം."

### സൗഭാഗ്യകരമായ മരണം

ഫ്രെഡറിക്ക് മടങ്ങി ഫ്രാൻസിൽ മാർസെയിൽസിലെത്തി സെപ്റ്റംബർ ആരംഭത്തിൽ. അന്നദ്ദേഹത്തിനു 40 വയസ്സു പ്രായമായിരുന്നു. ജീവിതകാലം മുഴുവൻ മരണത്തിനായി ഒരുങ്ങിവന്നതുകൊണ്ടു് അദ്ദേഹത്തിനു മരണത്തെ ഭയപ്പെട്ടിട്ടു് ആവശ്യമില്ലായിരുന്നു. അദ്ദേഹം ദൈവത്തേയും മരണത്തേയുംപററി സദാ ചിന്തിച്ചുകൊണ്ടു് ജീവിച്ചിരുന്ന ഒരാളാണു്. അദ്ദേഹത്തിനു 20 വയസ്സു പ്രായമായിരുന്നപ്പോൾ സഹപാഠികളിലൊരാൾ വലിയ വേദനയനുഭവിച്ചുകൊണ്ടു് മരിക്കുന്നതിനെ കാണുന്നതിനിടവന്നു. ആ ഭയനീയ സംഭവം അദ്ദേഹത്തിന്റെ മനസ്സിൽ തട്ടിയുണർത്തിയ ചിന്തകളെ വീട്ടിലേക്കുള്ള ഒരെഴുത്തിൽ ഇപ്രകാരം പരാമർശിച്ചിരുന്നു. "ചെറുപ്പക്കാർ മരിക്കുന്നതു കണ്ടതുമുതൽ എന്നിലൊരു ഭയം വളർന്നുവരുന്നു. അദൃശ്യലോകത്തിനു്, സാക്ഷാത്തായ ആ ലോകത്തിനു്, ഞാനിതേവരെ എന്റെ ചിന്തകളിൽ വേണ്ടത്ര സ്ഥാനം കൊടുത്തിട്ടില്ല. നമ്മോടുകൂടി സദാ നടക്കുന്ന ആ രണ്ടു കൂട്ടുകാരുടെ കാര്യത്തിൽ വേണ്ടിടത്തോളം ശ്രദ്ധ പതിച്ചിട്ടുമില്ല. ദൈവവും മരണവുമാണു് ആ രണ്ടു കൂട്ടുകാർ. ജീവിതാനന്ദങ്ങളുടെ വില ഞാൻ നല്ലവണ്ണം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നതുപോലെ തോന്നുന്നു. അങ്ങനെ അവയെ നേരിടുന്നതിനു മുമ്പിലത്തെക്കാൾ കൂടുതൽ മനക്കരുത്തു് എനിക്കുണ്ടായിരിക്കും. എന്റെ അഹങ്കാരം കുറച്ചു കുറഞ്ഞതുപോലെയും തോന്നുന്നുണ്ടു്. അതിനിടയാകാത്തപക്ഷം, നമ്മുടെ മതവിശ്വാസത്തിനു പ്രായോഗികമായ എന്തു വിലയാണുള്ളതു്? മതം നമ്മെ ജീവിക്കുവാൻ പഠിപ്പിക്കുന്നെങ്കിൽ, അതു മരണത്തിനു നമ്മെ ഒരുക്കുവാൻ വേണ്ടിയാണു്."

ശേഷിച്ചിരുന്ന 20 കൊല്ലക്കാലം ഈ കത്തിലെ ആശയം അന്വർത്ഥമാക്കുവാൻ ഫ്രെഡറിക്ക് യഥാശക്തി പരിശ്രമിച്ചു. "അദൃശ്യവും യഥാർത്ഥവു"മായ ആ ലോകത്തിൽ ചെന്നെത്തുന്നതിനുള്ള ഒരു ഒരുക്കമാണു് ഐഹിക ജീവിതമെന്നോർത്തുകൊണ്ടു്, ഭൗമികവസ്തുക്കളെ സമസൃഷ്ടങ്ങളുടെ പ്രയോജനത്തിനും സ്വന്തം ആത്മാവിന്റെ രക്ഷയ്ക്കും ഉതകുന്ന വിധത്തിൽ വിനിയോഗിച്ചു. ഈ നിഷ്കാമഹൃദയത്വമാണു് സൗഭാഗ്യപൂർണ്ണമായ ഒരു മരണം അദ്ദേഹത്തിനു പ്രദാനംചെയ്തതു്. മരിക്കുന്നതിനു രണ്ടുകൊല്ലംമുമ്പു് അദ്ദേഹം തന്റെയൊരു ഉററമിത്രത്തിനു് ഇപ്രകാരമെഴുതി: "എന്റെ അനാരോഗ്യനില പല ചുമതലകളേയും ആനന്ദങ്ങളേയും അസാദ്ധ്യമാക്കിച്ചെയ്യുന്നു. എന്നാൽ, ഇഹത്തിലെ ജീവിതസാഹചര്യങ്ങളോടു പൂർണ്ണമായി പൊരുത്തപ്പെട്ടുപോകുവാൻ നമ്മെ അനുവദിക്കാത്ത ദൈവപരിപാലനയെ ഞാനഭിനന്ദിക്കുന്നു. ജീവിതം സുഖപ്രദമാക്കുവാൻ ഞാൻ എല്ലാം കാര്യവും ചെയ്തിരുന്നു. താങ്കളും എന്നെ വളരെ സഹായിച്ചിട്ടുണ്ടു്. എന്റെ കുടുംബത്തിനു ഞാൻ സൗഭാഗ്യം പ്രദാനംചെയ്തുവോ എന്നു് താങ്കൾക്കറിയാം. എന്നാൽ ഞാൻ ആ സൗഭാഗ്യത്തിൽ ഉറച്ചുനില്ക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. അവിടുന്നു് എനിക്കു ശാരീരികവേദനകൾ അയച്ചുതരികയും ഹൃദയത്തിന്റെ ആനന്ദങ്ങൾമാത്രം അവശേഷിപ്പിക്കുകയും ചെയ്യുന്നു. എന്റെ സ്ഥിതിയോർത്തു ഞാൻ അവിടുത്തെ വാഴ്ത്തുന്നു."

ഫ്രെഡറിക്ക് ഗൗരവമായ ഒരു പാപം ചെയ്തതായി ആർക്കും അറിവില്ല. എങ്കിലും അദ്ദേഹം തന്റെ വിനയാതിരേകവും, ഏററവും ലഘുവായ പാപത്തിന്റെപോലും മാലിന്യത്തെക്കുറിച്ചുള്ള സജീവബോധവുംനിമിത്തം സ്വയം ഒരു പാപിയെന്നാണു് വിളിച്ചുവന്നതു്. ഒരു കത്തിൽ അദ്ദേഹം ഇപ്രകാരമെഴുതി: "നിത്യശിക്ഷയെക്കുറിച്ചുള്ള വിശ്വാസസത്യം മനുഷ്യോചിതമല്ലെന്നു വിചാരിക്കുന്നവർ അപ്രകാരം വാദിക്കുന്നതു് മനുഷ്യവർഗ്ഗത്തോടു് അവർക്കു വലിയ സ്നേഹമുള്ളതുകൊണ്ടാണോ? ഒരിക്കലുമല്ല. പാപത്തിന്റെ ഹീനതയും ദൈവത്തിന്റെ നീതിയും ശരിയായി ഗ്രഹിക്കുവാൻ അവർക്കു സാധിക്കാത്തതുകൊണ്ടാണു്." 1853 ഫെബ്രുവരിയിൽ അദ്ദേഹം പൈസായിൽനിന്നും തന്റെയൊരു സ്നേഹിതനു് എഴുതിയതു് ഇപ്രകാരമാണു്: "എന്റെ ആരോഗ്യം മിക്കവാറും നഷ്ടീഭവിച്ചിരിക്കുന്നു. അതുകൊണ്ടാണു് സ്വർഗ്ഗം എന്നെ മോചിക്കുവാൻവേണ്ടി പ്രാർത്ഥിക്കുന്നതിനു് ഞാനെന്റെ സ്നേഹിതന്മാരോടു കേണപേക്ഷിക്കുന്നതു്. ഇത്രയേറെ പ്രാർത്ഥനകൾ നിഷ്ഫലമാകയില്ല. എന്നാൽ എന്റെ പാപങ്ങൾക്കു ശിക്ഷ നൽകപ്പെടാതിരിക്കയില്ലെന്നും എനിക്കു തോന്നുന്നു." ഫ്രെഡറിക്ക് തന്റെ പാപങ്ങളെപ്പററി പലപ്പോഴും വിലപിക്കുമായിരുന്നു. അദ്ദേഹം അന്ത്യശ്വാസം വെടിഞ്ഞതുതന്നെ "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെമേൽ കരുണയുണ്ടാകണമെ" എന്നഭ്യർത്ഥിച്ചുകൊണ്ടാണു്.

1853 സെപ്റ്റംബർ മാസത്തിൽ സ്വദേശത്തു തിരിച്ചെത്തിയശേഷം, ഫ്രെഡറിക്കിന്റെ അപേക്ഷപ്രകാരം അദ്ദേഹത്തിന്റെ പുരോഹിതസഹോദരൻ അദ്ദേഹത്തിനു് അന്ത്യകൂദാശകൾ നൽകി. ദൈവത്തിൽ പൂർണ്ണശരണം വയ്ക്കാനും പേടിക്കാതിരിക്കാനും വൈദികൻ ഉപദേശിച്ചു. "എന്തിനാണു് ഞാനെന്റെ ദൈവത്തെ ഭയപ്പെടുന്നതു്? ഞാനവിടുത്തെ അത്രമാത്രം സ്നേഹിക്കുന്നു" എന്നാണു് അതിനദ്ദേഹം നൽകിയ മറുപടി. അനന്തരം ഏററവും ഭക്തിയോടുകൂടി തിരുപ്പാഥേയം സ്വീകരിച്ചശേഷം സ്വഭാര്യയുടെ കരം ഗ്രഹിച്ചുകൊണ്ടു്, ഇരുവരുമൊരുമിച്ചു് തങ്ങളെത്തന്നെ ദൈവതിരുമനസ്സിനു കയ്യാളിച്ചു. ആ വീരവനിത, ദൈവം തനിക്കു നൽകിയ ഭർത്താവിനെ ദൈവത്തിനു ബലിയായി സമർപ്പിച്ചു. അതുപോലെ അദ്ദേഹം തന്റെ ഭാര്യയേയും തന്റെ ജീവനേയും ദൈവത്തിനു കാഴ്ചവച്ചു. സെപ്റ്റംബർ 8-ാംനു- വൈകുന്നേരം, മുകളിൽ പറഞ്ഞതുപോലെ ദൈവകരുണയ്ക്കായി ഉച്ചത്തിൽ പ്രാർത്ഥിച്ചുകൊണ്ടാണു് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞതു്.

### ഫ്രെഡറിക്കിന്റെ അന്ത്യശാസനം

എന്നാൽ മരണത്തോടുകൂടിയും ഫ്രെഡറിക്കിന്റെ സ്വരം നിലച്ചില്ല. ആ പ്രേഷിതവീരന്റെ മൃതദേഹം മൺമറഞ്ഞതിനുശേഷവും അദ്ദേഹത്തിന്റെ അന്ത്യശാസനം അദ്ദേഹത്തിന്റെ സ്നേഹഭാജനങ്ങളോടു സംസാരിച്ചു. അടിയുറച്ച വിശ്വാസവും കലർപ്പില്ലാത്ത സ്നേഹവും വഴിഞ്ഞൊഴുകുന്ന ആ അന്തിമലേഖനത്തിലെ പ്രധാനഭാഗങ്ങൾ താഴെ ചേർക്കുന്നു:-

"പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ..എന്റെ രക്ഷകനായ ഈശോമിശിഹായുടെ പാദത്തിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. എന്റെ പാപങ്ങൾനിമിത്തം ഞാൻ ഭയവിഹ്വലനായിരിക്കുന്നു. എന്നാൽ കർത്താവിന്റെ അളവില്ലാത്ത കാരുണ്യത്തിൽ ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ റോമാസഭയുടെ മടിയിൽ ഞാൻ മരിക്കുന്നു. ആധുനാതനകാലത്തു വിശ്വാസത്തിനെതിരായി തലപൊക്കിയിട്ടുള്ള ആക്ഷേപങ്ങളെ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ കത്തോലിക്കാസഭയിലും ആ സഭയോടുള്ള വിധേയത്വത്തിലുമല്ലാതെ മനശ്ശാന്തിയും ഹൃദയസമാധാനവും കണ്ടെത്തുക സാദ്ധ്യമല്ലെന്നു് എന്റെ അനുഭവജ്ഞാനം എന്നെ പഠിപ്പിച്ചിരിക്കുന്നു. എന്റെ ഗവേഷണത്തിനു ഞാൻ എന്തെങ്കിലും വിലകല്പിക്കുന്നെങ്കിൽ, അതു്, ഞാൻ പ്രകാശവും സമാധാനവും കണ്ടെത്തിയ മതത്തിൽ വിശ്വസ്തതയോടെ നിലനില്ക്കുന്നതിനു് എന്റെ സ്നേഹഭാജനങ്ങൾ എല്ലാവരോടും അഭ്യർത്ഥിക്കുവാൻ ആ ഗവേഷണം എനിക്കവകാശം നൽകുന്നു എന്നതാണു്. എന്റെ കുടുംബാംഗങ്ങൾക്കും എന്റെ ഭാര്യയ്ക്കും പുത്രിക്കും പൗത്രർക്കും വേണ്ടിയുള്ള എന്റെ പ്രാർത്ഥന, അവർ എത്രയേറെ അധിക്ഷേപങ്ങളും ഇടർച്ചകളും മതംമാററങ്ങളും അറിയാനിടവന്നാലും, അവരെല്ലാവരും വിശ്വാസത്തിൽ ഉറച്ചുനില്ക്കട്ടെയെന്നാണു്.

"ലോകത്തിലെ എല്ലാവസ്തുക്കളോടുമെന്നപോലെ ഹ്രസ്വമായ ഒരന്ത്യയാത്ര എന്റെ പ്രിയതമയായ അമേലിയോടും ഞാൻ പറയുന്നു. അവളായിരുന്നു എന്റെ ജീവിതത്തിന്റെ ആനന്ദവും മനോജ്ഞതയും. ഒരുകൊല്ലത്തിലധികംകാലം അവളുടെ സ്നേഹശുശ്രൂഷ എന്റെ വേദനകളെയെല്ലാം ലഘുപ്പെടുത്തിയിട്ടുണ്ടു്. ഞാൻ അവളോടു നന്ദി പറയുന്നു. ഞാൻ അവൾക്കെന്റെ അനുഗ്രഹം നൽകുന്നു. ഞാനവളെ സ്വർഗ്ഗത്തിൽ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അവിടെ, അവിടെമാത്രമേ അവൾ അർഹിക്കുന്നതരം സ്നേഹം അവൾക്കു പ്രദാനംചെയ്യുവാൻ എനിക്കു കഴിയുകയുള്ളു.

"പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ, പൂർവ്വപിതാക്കന്മാരെപ്പോലെ ഞാനെന്റെ കുഞ്ഞിനെ ആശീർവ്വദിക്കുന്നു. അവളുടെ വിദ്യാഭ്യാസമാകുന്ന പ്രിയങ്കരമായ ജോലി തുടർന്നു നടത്തുവാൻ സാധിക്കാത്തതിൽ എനിക്കു കുണ്ഠിതമുണ്ടു്. എന്നാൽ ഞാനവളെ അവളുടെ സുകൃതിനിയും സ്നേഹനിധിയുമായ അമ്മയെ ഭരമേല്പിക്കുന്നു.....

"എന്നോടു ദയകാണിച്ചിട്ടുള്ള എല്ലാവരോടും ഞാൻ നന്ദിപറയുന്നു. എന്റെ ബലഹീനതകൾക്കും ദുർമാതൃകകൾക്കുമായി ഞാൻ ക്ഷമായാചനം ചെയ്യുന്നു. സെൻവിൻസെന്റ് ഡി പോൾ സംഘാംഗങ്ങളായ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു. "അയാൾ സ്വർഗ്ഗത്തിലാണു്" എന്നു നിങ്ങളോടു പറയാനിരിക്കുന്നവർ നിങ്ങളെ ആ കൃത്യത്തിൽനിന്നു പിൻമാററാതിരിക്കട്ടെ. നിങ്ങളെ വാത്സല്യപൂർവ്വം സ്നേഹിക്കുന്ന അയാൾക്കുവേണ്ടി, ഒരു മഹാപാപിയായ അയാൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. ഈ പ്രാർത്ഥനാസഹായങ്ങളെപ്പററി എനിക്കു് ഉറപ്പുതരുന്നപക്ഷം, വലിയ ഭയംകൂടാതെ ഈ ലോകം വിട്ടുപിരിയുവാൻ എനിക്കു കഴിയും. വാസ്തവത്തിൽ നിങ്ങളും ഞാനും തമ്മിൽ പിരിയുന്നില്ലെന്നും നിങ്ങൾ എന്റെ പക്കൽ വരുന്നതുവരെ ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുമെന്നുമാണു് എന്റെ ദൃഢപ്രതീക്ഷ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും അനുഗ്രഹം നിങ്ങളുടെമേൽ ഉണ്ടാകുമാറാകട്ടെ. ആമ്മേൻ."

ഫ്രെഡറിക്കിന്റെ ജീവിതവും മരണവും എത്ര വിശിഷ്ടമായ മാതൃകയാണു നമുക്കു പ്രദാനംചെയ്യുന്നതു്! ആ മാതൃക വിൻ

സെൻറ് ഡിപോൾ സംഘാംഗങ്ങൾ മാത്രമല്ല എല്ലാ കത്തോലിക്കരും അനുകരിക്കണമെന്നാണ മാർപ്പാപ്പാമാരുടെ ആഗ്രഹം. ആകയാൽ അദ്ദേഹത്തിൻെറ ജീവിതത്തിൻെറ നാനാവശങ്ങളെപ്പററി ഏതാനുംകാര്യങ്ങൾകൂടി ഇടനു പ്രതിപാദിക്കുന്നതാണ്.

## പ്രസാധകക്കുറിപ്പുകൾ

### ഡോക്ടർ രാധാകൃഷ്ണനു് വിശ്വാസസത്യങ്ങളോടു വിരോധം

ഡോക്ടർ രാധാകൃഷ്ണൻ മനുഷ്യജീവിതത്തിൽ മതത്തിനുള്ള അനുപേക്ഷണീയ സ്ഥാനത്തേയും ആവശ്യകതയേയും ഇടവിടാതെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. ഭൗതികവാദത്തിൻെറ ഏററവും വലിയ വിരോധിയാണദ്ദേഹം. ക്രിസ്തുമതത്തോടു് അദ്ദേഹത്തിനു ബഹുമാനമാണ്. എന്നാൽ ക്രിസ്തുമതത്തിലെ വിശ്വാസസത്യങ്ങളെ (Dogmas) അദ്ദേഹത്തിനിഷ്ടമല്ല. "ക്രിസ്തുവിൻെറ തത്വോപദേശങ്ങൾ വളരെ ലളിതങ്ങളായിരുന്നു. ദൈവരാജ്യം ഒരുവൻെറ ഉള്ളിലാണെന്നും അയല്ക്കാരനെ സ്നേഹിക്കേണ്ടതാണെന്നും മററുമുള്ള മൗലികതത്വങ്ങളാണ് ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതു്. വിശ്വാസസത്യങ്ങൾ വേണമെന്നുള്ള നിർബന്ധം (Dogmatism) ക്രിസ്തുവിൻെറ കാലത്തിനുശേഷം ക്രിസ്തുമതത്തിൽ നുഴഞ്ഞുകയറിയതാണ്—എതിരാളിയുടെ ആക്രമണങ്ങളിൽനിന്നു് അതിനെ സംരക്ഷിക്കുവാൻ. ആ നിർബന്ധം ക്രിസ്തുവിൽനിന്നു് ഉത്ഭവിച്ചതല്ല. വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ ഒരുവനും ഒരിക്കലും നിർബന്ധം കാണിക്കരുതു് (Dogmatic)" എന്നിങ്ങനെ ഡോക്ടർ രാധാകൃഷ്ണൻ പ്രസ്താവിച്ചതായി ടൈംസ് ആഫ് ഇൻഡ്യായിലെ ഒരു ലേഖനത്തിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ക്രിസ്തുവിൻെറ തത്വോപദേശങ്ങൾ പലതും ഉള്ളടങ്ങിയതായി നമുക്കു ലഭിച്ചിട്ടുള്ള ഏററവും വിശ്വാസയോഗ്യമായ രേഖകളാണല്ലോ "സുവിശേഷ"ഗ്രന്ഥങ്ങൾ. ദൈവത്തേയും മനുഷ്യാത്മാവിനേയും സ്വർഗ്ഗനരകങ്ങളേയും പുണ്യപാപങ്ങളേയും കൂദാശകളേയും മററും കുറിച്ചു് ക്രിസ്തു പല തത്വങ്ങളും പഠിപ്പിച്ചുവെന്നും, ആ തത്വങ്ങൾ മനുഷ്യർ വിശ്വസിക്കണമെന്നാണ് അവിടുത്തെ നിശ്ചയമെന്നും, അവ മനുഷ്യരെ തെററുകൂടാതെ പഠിപ്പിക്കുവാൻ അവിടുന്നു് ചില ശിഷ്യന്മാരെ പ്രത്യേകം നിയോഗിച്ചുവെന്നും, ആ ശിഷ്യന്മാരുടെ അവസംബന്ധിച്ചുള്ള ഉപദേശങ്ങൾ തൻെറ ഉപദേശങ്ങളായിത്തന്നെ സ്വീകരിച്ചു വിശ്വസിക്കുവാൻ സകല മനുഷ്യരേയും അവിടുന്നു കടപ്പെടുത്തിയിട്ടുണ്ടെന്നും, സ്വന്തം കുററത്താൽ അവയെ വിശ്വസിക്കാത്തവനു് നിത്യരക്ഷ ലഭിക്കുകയില്ലെന്നു് അവിടുന്നു പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രസ്തുതഗ്രന്ഥങ്ങളിൽനിന്നു് അവിതർക്കിതമായി തെളിയുന്നുണ്ടു്. ആകയാൽ ക്രിസ്തു വിശ്വാസസത്യങ്ങളൊന്നും പഠിപ്പിച്ചില്ലെന്നോ, താൻ പഠിപ്പിച്ച തത്വങ്ങൾ മനുഷ്യർ വിശ്വസിക്കണമെന്നു ക്രിസ്തുവിനു നിർബന്ധമില്ലായിരുന്നുവെന്നോ, വിശ്വാസസത്യങ്ങൾ സ്വീകരിക്കണമെന്നുള്ള നിർബന്ധം ക്രിസ്തുവിൻെറ കാലശേഷം ക്രിസ്തുമതത്തിൽ നുഴഞ്ഞുകയറിയതാണെന്നോ വാദിക്കുന്നതു് വസ്തുതകൾക്കു വിപരീതമാകുന്നു.

* * *

### പേർഷ്യായിലെ അപ്രതീക്ഷിത സംഭവവികാസങ്ങൾ

കഴിഞ്ഞ മൂന്നുകൊല്ലം പേർഷ്യായിലെ (ഇറാനിലെ) പ്രധാനമന്ത്രിയായിരുന്ന മുസ്സാഡിക്ക് അവിടത്തെ രാജാവായ ഷായേയും നിയമസഭയായ മജ്‌ലിസിനേയും അവഗണിച്ചുകൊണ്ടു് സ്വേഛാധിപതിയായിപരിണമിക്കുകയും ജനങ്ങളുടെ പിൻതുണയോടുകൂടി ആ സ്വേഛാധിപത്യം നിലനിർത്തുവാൻ ശ്രമിക്കുകയും ചെയ്യുകയായിരുന്നു. അദ്ദേഹം നിയമസഭ പിരിച്ചുവിട്ടു. ഷായെ രാജ്യത്തുനിന്നും ഓടിച്ചു. ഷായുടെ അംഗരക്ഷകന്മാരായ പട്ടാളക്കാർ ഓററടിക്കു് അധികാരം പിടിച്ചെടുക്കുവാൻ ശ്രമിച്ചു. മുസ്സാഡിക്കിനു് കമ്മ്യൂണിസ്റ്റുകാർ വഴിയായി അതിനെപ്പററി അറിവുകിട്ടി. അദ്ദേഹത്തെ അറസ്റ്റുചെയ്യാൻ ശ്രമിച്ച രാജകീയപട്ടാളക്കാർതന്നെ അറസ്റ്റുചെയ്യപ്പെട്ടു. അതിനെത്തുടന്നു് ജനക്കൂട്ടം തലസ്ഥാനമായ ടെഹറാൻെറ തെരുവുകളിൽക്കൂടി മാർച്ചുചെയ്തു് ഷായുടേയും അദ്ദേഹത്തിൻെറ പിതാവിൻെറയും പ്രതിമകൾ തല്ലിത്തകർത്തു. അവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സഹായത്തോടുകൂടി മുസ്സാഡിക്കു് പേർഷ്യായെ സ്വേഛാധിപത്യത്തിൻെറ പിടിയിൽ അമർത്തിവയ്ക്കുവാൻ നിശ്ചയിച്ചതുപോലെ തോന്നി. അതിർത്തിയിലുള്ള റഷ്യാക്കാർ കച്ചവടബന്ധങ്ങളുടേയും സ്നേഹബന്ധങ്ങളുടേയും വാഗ്ദാനങ്ങളാൽ, അസ്വസ്ഥമായ ഈ സംഭവവികാസങ്ങളെ സഹായിക്കുവാൻ ബദ്ധപ്പെട്ടു. പേർഷ്യാരാജ്യം അവരുടെ പിടിയിൽ ഒതുങ്ങുമോയെന്നു് തോന്നുന്നമട്ടായി. അപ്പോഴേക്കും സംഭവങ്ങളുടെ ഗതി പെട്ടെന്നു മാറി. ഷാ രാജ്ഞിയുമൊരുമിച്ചു് രാജ്യത്തുനിന്നു് ഓടി രക്ഷപെടുന്നതിനുമുമ്പായി ജനറൽ സഹേദിയെ ഇറാൻെറ പ്രധാനമന്ത്രിയായി നിയമിച്ചുവെന്ന വാർത്ത പുറത്തുവന്നു. ഈ പുതിയ പ്രധാനമന്ത്രി മുസ്സാഡിക്കിനെ വിപ്ലവഗവർമ്മെൻറിൻെറ നേതാവാണെന്നു് അപലപിക്കുകയും, രാജകല്പനയാൽ രാജ്യത്തിലെ ഭരണാധികാരിയായിത്തീർന്ന തൻെറ കരങ്ങൾ ശക്തിപ്പെടുത്തപ്പെടണമെന്നു് സൈന്യങ്ങളോടു് അഭ്യർത്ഥിക്കുകയും ചെയ്തു. തദനുസരണം സൈന്യം ഡോക്ടർ മുസ്സാഡിക്കിനെതിരായി പുറപ്പെട്ടു. ടെഹറാൻെറ തെരുവുകളിൽ പരസ്യമായ സമരം നടന്നു. മുസ്സാഡിക്കിൻെറ വസതി അഗ്നിക്കിരയാവുകയും അദ്ദേഹം അപ്രത്യക്ഷപ്പെടുകയുമുണ്ടായി. ജനറൽ സഹേദി റേഡിയോസ്റ്റേഷൻ പിടിച്ചെടുത്തുകൊണ്ടു് ജനങ്ങളോടു സംസാരിച്ചു. സാമുദായികനീതിയുടേയും തൊഴിലാളിവർഗ്ഗത്തിൻെറ ജീവിതോന്നമനത്തിൻെറയും ജീവിതത്തോതു് ഉയർത്തുന്നതിൻെറയും പുതിയ പരിപാടി അദ്ദേഹം പ്രഖ്യാപിച്ചു. സൈന്യങ്ങൾ പുതിയ ഗവർമ്മെൻറിൻെറ ഭാഗത്താണെന്നു കണ്ടപ്പോൾ ജനങ്ങൾ പരസ്യമായി ആ ഗവർമ്മെൻറിനു് പിൻതുണനൽകി. മുസ്സാഡിക്കിൻെറ "വഞ്ചനാപരമായ" ഗവർമ്മെൻറിനേയും അതിനു പിൻതുണനൽകിയ കമ്മ്യൂണിസ്റ്റുപാർട്ടിയേയും ടെഹറാനിൽനിന്നു മാത്രമല്ല പേർഷ്യായിൽനിന്നുതന്നെയും ഒററദിവസംകൊണ്ടു ബഹിഷ്കരിച്ചു. മുസ്സാഡിക്കു് തലസ്ഥാനത്തു് ഒരു ഗൃഹത്തിൽ ഒളിച്ചിരിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടു. അദ്ദേഹത്തെ കോടതിമുഖേന വിസ്തരിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ഓഗസ്റ്റു 22-ാംനു ഷാ തൻെറ രാജ്യത്തിലേക്കു് ജനങ്ങളുടെ സ്വാഗതസമ്പൂർണ്ണമായ ആശംസകൾക്കിടയിൽ മടങ്ങിവന്നു.

### മുസ്സാഡിക്കിൻെറ അധഃപതനം പഠിപ്പിക്കുന്ന പാഠങ്ങൾ

ഡോക്ടർ മുസ്സാഡിക്കു് ഒരു വലിയ ദേശീയവാദിയായിരുന്നു. എന്നാൽ ഒരു രാജ്യത്തിലെ പ്രശ്നങ്ങൾക്കും വൈഷമ്യങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ ദേശീയത്വംകൊണ്ടുമാത്രം സാദ്ധ്യമല്ലല്ലോ. അമിതമായ ദേശീയത്വത്തിൻെറ പ്രേരണയാൽ ആംഗ്ലോ ഇറേനിയൻ എണ്ണക്കമ്പനി പിരിച്ചുവിടുവാൻ അദ്ദേഹം ശ്രമിച്ചു. ആ ശ്രമം രാജ്യത്തിനു് വലിയ നഷ്ടമായിട്ടാണ് കലാശിച്ചതു്. കമ്പനിയുടെ രാഷ്ട്രസാൽക്കരണം കൂടിയാലോചനകളും എഴുത്തുകുത്തുകളും വഴിയായിട്ടാണ് സാധിക്കേണ്ടിയിരുന്നതു്.

ബഹുജനങ്ങളെ ഇളക്കിവിട്ടു് അവരുടെ സഹായത്തോടുകൂടി ഭരണം നടത്താമെന്നു വിചാരിക്കുന്നതു് ബുദ്ധിഹീനമാകുന്നു. ജനപ്രതിനിധികളോടുകൂടിയ ഭരണമാണ് നല്ല ഭരണവും സ്വയംഭരണവുമെന്നു് നൂററാണ്ടുകളുടെ അനുഭവത്തിൽനിന്നു് വ്യക്തമായിട്ടുണ്ടു്. ക്രമപ്രകാരം നടത്തപ്പെട്ട തിരഞ്ഞെടുപ്പുവഴിയായി ജനപ്രതിനിധിസഭ രൂപീകരിക്കപ്പെട്ടാൽ അവരുടെ സഹകരണത്തോടും അംഗീകരണത്തോടുംകൂടി വേണം മന്ത്രിമാർ ഭരണം നടത്തുവാൻ. ജനപ്രതിനിധികളുടെ തലയ്ക്കുമീതെ എടുത്തുചാടി ബഹുജനങ്ങളുടെ പിൻതുണ അന്വേഷിച്ചുപോയാൽ നല്ല ഭരണമോ സ്വയംഭരണമോ ലഭിക്കുന്നതല്ല.

സ്വാതന്ത്ര്യഭരണം ബാലൻസോടുകൂടിയ ഭരണമാണ്. ഇറാൻെറ ഭരണഘടനയനുസരിച്ചു് രാഷ്ട്രാധിപൻെറയും മന്ത്രിമാരുടേയും നിയമസഭയുടേയും ജനങ്ങളുടേയും അധികാരങ്ങൾ ശരിയായി ബാലൻസു ചെയ്യപ്പെട്ടിരുന്നു. ആ സുസ്ഥിതിക്കു് ഡോക്ടർ മുസ്സാഡിക്കു് ഭംഗംവരുത്തി. രാഷ്ട്രാധിപനായ ഷായെ അദ്ദേഹം വെറും ഒരു പാവയാക്കിവച്ചു. തൻെറ ആവശ്യംകഴിഞ്ഞു് കൂടുതൽ കൈവശമുണ്ടായിരുന്ന ഭൂമി ജനങ്ങൾക്കു് വിതരണം ചെയ്യണമെന്നായിരുന്നു ഷായുടെ ആഗ്രഹം. വലിയൊരു ജന്മിയായ ഡോക്ടർ മുസ്സാഡിക്കാകട്ടെ അങ്ങനെ ചെയ്യാൻ ഷായെ അനുവദിച്ചില്ല. ഈ രണ്ടു പേരിൽ ജനങ്ങൾ ഷായെയാണ് തിരഞ്ഞെടുത്തതു്. നിയമസഭയായ മജ്‌ലിസിനേയും ഡോക്ടർ മുസ്സാഡിക്കു് അവഗണിച്ചു. സകല അധികാരവും സ്വന്തം കരങ്ങളിൽ കേന്ദ്രീകരിച്ചു. പുതിയ സംഭവവികാസങ്ങൾ ആ രാജ്യത്തിനു് സമാധാനത്തെ വീണ്ടും പ്രദാനംചെയ്യുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

* * *

### ഈഴവരോടു് ശ്രീ സുകുമാരൻെറ ആഹ്വാനം — ഇടതുപക്ഷങ്ങളോടു യോജിച്ചു് കോൺഗ്രസ്സിനെ എതിർക്കുവാൻ

എസ്സ്. എൻ. ഡി. പി. യുടെ പുതിയ പ്രസിഡൻറായ ശ്രീ കെ. സുകുമാരൻ വക്കം എന്ന സ്ഥലത്തു് എസ്സ്. എൻ. ഡി. പി. ബ്രാഞ്ചിൻെറ വാർഷികത്തോടനുബന്ധിച്ചു് സമ്മേളിച്ച യോഗത്തിൽ ഈഴവരെ അഭിസംബോധനംചെയ്തു് സുദീർഘമായി നടത്തിയ പ്രസംഗത്തിൻെറ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ശ്രദ്ധേയങ്ങളാണ്:

"കോൺഗ്രസ്സ്ഭരണം അവസാനിപ്പിക്കുവാൻ ഇവിടെ സംഘടിതമായി പ്രക്ഷോഭണം നടത്തുന്നതു് പി. എസ്സ്. പി., ആർ. എസ്സ്. പി., കെ. എസ്സ്. പി., കമ്മ്യൂണിസ്റ്റ് എന്നീ രാഷ്ട്രീയപാർട്ടികളാണ്. ഈ പാർട്ടികൾ ഒരുമിച്ചുനിന്നു മത്സരിക്കാൻ സന്നദ്ധമായാൽ കോൺഗ്രസ്സ്ഭരണംകൊണ്ടു് മുഷിഞ്ഞു്, അതിൽനിന്നു മോചനം കിട്ടാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സാമാന്യജനങ്ങൾ അവർക്കു പിൻതുണ നൽകുമെന്നതിനു സംശയമില്ല. ഒരു രാഷ്ട്രീയപാർട്ടിയിലുംപെടാതെനില്ക്കുന്നഈഴവർകൂടി അവരോടു ചേർന്നാൽ ആ സംയുക്തപാർട്ടിയുടെ വിജയം നിശ്ചയവുമാണ്. പക്ഷേ അവർ യോജിക്കുമോ? യോജിക്കാനുള്ള സാഹചര്യമൊന്നും ഇപ്പോൾ ഞാൻ കാണുന്നില്ല. കമ്മ്യൂണിസ്റ്റ്പാർട്ടി റഷ്യയുടെ ഏജൻറന്മാരാണെന്നും അവർ അക്രമത്തിൽ വിശ്വസിക്കുന്നവരാണെന്നും അതുകൊണ്ടു് അവരുടെ വംശവിഛേദം വരുത്തണമെന്നുമാണ് പി. എസ്സ്. പി. നേതാവായ ശ്രീ പട്ടം താണുപിള്ള ഇന്നു പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നതു്."

കമ്മ്യൂണിസ്റ്റ്പാർട്ടിയോടുചേർന്നു് ഒരു സംയുക്തഭരണം ഏർപ്പെടുത്തുന്നകാര്യത്തിൽ ശ്രീ പട്ടംതാണുപിള്ളയ്ക്കു് വിരോധമാണുള്ളതെങ്കിൽ അദ്ദേഹത്തെ യാഥാർത്ഥ്യബോധമുള്ളവനെന്നു് പ്രശംസിക്കേണ്ടിയിരിക്കുന്നു. കാരണം, തെക്കുകിഴക്കെ യൂറോപ്പിലെ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തനിച്ചു് ഭരണം പിടിച്ചെടുക്കുവാൻ ഉപയോഗിച്ച തന്ത്രം ശ്രീ സുകുമാരൻ ഉപദേശിക്കുന്നതരം സംയുക്തഭരണമാണ്. ആ വസ്തുതയെ തെളിയിക്കുന്ന അനേകം രേഖകൾ പണ്ടേ വെളിക്കുവന്നിട്ടുണ്ടു്. "How the Satellites Happened" (ഉപഗ്രഹങ്ങൾ എങ്ങനെ ഉണ്ടായി) എന്ന ശീർഷകത്തിൽ ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ഗ്രന്ഥമുണ്ടു്. ചെക്കൊസ്ലോവാക്കിയ, പോളൻറു്, ഹങ്കറി, റുമേനിയ, ബൾഗേറിയ എന്നീ രാജ്യങ്ങളിൽ റഷ്യക്കു വിധേയമായി കമ്മ്യൂണിസ്റ്റ്ഭരണം സ്ഥാപിക്കപ്പെടുവാൻ ഇടയായ സംഭവങ്ങളുടെ ചരിത്രപരമായ കഥനമാണ് അതിലടങ്ങിയിരിക്കുന്നതു്. ആദ്യമായി കമ്മ്യൂണിസ്റ്റുകളും മററു പാർട്ടികളും കൂടി യോജിച്ചു് ഒരു സംയുക്തഗവമ്മെൻറു് ഏർപ്പെടുത്തുന്നു; അതിൽ രാജ്യരക്ഷ, പോലീസ്, വിദേശകാര്യം, തൊഴിൽ ഈ വകുപ്പുകളിലെമന്ത്രിപദം കമ്മ്യൂണിസ്റ്റുകൾ ഏറെറടുക്കുന്നു; പരമപ്രധാനങ്ങളായ ആ നിലകളിൽനിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റ്മന്ത്രിമാർ ഭീഷണികളാലും വഞ്ചനകളാലും കമ്മ്യൂണിസ്റ്റല്ലാത്ത മന്ത്രിമാരെ അവരുടെ സ്ഥാനങ്ങളിൽനിന്നു് ക്രമേണ പുറംതള്ളുന്നു; തക്കസമയം നോക്കി ഒരു പൊതുതിരഞ്ഞെടുപ്പു് ഏർപ്പാടുചെയ്യുകയും തദ്ദേശവകുപ്പിൻെറയും പോലീസ്‌വകുപ്പിൻെറയും സഹായത്തോടുകൂടി തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റല്ലാത്ത പാർട്ടികളെ തോല്പിക്കുവാനും കമ്മ്യൂണിസ്റ്റ് പാർട്ടി ഭൂരിപക്ഷം കൈവരുത്താനും ഇടവരുത്തുന്നു. അങ്ങനെ മുൻപറഞ്ഞ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റല്ലാത്ത പാർട്ടികളെ ഓരോന്നോരോന്നായി ഒററതിരിച്ചു് ദുർബലരാക്കുകയും കമ്മ്യൂണിസ്റ്റ് പാർട്ടി തനിച്ചു് അധികാരം പിടിച്ചെടുക്കുകയും ചെയ്യുകയാണുണ്ടായതു്.

ആകയാൽ തിരു-കൊച്ചിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് അവരുടെ പതിവുള്ള തന്ത്രങ്ങളുപയോഗിച്ചു് അധികാരം പിടിച്ചെടുക്കുവാൻ എളുപ്പമായ മാർഗ്ഗമാണ് ശ്രീ സുകുമാരൻ നിർദ്ദേശിക്കുന്നതു്. ശ്രീ പട്ടം താണുപിള്ള അവയോടു യോജിക്കുന്നില്ലെങ്കിൽ ആശ്ചര്യപ്പെടാനില്ലതന്നെ.

* * *

### കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടു് ശ്രീ ജയ്പ്രകാശ് പണ്ടേ അപലപിച്ചിട്ടുണ്ടു്.

ഇടതുപക്ഷങ്ങൾ കമ്മ്യൂണിസ്റ്റ്പാർട്ടിയുമായി യോജിച്ചു് ഐക്യമുന്നണിയും സംയുക്തഗവമ്മെണ്ടും സ്ഥാപിക്കുവാനുള്ള ഉദ്യമത്തെ പി. എസ്സ്. പി. നേതാവായ ശ്രീ ജയ്പ്രകാശ്നാരായണൻ ആദ്യംമുതൽ അപലപിച്ചിട്ടുള്ളതാണ്. അതിനദ്ദേഹം പറഞ്ഞിട്ടുള്ളകാരണം ഞങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുതന്നെ: ഹങ്കറിയിലെ ഡപ്യൂട്ടി പ്രധാനമന്ത്രിയായിരുന്നു മത്യാസ് റെക്കോസി എന്ന കമ്മ്യൂണിസ്റ്റ് നേതാവു്. പിന്നീടു് അദ്ദേഹം അവിടത്തെ പ്രധാനമന്ത്രിയായി. ഒടുവിൽ ഏതാനുംമാസങ്ങൾക്കുമുമ്പു് ആ സ്ഥാനത്തുനിന്നു ബഹിഷ്കൃതനായി. ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്നപ്പോൾ തൻെറ കീഴുള്ള കമ്മ്യൂണിസ്റ്റ് കാഡ്രുകളോടു് ഉള്ളുതുറന്നു നടത്തിയ ഒരു പ്രഭാഷണത്തിൽ, ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ഐക്യമുന്നണിയും സംയുക്തഗവമ്മെൻറും വഴിയായി മററു സകല പാർട്ടികളേയും നശിപ്പിച്ചു് അധികാരം പിടിച്ചെടുത്തതെങ്ങനെയെന്നു് വിശദീകരിക്കുകയുണ്ടായി. ആ പ്രസംഗം ബോംബെയിലെ ഡെമോക്രാററിക് റിസേർച്ച് സർവ്വീസ് എന്നസംഘടന ഒരു ലഘുലേഖയായിപ്രസിദ്ധപ്പെടുത്തി. അതിനു് അവതാരിക എഴുതിയിരിക്കുന്നതു് ശ്രീ ജയ്പ്രകാശാണ്. അതിലദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു:-

ഐക്യമുന്നണി എന്ന കമ്മ്യൂണിസ്റ്റ്തന്ത്രം പഴക്കമുള്ള ഒന്നാണ്. അതിനെപ്പററി പരിചയമുള്ളവരും പഠിക്കാൻ ശ്രമിച്ചിട്ടുള്ളവരും നല്ലവണ്ണം അറിഞ്ഞിട്ടുണ്ടു്, അതിൻെറ ദുഷ്ടമായ ഉദ്ദേശമെന്തെന്നും അതു പ്രാപിക്കുവാൻ ഉപയോഗിക്കുന്ന ദുഷ്ടമായ മാർഗ്ഗങ്ങളെന്തെന്നും. എന്നാൽ അങ്ങനെയുള്ളവർ അത്ര അധികമില്ല, കുറഞ്ഞപക്ഷം ഈ നാട്ടിൽ. വളരുന്ന പുതിയ തലമുറ മററുള്ളവരുടെ അനുഭവങ്ങളിൽനിന്നു് പഠിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, ദുഃഖകരമായ പദ്ധതിയിൽക്കൂടി കടന്നുപോവുകയും അങ്ങനെ സത്യം സ്വയം മനസ്സിലാക്കുകയും ചെയ്യേണ്ടിവരും. എന്നാൽ ഈ പദ്ധതിയിൽക്കൂടി മുന്നോട്ടുപോകുന്നവർക്കു് സമസ്തവും നഷ്ടപ്പെട്ടേക്കാം. എന്തുകൊണ്ടെന്നാൽ അവരുടെ മായാമോഹങ്ങൾ നീങ്ങിക്കിട്ടുമ്പോഴേക്കും കാലം വളരെ വൈകിയിരിക്കും.

ഈ ലഘുലേഖയിൽ, കുതിരയുടെവായിൽ നിന്നെന്നപോലെ, കമ്മ്യൂണിസ്റ്റ് ഐക്യമുന്നണികളുടെ യഥാർത്ഥമായ ഉദ്ദേശങ്ങളുടേയും അവ പ്രയോഗത്തിൽ വരുത്തപ്പെടുന്ന വൃത്തികെട്ട മാർഗ്ഗങ്ങളുടേയും നഗ്നമായ ചിത്രീകരണം നമുക്കു ലഭിക്കുന്നു. ഹങ്കേറിയൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഐക്യമുന്നണിവഴിയായി പ്രയോഗിച്ച പൈശാചികസമ്പ്രദായങ്ങൾ മത്യാസ് റെക്കോസി വെട്ടിത്തുറന്നു് സമ്മതിച്ചിരിക്കുന്നു. കമ്മ്യൂണിസത്താൽ വഞ്ചിതരായപച്ചപ്പരമാർത്ഥികൾക്കുപോലും ഈ പ്രഭാഷണം വായിച്ചാൽ പറയാൻ സാധ്യമല്ല, കമ്മ്യൂ

ണിസ്റ്റ് പാർട്ടിയെപ്പററി ദുഷ്പ്രചാരണങ്ങൾ ഇതിൽ മുഴക്കിയിരിക്കുകയാണെന്നും. പ്രഭാഷണത്തിലെ വാക്കുകൾ ഉന്നതകമ്മ്യൂണിസ്റ്റുസ്ഥാനീയായ റെക്കോസിയുടേതാണ്. ഐക്യമുന്നണിയുടെ തത്വം സിദ്ധാന്തപരമായി അദ്ദേഹം പ്രസംഗിക്കുകയല്ല, പിന്നെയോ സ്വന്തം രാജ്യത്തിൽ അതു പ്രയോഗത്തിൽ വരുത്തിയവിധത്തെപ്പററി പ്രസ്താവിക്കുകയാണു. കമ്മ്യൂണിസ്റ്റ് തന്ത്രത്തിന്റെ ഇതിലധികം വിശ്വാസയോഗ്യമായ ഒരു ചിത്രീകരണം ലഭിക്കാൻ സാദ്ധ്യമല്ല—ഇത്രയും ജയപ്രകാശ്.

കോൺഗ്രസ്സിനോടുള്ള വിരോധം നിമിത്തം തിരു-കൊച്ചിയെ കുഴച്ചിക്കെട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിടിയിലേല്പിക്കുവാൻ രാജ്യസ്നേഹമുള്ള ഇടതുപക്ഷങ്ങൾ സന്നദ്ധരാകയില്ലെന്നു നമുക്കു പ്രതീക്ഷിക്കാം.

---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |

---

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

13 ഞാ: പന്തക്കുസ്താ 16-ാം ഞായർ
14 തി: കുരിശിന്റെ പുകഴ്ച
15 ചൊ: മറിയത്തിന്റെ ഏഴു വ്യാകുലതകൾ
16 ബു: കൊർണേലിയോസും സിപ്രിയാനോസും
17 വ്യാ: ഫ്രാൻസീസ് അസ്സീസിയുടെ അഞ്ചു മുറിവുകൾ
18 വെ: ജോസഫ് കുപ്പർത്തിനോസ്
19: ശ: ജാനുവാരിയോസ്

—

## തിരുത്തു്

കഴിഞ്ഞലക്കം സത്യദീപത്തിൽ "തന്റെ മഹത്വമേറിയ സ്വർഗ്ഗാരോപണം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു വാഴ്വിനുശേഷമുള്ള ജപത്തിൽ കൂട്ടിച്ചേർക്കേണ്ടതു് "കന്യകയും മാതാവുമായ മറിയത്തിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നതു കഴിഞ്ഞാണെന്നു എഴുതിയിരുന്നു. എന്നാൽ അതിനുമുമ്പാണു് ആ വാചകം കൂട്ടിച്ചേർക്കേണ്ടതു്. (See Acta Apostolicae Sedis of April, 1953) എക്സാമിനർ പത്രം ആഗസ്റ്റ് 15-ലേയും (Page 403) ആഗസ്റ്റ് 22-ലേയും (Page 415) ലക്കങ്ങളിൽ ഈ പിശകു തിരുത്തിയിട്ടുണ്ടു്.

—

## നാല്പതാം അടിയന്തിരം

കാലംചെയ്ത മാർ ഈവാനിയോസ് തിരുമനസ്സിലെ ചരമത്തിന്റെ നാല്പതാം ദിനാചരണം സംബന്ധിച്ചു ആഗസ്റ്റ് 30-ാംനു തിരുവനന്തപുരം അതിരൂപതയൊട്ടുക്കു പ്രത്യേക പ്രാർത്ഥനകളും സാധുക്കൾക്കു അന്നദാനവും നടത്തപ്പെട്ടിരിക്കുന്നു. രാവിലെ കോട്ടയം മെത്രാൻ തിരുമനസ്സുകൊണ്ടു് സ്ഥലം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. പട്ടത്തു തിരുമനസ്സിലെ കബറിടത്തിൽ സജ്ജമാക്കിയിരുന്ന അൾത്താരയിൽ തിരുവല്ലാ മെത്രാൻ മാർ സെവേറിയോസ് തിരുമേനിയും തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് മാർ ഗ്രീഗോറിയോസ് തിരുമേനിയും വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാനും ചേന്നു മൂന്നുമേൽ കുർബാനയും അർപ്പിച്ചു. അതിനുശേഷം നടത്തപ്പെട്ട അടിയന്തിരത്തിൽ നാനാജാതിമതസ്ഥരായ പതിനായിരത്തോളം ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്തു. അനന്തരം എല്ലാവരും കബറിടത്തിങ്കൽ എത്തി ധൂപപ്രാർത്ഥനയിൽ പങ്കുകൊണ്ടു. മാർ ഈവാനിയോസ് തിരുമനസ്സിലെ അന്ത്യസന്ദേശം അച്ചടിച്ചു് അവിടെ സന്നിഹിതരായിരുന്നവരുടെയിടയിൽ വിതരണം ചെയ്യുകയുമുണ്ടായി.

## ഇടവകവാർത്തകൾ

കുടമാളൂർ: മുടിയൂർക്കരവാർഡിൽ വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ "ഹോളി ഫാമിലി" കോൺഫറൻസ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—ആപ്പുക്കരയിൽ ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—വല്ലം: ദി ലിററിൽ ഫ്ളവർ സി. വൈ. എം. എ. യുടെ പുതിയ സെക്രട്ടറിമാരായി മെ എ. മത്തായി, കെ. വി. വറുഗീസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സ്ഥലത്തെ സത്യദീപം ഏജൻസി അവർ തുടർന്നു നടത്തുന്നതാണു്.

—കുറുമാലി: സൗത്തിൻഡ്യൻ ഇൻഡസ്ട്രിയൽസിലെ കത്തോലിക്കാതൊഴിലാളികളെ ഉദ്ദേശിച്ചു് ആഗസ്റ്റ് 22, 23, 24 എന്നീ തീയതികളിൽ റവ. ഫാ. പോൾ ചിററിലപ്പിള്ളി ഒരു ധ്യാനം നടത്തിയിരിക്കുന്നു.

—കോട്ടയം: സി. എം. എസ്. കോളെജ് കാത്തലിക് സ്റ്റുഡൻറ്സ് അസോസിയേഷൻെറ ആദ്ധ്യാത്മികോപദേഷ്ടാവായ റവ. ഫാ. ജേക്കബ് കാലായിൽ സോഷ്യോളജിയിൽ ഉന്നതബിരുദം സമ്പാദിക്കുവാനായി അമേരിക്കയിലേക്കു പോകുന്നതു പ്രമാണിച്ചു് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—കട്ടച്ചിറ: കരിങ്കുന്നം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാ. കുര്യാക്കോസ് മ്യാലിൽ ഉപരിപഠനാർത്ഥം ഉടൻതന്നെ അമേരിക്കയിലേക്കു പുറപ്പെടുന്നതാണെന്നറിയുന്നു.

—വെണ്ടോർ: ഇടവകയിലെ വിവിധഭക്തസഖ്യങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഇടവകയുടെ ആദ്ധ്യാത്മികാഭിവൃദ്ധി ഉദ്ദേശിച്ചു് ഒരു പ്രസംഗപരമ്പര നടത്തപ്പെട്ടിരിക്കുന്നു.

—കുമ്മണ്ണൂർ: അനാഥശിശുക്കളുടെ സംരക്ഷണാർത്ഥം പാലാരൂപത വകയായി "സെൻറ് ജോസഫ്സ് ശിശുസംരക്ഷണകേന്ദ്രം" എന്ന അഭിധാനത്തിൽ ഒരു സ്ഥാപനം ആഗസ്റ്റ് 22-ാം തീയതി ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—ചങ്ങനാശേരി: ഫൊറോനാപള്ളിയുടെ ... ഒസ്സാനാമിന്റെ ചരമശതാബ്ദജൂബിലി സംബന്ധിച്ചു ആഘോഷങ്ങൾ ചങ്ങനാശേരി രൂപതയിൽ സെപ്റ്റംബർ 13-ാംനു മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായി ചങ്ങനാശേരി പർട്ടിക്കുലർ കൗൺസിൽ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

## ചരമം

ചുണങ്ങംവേലി, അഗതികളുടെ സഹോദരിമാരിൽപ്പെട്ട സിസ്റ്റർ ക്രിസ്റ്റീന ആഗസ്റ്റ് 28-ാം തീയതി ചരമംപ്രാപിച്ചിരിക്കുന്നു.

—തിടനാട്ടു് ഇടവകാംഗമായ തെള്ളിയിൽ പാപ്പൻ അവർകൾ 80-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## വിവാഹം

തൃശ്ശൂർ സെൻറു് തോമ്മസ് കോളെജ് വൈസ് പ്രിൻസിപ്പൽ ഷെവലിയർ ജോസഫ് പെട്ടയുടെ പുത്രി മിസ്സ് പി. ജെ. ഏലിക്കുട്ടിയും എറണാകുളത്തെ ഒരു അഡ്വൊക്കേററു് മി. എം. ഐ. ജോസഫും തമ്മിലുള്ള വിവാഹം ഓഗസ്റ്റ് 30-ാം തീയതി തൃശ്ശൂർ ലൂർദ്ദ് ഭദ്രാസനപ്പള്ളിയിൽവച്ചു് തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് ആശീർവ്വദിച്ചിരിക്കുന്നു.

## തിരുകൊച്ചിവാർത്തകൾ

### പെരുഞ്ചാണി അണ

തിരുവനന്തപുരത്തുനിന്നു 36 മൈൽ തെക്കുകിഴക്കു് പറളിയാററിൽ പണിതീർത്തിരിക്കുന്ന പെരുഞ്ചാണിയണയുടെ ഉൽഘാടനം രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് സെപ്റ്റംബർ 2-ാംനു നിർവ്വഹിച്ചിരിക്കുന്നു. 1948 ജൂലൈ മാസത്തിൽ പണിയാരംഭിച്ച ഈ അണയ്ക്കു ഇപ്പോൾ ആകെ 44 ലക്ഷം ക. യോളം ചെലവായിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. നാഞ്ചിനാടൻ നെൽപ്പാടങ്ങൾക്കാവശ്യമായ ജലം നൽകുന്നതിൽ കോതയാററിലെ പേച്ചിപ്പാറയണയുടെ അപര്യാപ്തത പരിഹരിക്കുന്നതിനാണു് പുതിയ അണ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇതുമൂലം 60,000-ത്തിൽപ്പരം ഏക്കർ നിലങ്ങൾ ജലക്ഷാമത്തിൽനിന്നും സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. അണയുടെ നീളം 1,224 അടിയും നദീതടത്തിൽനിന്നുള്ള ഉയരം 84 അടിയും അടിസ്ഥാനവീതി 90 അടിയുമാണു്. 230 കോടി ഘനയടി വെള്ളം സംഭരിച്ചു പുറത്തേക്കു വിടാൻ ഇതിനു കഴിയുന്നതാണു്.

### ജന്മിക്കരം

ജന്മിമാരുടേയും ദേവസ്വങ്ങളുടേയും സ്വത്തുക്കളിൽനിന്നും ഈടാക്കിവരുന്ന കരം രണ്ടരശതമാനം കൂടി വർദ്ധിപ്പിക്കണമെന്നുണ്ടായ ഗവമ്മെൻറിന്റെ തീരുമാനം സെപ്റ്റംബർ 3-ാംനു കൂടിയ സംയുക്തകോൺഫറൻസിനെ തുടർന്നു് റദ്ദാക്കിയിരിക്കുന്നതായറിയുന്നു.

### ചേർത്തലപഞ്ചായത്തു് തിരഞ്ഞെടുപ്പു്

13 സീററുള്ള ചേർത്തല പഞ്ചായത്തിലെ തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കോൺഗ്രസിനു് 5-ം ജനാധിപത്യമുന്നണിക്കു് 5-ം പി. എസ്. പി.ക്കു് ഒന്നും സ്വതന്ത്രർക്കു രണ്ടും സീററുകൾ ലഭിച്ചിട്ടുണ്ടു്.

### പഞ്ചായത്തു നിയമനങ്ങൾ

സംസ്ഥാനത്തെ പഞ്ചായത്തുകളുടെ ഭരണനിയന്ത്രണത്തിനാവശ്യമായ ഉദ്യോഗസ്ഥന്മാരുടെ നിയമനം ഉടനെ നടക്കുന്നതാണെന്നറിയുന്നു. ഓരോ പഞ്ചായത്തിലേക്കും ഓരോ എക്സിക്യൂട്ടീവു് ഓഫീസറും ഓരോ ക്ലാർക്കും ഓരോ ശിപായിയും വീതം നിയമിക്കപ്പെടുന്നതാണു്. ഇങ്ങനെ ആകെക്കൂടി രണ്ടായിരത്തിൽപ്പരം ആളുകൾക്കു് ഉദ്യോഗം ലഭിക്കുമെന്നറിയുന്നു.

### പാർലമെൻറു് സീററു് സ്ഥാനാർത്ഥി

മീനച്ചിൽ പാർലമെൻററി സീററിലേക്കു് മി. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ നാമനിർദ്ദേശപത്രിക കേന്ദ്ര ഇലക്ഷൻ ബോർഡ് അംഗീകരിച്ചിരിക്കുന്നു.

### ശ്രീകണ്ഠൻനായരുടെ സ്ഥാനം നഷ്ടപ്പെട്ടു

കൊല്ലം-മാവേലിക്കര പാർലമെൻററി നിയോജകമണ്ഡലത്തിൽനിന്നും ജയിച്ചു് ഇന്ത്യൻ പാർലമെൻറിലെ ഒരംഗമായിരുന്ന ശ്രീകണ്ഠൻനായരുടെ ജനസഭയിലെ അംഗത്വം നഷ്ടപ്പെട്ടിരിക്കുന്നു എന്നും ഒരു ഉപതിരഞ്ഞെടുപ്പിനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിക്കൊള്ളണമെന്നും കാണിച്ചു് ചീഫ് ഇലക്ഷൻ കമ്മീഷണരുടെ ഒരു സന്ദേശം തിരു-കൊച്ചി ഗവർമ്മെൻറിനു് ലഭിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### തൊഴിലില്ലായ്മക്കു പരിഹാരം

അഭ്യസ്തവിദ്യർക്കു് തൊഴിൽ നൽകുന്നതിലേക്കായി 14.7 കോടി ക. യുടെ ഒരു പ്രത്യേക വിദ്യാഭ്യാസ വികസനപരിപാടി ഇൻഡ്യാഗവമ്മെൻറു് ആസൂത്രണം ചെയ്തിട്ടുണ്ടെന്നു് ധനകാര്യമന്ത്രി മി. ദേശ്മുഖ് ജനസഭയിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുതപദ്ധതി സ്റ്റേററുഗവമ്മെൻറുകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം നടപ്പിൽ വരുത്തുന്നതാണെന്നും അതിന്റെ ഫലമായി 84000 പേർക്കു് തൊഴിൽ നൽകുവാൻ സാധിക്കുന്നതാണെന്നും അദ്ദേഹം തുടർന്നുവെളിപ്പെടുത്തി.

### നിമിററ്സ രാജിവച്ചു

ഐക്യരാഷ്ട്ര സമിതിയിൽനിന്നും കാശ്മീർ ഹിതപരിശോധനോദ്യോഗസ്ഥനായി നിയമിക്കപ്പെട്ടിരുന്ന അഡ്മിറൽ ചെസ്റ്റർ നിമിററ്സ് തൽസ്ഥാനം രാജിവച്ചിരിക്കുന്നു. നാലു കൊല്ലം മുമ്പാണു് അദ്ദേഹം പ്രസ്തുതോദ്യോഗത്തിൽ പ്രവേശിച്ചതു്. വ്യക്തിപരമായ കാരണങ്ങളാണു് തന്റെ രാജിക്കു ഹേതുവെന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതായറിയുന്നു.

### മതകാര്യങ്ങൾക്കുള്ള സംഭാവനകളെ നികുതിയിൽ നിന്നും ഒഴിവാക്കും

മരണനികുതിബില്ലിന്റെ പരിധിയിൽ മതകാര്യങ്ങൾക്കുള്ള സംഭാവനകളേയും ഉൾപ്പെടുത്തികൊണ്ടുള്ള ധനകാര്യമന്ത്രിയുടെ ഭേദഗതി ജനസഭയിലുണ്ടായ ശക്തിയായ എതിർപ്പിനെത്തുടർന്നു് മന്ത്രി പിൻവലിച്ചിരിക്കുന്നു.

### ഇൻഡ്യയിലെ പുതിയ അംബാസിഡർ

മൈക്കൾ അലക്സിവിച്ചു് മെൻഷിറവ് കോവിനെ ഇൻഡ്യയിലെ പുതിയ അംബാസിഡറായി മോസ്കോഗവർമ്മെൻറു് നിയമിച്ചിരിക്കുന്നു.

### 2 വർഷം മുമ്പുള്ള ദാനത്തിന്മേൽ നികുതി

മരണത്തിനു 2 വർഷം മുമ്പു ചെയ്യുന്ന ദാനങ്ങളിന്മേൽ എസ്റ്റേററു ഡ്യൂട്ടി ചുമത്തുന്നതു സംബന്ധിച്ച വകുപ്പു സെപ്റ്റംബർ 5-ാംനു ജനസഭ പാസ്സാക്കിയിരിക്കുന്നു.

### ആഭാസവേഷനിരോധനബിൽ

യു. പി. നിയമസഭയിൽ ഒരു സ്വതന്ത്രമെമ്പറായ മി. ഗുരുനരയിൻ "യു. പി. ആഭാസവേഷനിരോധനബില്‍" എന്നപേരിൽ ഒരു ബില്ല് അവതരിപ്പിച്ചിരിക്കുന്നു. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ മനുഷ്യരുടെ ഏതെങ്കിലും രൂപത്തിലോ ഭാവത്തിലോ ഉള്ള, അച്ചടിച്ചതോ നെയ്തതോ ആയ, ചിത്രങ്ങളോ, ചിഹ്നങ്ങളോ, പ്രതിരൂപങ്ങളോ, ലേഖനങ്ങളോ ഉള്ള വസ്ത്രങ്ങൾ പരസ്യമായി ധരിച്ചു നടക്കുന്നതിനെ നിരോധിക്കുന്നതിനുവേണ്ടിയുള്ളതാണു് ഈ ബിൽ.

ആഭാസമായ വേഷത്തിലുള്ള സിനിമാനടികളുടെയും മററു് ആളുകളുടെയും ചിത്രങ്ങളുള്ള ഷർട്ടുകളും ബുഷ്കോട്ടുകളും ധരിക്കുക പ്രത്യേകിച്ചും യുവാക്കളുടെ ഇടയിൽ ഇന്നു സർവ്വസാധാരണമായിത്തീർന്നിരിക്കുകയാണെന്നും, അത്തരം വേഷങ്ങൾ കാണാൻകൊള്ളാത്തതും ആഭാസമയവുമാണെന്നും അതിനാൽ അതു തടയേണ്ടതു് ആവശ്യമായിരിക്കുന്നുവെന്നും ബില്ലിന്റെ ഉദ്ദേശ്യങ്ങളിലും കാരണങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

## വിദേശവാർത്തകൾ

### അദൃശ്യമായ പ്രപഞ്ചം

ബ്രിട്ടീഷ് ശാസ്ത്രവികസനസംഘം പ്രസിഡണ്ടായ സർ എഡ്വേർഡ് ആപ്പിൾടൺ എന്ന പ്രസിദ്ധശാസ്ത്രജ്ഞൻ അടുത്തദിവസം ലിവർപൂളിൽ വച്ചു നടന്ന സംഘത്തിന്റെ വാർഷികയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ, "പത്തുകോടി സംവത്സരങ്ങൾകൊണ്ടു് ശൂന്യവിഹായസ് കടന്നു് ഭൂമിയിൽ എത്തിയിട്ടുള്ള റേഡിയോതരംഗങ്ങൾ ദൃഷ്ടിഗോചരമല്ലാത്ത ഒരു പ്രപഞ്ചത്തിന്റെ അസ്തിത്വത്തെ വെളിപ്പെടുത്തുന്നുണ്ടെ"ന്നു പ്രസ്താവിച്ചിരിക്കുന്നു. ജ്യോതിശ്ശാസ്ത്രം പ്രകാശമില്ലാത്ത ചില അദൃശ്യനക്ഷത്രങ്ങൾ ഇപ്പോൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും അവ ബഹിർഗമിക്കുന്ന റേഡിയോവീചികളെ റേഡിയോടെലസ്കോപ്പിൽ പിടിച്ചെടുക്കാൻ കഴിയുമെന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

### ബ്രിട്ടീഷ് കാബിനററ്

ബ്രിട്ടീഷ് പ്രധാനമന്ത്രി മി. വിൻസ്റ്റൺ ചർച്ചിൽ സെപ്റ്റംബർ 3-ാംനു തന്റെ മന്ത്രിസഭയിൽ ചില മാററങ്ങൾ വരുത്തിയിരിക്കുന്നു. ട്രാൻസ്പോർട്ടു് വകുപ്പിലെ ഒരു സഹമന്ത്രിയായ 70 വയസ്സുള്ള ലതേഴ്സ് പ്രഭുവിനെ പിരിച്ചുവിടുകയും പ്രസ്തുതോദ്യോഗം നിർത്തലാക്കുകയും ചെയ്തു. വിദേവവകുപ്പിലെ മന്ത്രിയായ 72 വയസ്സുള്ള സർ ആർതർ സോൾട്ടർ പിരിച്ചുവിടപ്പെട്ടു. മന്ത്രിസഭാംഗങ്ങളുടെ എണ്ണം ഇപ്പോൾ 17-ൽനിന്നും 19 ആയി വർദ്ധിപ്പിച്ചിരിക്കുന്നു. പ്രധാനസ്ഥാനങ്ങൾ പഴയപടിതന്നെ തുടരുന്നതാണു്.

### എവറസ്റ്റിൽ കുരിശു സ്ഥാപിച്ചു

എവറസ്റ്റു് കൊടുമുടിയിൽ താൻ ഒരു കുരിശു നിക്ഷേപിച്ചിട്ടുണ്ടെന്നു് എവറസ്റ്റാരോഹണത്തിൽ വിജയിയായ സർ എഡ്മണ്ടു് ഹിലാരി വെളിപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കുരിശു് ഒരു ആംഗ്ലേയകത്തോലിക്കാവൈദികൻ ഏല്പിച്ചിരുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

## വൈദികബ്രഹ്മചര്യം

ബ്രഹ്മചര്യം സ്വതവേ ശ്രേഷ്ഠമാകയാൽ ദൈവശുശ്രൂഷകരായ വൈദികർ ബ്രഹ്മചാരികളായി ജീവിക്കുന്നതു് ഉചിതമായിരിക്കുന്നെന്നു കഴിഞ്ഞ ലക്കത്തിൽ സമത്ഥിച്ചിരുന്നല്ലൊ. വൈദികരുടെ ബ്രഹ്മചര്യം തിരുസ്സഭയ്ക്കും അവക്കുതന്നെയും വിശ്വാസികൾക്കും ഏററവും ഗുണപ്രദമാണെന്നാണു് ഇപ്രാവശ്യം സമത്ഥിക്കുവാൻ പോകുന്നതു്.

കത്തോലിക്കാ തിരുസ്സഭ ഇന്നും പച്ചയായി നിലകൊള്ളുവാനുള്ള കാരണം വൈദികരുടെ ബ്രഹ്മചര്യമാണെന്നു ഗാന്ധിജി ഒരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. 1952 ഒക്ടോബർ 29-ാംനു മദ്രാസ് പ്രധാനമന്ത്രി ശ്രീ രാജഗോപാലാചാരി മദ്രാസിലെ ലയോള കോളെജിൽ കൂടിയ ഒരു യോഗത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചുകൊണ്ടു് പ്രസ്താവിച്ചതിങ്ങനെയാണു്: "ഇത്രയേറെ കുട്ടികളുടെ കാര്യം ഏറെറടുത്തിരിക്കുന്ന അവിവാഹിതരായ ഈ ആര്യചരിതരെപ്പററിയുള്ള അഭിനന്ദനം എന്നെ അപഹൃതചിത്തനാക്കിയിരിക്കുന്നു." ക. സഭയുടെ ആഭിമുഖ്യത്തിൽ നിരവധി വിദ്യാലയങ്ങളും പരോപകാരസ്ഥാപനങ്ങളും ഇന്നു നടത്തിവരുന്നുണ്ടു്. അവ ഓരോന്നിന്റെയും പിന്നിൽ സാധാരണയായി ത്യാഗശാലിയായ ഒരു വൈദികന്റെ ചരിത്രം കാണും. അതുപോലെ, നാടും വീടും വിട്ടു് വിദൂരങ്ങളിൽ പോയി മിഷൻവേല ചെയ്യുന്ന വൈദികരും പലരുണ്ടു്. ഇതെല്ലാം സാധ്യമായിരിക്കുന്നതു വൈദികർ ബ്രഹ്മചാരികളായിരിക്കുന്നതുകൊണ്ടാണെന്നു നിസ്സന്ദേഹം പറയാം.

സഭയും രാഷ്ട്രവും തമ്മിൽ പലപ്പോഴും സംഘട്ടനങ്ങളുണ്ടാകാനിടയുണ്ടു്. അത്തരമവസരങ്ങളിൽ ധീരോദാത്തതയോടുകൂടി സഭാവകാശങ്ങൾക്കുവേണ്ടി വാദിക്കുവാനും മദ്ദനത്തെ ചെറുത്തുനില്ക്കുവാനും അവിവാഹിതനായ ഒരു പുരോഹിതനായിരിക്കും കൂടുതൽ സന്നദ്ധത പ്രകാശിപ്പിക്കുക. സ്വന്തം കുടുംബാംഗങ്ങളുടെ ഭാവിയെപ്പററിയുള്ള ചിന്ത വിവാഹിതനായ ഒരു പുരോഹിതനെ കൃത്യവിലോപത്തിനു പ്രേരിപ്പിച്ചെന്നുവരാം. മാത്രമല്ല, അദ്ദേഹത്തിന്റെ കളത്രപുത്രാദികൾ സഭാകാര്യങ്ങളിൽ അവിഹിതമായ പ്രേരണാശക്തി ചെലുത്തിയെന്നുംവരാം. ചുരുക്കിപ്പറഞ്ഞാൽ സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും സഭയുടെ അഭിവൃദ്ധിക്കുവേണ്ടി ത്യാഗബുദ്ധിയോടും വീരോചിതമായ സേവനസന്നദ്ധതയോടുംകൂടി വേലചെയ്യുന്നതിനും ബ്രഹ്മചാരികളായ വൈദികക്കാണു് കൂടുതൽ കഴിവും സൗകര്യവുമുള്ളതു്. ഇതു മനസ്സിലാക്കിയിട്ടായിരിക്കണം, ഇക്കാലത്തു ഹൈന്ദവർപോലും അവിവാഹിതരായ ഒരു ഗണം പുരോഹിതരുണ്ടായാൽ തങ്ങളുടെ സമുദായം പൂവ്വാധികം അഭിവൃദ്ധി പ്രാപിക്കുമെന്ന നിഗമനത്തിലെത്തിയിരിക്കുന്നതു്.

ബ്രഹ്മചാരിയായ ഒരു വൈദികനു സ്വയം മുഴുവനായി ദൈവസേവനത്തിനു സമപ്പിക്കുവാനും അങ്ങനെ വളരെയധികം പുണ്യയോഗ്യത സമ്പാദിക്കുവാനും സാധിക്കുന്നു. ബ്രഹ്മചര്യവ്രതത്തിൽ അടങ്ങിയിരിക്കുന്ന മാഹാത്മ്യംതന്നെ സമ്മാനാർഹമാണു്. ദൈവസ്നേഹത്തിൽ ഉപര്യുപരി അഭിവൃദ്ധി പ്രാപിക്കുന്നതിനു് ഈ വ്രതം അദ്ദേഹത്തെ സഹായിക്കുന്നു. വി. പൗലോസ്ശ്ലീഹ എഴുതിയിരിക്കുന്നതു നോക്കുക: "ഭാര്യയില്ലാത്തവൻ തന്റെ കത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ചു തന്റെ കത്താവിനെ സംബന്ധിക്കുന്നവ വിചാരിക്കുന്നു. ഭാര്യയുള്ളവനോ തന്റെ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ചു് ലോകസംബന്ധമായവയെപ്പററി വിചാരപ്പെടുന്നു." (I കൊറി. 7: 32—33). മററാക്കും പാടാൻ സാധിക്കാത്ത ഒരു സ്വർഗ്ഗീയഗാനവു മാലപിച്ചുകൊണ്ടു് കുഞ്ഞാടായ ഈശോയെ അനുഗമിക്കുന്ന ബ്രഹ്മചാരികളെപ്പററി വി. യോഹന്നാന്റെ വെളിപാടിൽ പ്രസ്താവിക്കുന്നുണ്ടു: "സ്ത്രീകളോടുകൂടി മലിനപ്പെടാത്തവരാകുന്നു ഇവർ. എന്തെന്നാൽ ഇവർ വിഷയവിരക്തരാകുന്നു. ഇവരാകുന്നു കുഞ്ഞാടു പോകുന്നിടത്തു് അവനെ അനുഗമിക്കുന്നവർ. ഇവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി ഈശോയാൽ മനുഷ്യരിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു." (വെളി. 14:4) ബ്രഹ്മചാരിയായ വൈദികനു പ്രാത്ഥനയ്ക്കും പരസേവനത്തിനുമായി തന്റെ സമയം മുഴുവൻ വിനിയോഗിക്കാൻ സാധിക്കുമെന്നതും അവിതക്കിതമായ ഒരു വസ്തുതയാണു്.

വിശ്വാസികളെ സംബന്ധിച്ചു നോക്കിയാലും അവക്കു കൂടുതൽ പ്രയോജനം ലഭിക്കുന്നതു ബ്രഹ്മചാരികളായ വൈദികരിൽനിന്നാണു്. അവർ കൂടുതൽ വിലമതിക്കുന്നതും ബഹുമാനിക്കുന്നതും അത്തരം വൈദികരെയാണു്. ബ്രഹ്മചാരികളായ വൈദികർ വിശ്വാസികളെ എല്ലാവരേയും തങ്ങളുടെ പുത്രരായി സ്വീകരിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യുന്നു. അതുപോലെ വിശ്വാസികൾ സ്വാഭാവികപിതൃത്വം ഇല്ലാത്ത തങ്ങളുടെ ആത്മീയപിതാക്കന്മാരെ സ്നേഹിക്കുകയും സ്വാതന്ത്ര്യപൂവ്വം സമീപിക്കുകയുംചെയ്യുന്നു. ബ്രഹ്മചാരികളായ പുരോഹിതരിലാണു് സാമാന്യജനങ്ങൾ കൂടുതൽ വിശ്വാസമപ്പിക്കുന്നതു്. അവരോടു സ്വന്തം പാപങ്ങൾ ഏററുപറയാനും അവക്കു യാതൊരു പ്രയാസവും അനുഭവപ്പെടുന്നില്ല.

വിവാഹിതനായ ഒരു പ്രോട്ടസ്റ്റൻറു പുരോഹിതനും ഡബ്ലിനിലെ ട്രിനിററി കോളെജിലെ ഒരു പ്രഫസറുമായിരുന്ന ഡോക്ടർ മഹാഫി വൈദികബ്രഹ്മചര്യത്തിന്റെ ഗുണഫലങ്ങളെപ്പററി എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്: "സുവിശേഷപ്രസംഗത്തെ സംബന്ധിച്ചിടത്തോളം വൈവാഹികജീവിതം വലിയ പ്രയാസങ്ങൾക്കും തടസ്സങ്ങൾക്കും കാരണമാകുന്നുവെന്നതിനു സംശയമില്ല. രോഗവും മനുഷ്യസാധാരണമായ മററനത്ഥങ്ങളും നിമിത്തമുളവാകുന്ന അസൗകര്യങ്ങൾ കുടുംബത്തിലെ അംഗങ്ങളുടെ തോതനുസരിച്ചു് വർദ്ധിക്കാതെ തരമില്ല. എല്ലാ രാജ്യങ്ങളിലേയും വൈദികക്കു വലിയ കുടുംബങ്ങൾ ഉണ്ടാകാനിടയുള്ളതുകൊണ്ടു് പ്രസംഗവിഷയങ്ങളെപ്പററിയുള്ള ധ്യാനത്തിൽ ചെലവഴിക്കാൻ സാധിക്കുമായിരുന്ന സമയം അവരിൽനിന്നു മററു ചുമതലകളാലും ബദ്ധപ്പാടുകളാലും അപഹരിക്കപ്പെടുന്നു. കത്തോലിക്കാ പുരോഹിതനാകട്ടെ, വെളിയിൽ അദ്ദേഹം അനുദിനം നിവ്വഹിക്കേണ്ട കൃത്യങ്ങൾ നിവ്വഹിച്ചുകഴിയുമ്പോൾ മടങ്ങിവന്നു് ഏകാന്തമായ പഠനത്തിലേപ്പെടുന്നു. അദ്ദേഹത്തിന്റെ ഏകാഗ്രചിന്തയ്ക്കു തടസ്സം വരുത്തുന്ന യാതൊന്നും അവിടെയില്ല. കുടുംബജീവിതം നയിക്കുന്നവൻ വാതിൽക്കൽ എത്തുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ പ്രത്യാഗമനത്തെ സ്വാഗതംചെയ്തുകൊണ്ടും തങ്ങളുടെ കൊച്ചുകൊച്ചുകാര്യങ്ങളിൽ അദ്ദേഹം താല്പര്യം പ്രദശിപ്പിക്കുമെന്നു ന്യായമായി പ്രതീക്ഷിച്ചുകൊണ്ടും നില്ക്കുന്ന കുട്ടികളുടെ നിരകളെയാണു് കണ്ടുമുട്ടുന്നതു്. ചിലപ്പോഴെല്ലാം അദ്ദേഹം ഗാർഹികമായ കക്ഷിവഴക്കുകൾ പറഞ്ഞുതീക്കുവാനുള്ള ഒരു മദ്ധ്യസ്ഥനായും വത്തിക്കേണ്ടിവരും. അങ്ങനെ അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടുന്നതു മനുഷ്യവഗ്ഗത്തിന്റെ കുററങ്ങളേയും വിഡ്ഢിത്തങ്ങളേയും പററിയുള്ള വെറും താത്വികമായ വിചിന്തനമല്ല, പ്രത്യുത അവ യഥാത്ഥത്തിൽ തന്റെ ഭവനത്തിൽ നടത്തിയ ആക്രമണത്തെപ്പററിയുള്ള ചിന്തയായിരിക്കും."

വൈദികബ്രഹ്മചര്യത്തിന്റെ ഗുണഫലങ്ങളെപ്പററി ഇങ്ങനെ പലതും പ്രസ്താവിക്കാനുണ്ടെങ്കിലും, സഭയ്ക്കും സമുദായത്തിനുംവേണ്ടി നിസ്സ്വാത്ഥസേവനമനുഷ്ഠിക്കുവാൻ വിവാഹിതരായ വൈദികക്കു അസാദ്ധ്യമാണെന്നോ, അത്തരം വൈദികർ അവരുടെയിടയിൽ ഇല്ലെന്നോ ഇവിടെ വിവക്ഷിക്കുന്നില്ല. അവിവാഹിതരായ വൈദികരുടെ ഇടയിൽ സന്മാർഗ്ഗഭ്രംശം ഭവിച്ച ചിലരുണ്ടായേക്കാനിടയുള്ളതുകൊണ്ടു് വൈദികബ്രഹ്മചര്യം അനഭിലഷണീയമായി ഭവിക്കുന്നില്ലേ എന്ന ഒരു ചോദ്യം ഉദിക്കുന്നുണ്ടു്. അതിനുള്ള സമാധാനം അടുത്തതിൽ.

## ചോദ്യോത്തരപംക്തി

പത്രോസിന്റെ പരമാധികാരത്തിനെതിരായി ഒരു മാന്യലേഖകൻ ഉദ്ധരിച്ചിരുന്ന വേദവാക്യങ്ങളിൽ ശേഷമുള്ളവയാണു് ഇപ്പോൾ ചച്ചചെയ്യാൻ പോകുന്നതു്.

17) നടപടി 8: 14: "ഇങ്ങനെ ശമ്രായജനം ദൈവത്തിന്റെ വചനം സ്വീകരിച്ചു എന്നു് ഓറെശ്ലെത്തെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമവോൻ കേപ്പായേയും യോഹന്നാനേയും അവരുടെ പക്കൽ അയച്ചു."

പീലിപ്പോസിന്റെ പ്രസംഗവും പ്രവത്തനവുംവഴി ശമ്രായയിലെ ജനം ജ്ഞാനസ്നാനം സ്വീകരിച്ചു. അനന്തരസംഭവത്തെപ്പററിയാണു് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതു്. ഓറെശ്ലെത്തെ ശ്ലീഹന്മാർ പത്രോസിനേയും യോഹന്നാനേയും, ശമ്രായയിലെ ക്രൈസ്തവക്കു സ്ഥൈര്യലേപനം നൽകുന്നതിനുവേണ്ടി അങ്ങോട്ടു് "അയച്ചു" പത്രോസ് അപ്രകാരം അയക്കപ്പെട്ടതിനാൽ അദ്ദേഹം മററു ശ്ലീഹന്മാരെക്കാൾ വലിയവനല്ല എന്നായിരിക്കണമല്ലോ ചോദ്യകാരന്റെ വാദഗതി.

എന്നാൽ, പലതരത്തിലുള്ള "അയക്കൽ" പാടുണ്ടു്. (1) മേലുള്ളവൻ കീഴുള്ളവനെ അയക്കുന്നതു്. ഉദാ. യജമാനൻ ഭൃത്യനെ അയക്കുന്നതു്. (2) സമന്മാർ തങ്ങളുടെ പ്രതിനിധിയായി ഒരാളെ തിരഞ്ഞെടുത്തയക്കുന്നതു്. (3) കീഴുള്ളവർ മേലുള്ളയാളോടു് ഏതെങ്കിലും കാര്യം സാധിക്കുന്നതിനുവേണ്ടി പോകാൻ അഭ്യത്ഥിക്കുന്നതു്. ഉദാ. യോഗനിശ്ചയങ്ങൾ അധികാരസ്ഥാനങ്ങളിൽ അറിയിക്കാൻ ചിലപ്പോൾ അദ്ധ്യക്ഷനെത്തന്നെ ചുമതലപ്പെടുത്തി അയക്കാറുണ്ടു്. മക്കൾ ചിലപ്പോൾ അപ്പനെ ചന്തയിലേക്കു് "അയക്കാ"റുണ്ടു്. ഇടവകജനങ്ങൾ വികാരിയെ മന്ത്രിയുടെ പക്കലേക്കു് "അയക്കാ"റുണ്ടു്. പൗരന്മാർ ഭരണകത്താവിനെത്തന്നെ ചിലപ്പോൾ കോൺഫറൻസുകളിലും മററും സംബന്ധിക്കുന്നതിനുവേണ്ടി മറുരാജ്യങ്ങളിലേക്കു് "അയക്കാ"റുണ്ടു്. ആകയാൽ കീഴുള്ളവർ മേലുള്ളവരേയും "അയക്കു"ന്ന സാഹചര്യങ്ങൾ ഉണ്ടാകാമെന്നു സിദ്ധിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ മേലുള്ളവർ ആജ്ഞ അനുസരിച്ചു പോകുകയല്ല, അഭ്യത്ഥന സ്വീകരിച്ചു പോകുകയാണു ചെയ്യുന്നതു്.

ശ്ലീഹന്മാർ പത്രോസിനെ ശമ്രായയിലേക്കു് "അയച്ച"തു് ഈ മൂന്നാമതു പറഞ്ഞ തരത്തിലാകാവുന്നതുകൊണ്ടു്, ഉദ്ധൃതവാക്യത്തിൽനിന്നു പത്രോസിനു പരമാധികാരമില്ലായിരുന്നുവെന്നു വാദിച്ചുകൂടാത്തതാകുന്നു.

18) നടപടി 15: 11—20. ഓറെശ്ലെം സൂനഹദോസിൽ വി. യാക്കോബു ചെയ്ത പ്രസംഗമാണു് ഇവിടത്തെ പ്രതിപാദ്യവിഷയം. അതിൽനിന്നും ചോദ്യകാരൻ ഉന്നയിക്കുന്ന വാദമെന്തെന്നു് വ്യക്തമല്ല. യോഗത്തിൽ അവസാനം സംസാരിച്ചതു യാക്കോബാകയാൽ, അദ്ദേഹമായിരുന്നു യോഗാദ്ധ്യക്ഷൻ എന്നു വാദിക്കുന്നവരുണ്ടു്. അതു വിചിത്രമായ ഒരു വാദമെന്നേ പറയേണ്ടു. നമ്മുടെ യോഗങ്ങളിൽ സാധാരണമായി അവസാനം സംസാരിക്കുന്നതു കൃതജ്ഞതാപ്രകാശനം നടത്തുന്ന ആളാണു്. അതുകൊണ്ടു് അയാളാണു് യോഗാദ്ധ്യക്ഷനെന്നോ, യോഗത്തിൽ പ്രമുഖനെന്നോ വല്ലവരും പറയുമോ? ഇക്കാലത്തു യോഗത്തിൽ ഔദ്യോഗികമായി അവസാനം സംസാരിക്കുന്നതു് അദ്ധ്യക്ഷനാണെന്നുതന്നെ ഇരുന്നുകൊള്ളട്ടെ. അക്കാലത്തും അങ്ങനെയായിരിക്കണമെന്നില്ലല്ലൊ. മാത്രമല്ല, വലിയ "തക്കമുണ്ടായപ്പോൾ" പത്രോസാണു് എഴുന്നേററു് സംസാരിക്കുന്നതു്. (വാക്യം 7) അപ്പോൾ എല്ലാവരും "മിണ്ടടങ്ങുന്നു." (വാക്യം 12) പിന്നീടു് യാക്കോബു് എഴുന്നേററു് പത്രോസിന്റെ വാക്കുകളെ പിന്താങ്ങുകയാണു് ചെയ്യുന്നതു്. അദ്ദേഹം സ്ഥലത്തെ മെത്രാനും യഹൂദാചാരപ്രിയരുടെ മതിപ്പിനു പാത്രീഭവിച്ചിരുന്ന ഒരാളുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രസംഗം അസ്ഥാനത്തായിരുന്നില്ല.

19-ാം വാക്യം "ഇതിനാൽ ഞാൻ പറയുന്നു: പുറജാതികളിൽനിന്നു ദൈവത്തിന്റെ പക്കലേക്കു തിരിഞ്ഞവരെ അസഹ്യപ്പെടുത്തരുതു്", എന്നാണു്. ഈ വാക്യത്തിലെ "ഞാൻ പറയുന്നു" എന്ന ഭാഗം "ഞാൻ വിധി പറയുന്നു" എന്നു തജ്ജിമചെയ്തുകൊണ്ടു്, യോഗത്തിൽ വിധി പ്രസ്താവിക്കുന്നതു യാക്കോബാകയാൽ, പത്രോസിനു പരമാധികാരമുണ്ടായിരുന്നില്ലെന്നു ചില പ്രോട്ടസ്റ്റൻറുകാർ വാദിക്കാറുണ്ടു്. എന്നാൽ "ഞാൻ അഭിപ്രായപ്പെടുന്നു" എന്ന തജ്ജിമയും അവരുടെ ഇടയിൽ ഉണ്ടായിട്ടുള്ളകാര്യം പ്രസ്താവ്യമാണു്.

ഗ്രീക്കുമൂലത്തിൽ "ക്രീനോ" എന്ന ശബ്ദമാണു് ഉപയോഗിച്ചിരിക്കുന്നതു്. അതിനു് "ഞാൻ വിധിക്കുന്നു" "ഞാൻ അഭിപ്രായപ്പെടുന്നു" എന്ന രണ്ടത്ഥവുമുണ്ടു്. (See "Handbook to The Grammar of the Greek Testament") എന്നാൽ രണ്ടാമത്തെ അത്ഥമാണു സന്ദഭത്തിനു യോജിക്കുന്നതു്. കാരണം യാക്കോബു് തനിച്ചല്ല, എല്ലാവരും കൂടിയാണു യോഗനിശ്ചയത്തെപ്പററി അന്ത്യോക്യയിലേക്കു് എഴുത്തയക്കുന്നതു്. (വാക്യം 23). യാക്കോബു് സ്വന്തമായി ചെയ്ത ഒരു വിധിയല്ലായിരുന്നു അതെന്നു വ്യക്തം. മേൽപ്പറഞ്ഞ രണ്ടാമത്തെ അത്ഥം പുരാതനസുറിയാനി വിവത്തനത്തോടു യോജിക്കുന്നുമുണ്ടു്. അവിടെ "ആമർനാ" എന്നാണു പ്രയോഗിച്ചിരിക്കുന്നതു്. "ഞാൻ പറയുന്നു" എന്നാണു് അതിന്റെ അത്ഥം. ലത്തീൻ "വുൾഗാത്ത"യിൽ നിന്നുള്ള മോൺ. നോക്സിന്റെ ഇംഗ്ലീഷുതജ്ജിമയിൽ "I give my voice" എന്നാണു് കാണുന്നതു്. "ഞാൻ അഭിപ്രായപ്പെടുന്നു" എന്നാണു് അതിന്റെയുമത്ഥം.

"ക്രീനോ" എന്ന ശബ്ദം "ഞാൻ വിധിക്കുന്നു" എന്ന അത്ഥത്തിലാണു മൂലത്തിൽ പ്രയോഗിച്ചിരിക്കുന്നതു് എന്നു വന്നാൽത്തന്നെ പത്രോസിനു പരമാധികാരമില്ലായിരുന്നെന്നു വരികയില്ല. ഒന്നാമതായി, യാക്കോബു വിധിക്കുന്നതു പത്രോസിന്റെ അഭിപ്രായത്തെ ആധാരമാക്കിയാണു്. രണ്ടാമതായി, അവസാനം കത്തെഴുതുന്നതു ശ്ലീഹന്മാർ എല്ലാവരുംകൂടിയാണു് (വാക്യം 23). ആകയാൽ യാക്കോബിന്റെവിധിയെ പത്രോസും മററു ശ്ലീഹന്മാരും സ്വന്തമാക്കുന്നുണ്ടു്. അതായതു യാക്കോബിന്റെ വിധിയെ അവർ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. പത്രോസിന്റെ അംഗീകരണത്തിനു് അദ്ദേഹത്തിന്റെ സ്ഥാനത്തിനു് അനുയോജ്യമായ വിലയുണ്ടായിരുന്നുവെന്നു തീച്ചയാണു്. ഇപ്പോൾത്തന്നെ സൂനഹദോസു തീരുമാനങ്ങൾക്കു (Ego definio et Subscribo) "ഞാൻ നിണ്ണയിക്കുകയും അംഗീകരിച്ചു് ഒപ്പുവയ്ക്കുകയും ചെയ്യുന്നു" എന്നെഴുതി മെത്രാന്മാർ സ്ഥിരീകരണം നൽകാറുണ്ടു്. എന്നാൽ മാർപ്പാപ്പായുടെ അംഗീകരണം ലഭിക്കുമ്പോഴാണു തീരുമാനങ്ങൾക്കു പൂണ്ണമായ വിലയുണ്ടാകുന്നതു്. ഈ ന്യായങ്ങളാൽ യാക്കോബു് "ഞാൻ വിധിക്കുന്നു" എന്നു പറഞ്ഞാൽത്തന്നെ അദ്ദേഹത്തിനു പരമാധികാരമുണ്ടെന്നോ പത്രോസിനതു് ഇല്ലെന്നോ അനുമാനിച്ചുകൂടാത്തതാകുന്നു.

19) നടപടി 11:23. "അവൻ (ബർനബ) അവിടെ (അന്ത്യോക്യയിൽ)വന്നു ദൈവത്തിന്റെ കൃപ കണ്ടപ്പോൾ സന്തോഷിച്ചു. നമ്മുടെ കത്താവിനോടു തങ്ങളുടെ പൂണ്ണഹൃദയത്തോടുകൂടി ചേർന്നുനില്ക്കുവാൻ അവരോടു് അവൻ ഉപദേശിച്ചിരുന്നു."

കത്താവിനോടു ചേർന്നുനില്ക്കാൻ ഉപദേശിച്ചതുകൊണ്ടു് പത്രോസിനു് അധികാരമില്ലെന്നാണോ ചോദ്യകാരന്റെ വാദം? കത്താവിനോടു ചേർന്നുനില്ക്കുന്നവൻ അവിടുത്തെ പ്രതിനിധിയോടും ചേർന്നുനില്ക്കുന്നതാണു്.

മാർപ്പാപ്പായുടെ പരമാധികാരത്തെ അംഗീകരിക്കുന്നവരാണു കത്തോലിക്കർ. ഇപ്പോളൊരു കത്തോലിക്കാവൈദികൻ, "കത്താവിനോടു ചേർന്നുനില്ക്കുക" എന്നുപദേശിച്ചാൽ മാർപ്പാപ്പായെ അനുസരിക്കേണ്ടെന്നു് അതിനു വല്ലവരും അത്ഥം കല്പിക്കുമോ? കത്താവിനോടു ചേർന്നുനില്ക്കുന്നതും പത്രോസിനോടു് അഥവാ അദ്ദേഹത്തിന്റെ പിൻഗാമിയോടു ചേർന്നുനില്ക്കുന്നതും പരസ്പരവിരുദ്ധമായ സംഗതികളാണെങ്കിലല്ലേ ആ അത്ഥം ഉണ്ടാകയുള്ളു? വാസ്തവത്തി

വിമർശനവീഥി

# ശ്രീ മുണ്ടശ്ശേരിയുടെ

## അന്യായമായ അപലപനം

കത്തോലിക്കാസഭയിൽ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ അനുഷ്ഠിച്ചുപോരുന്ന "ഇമ്പ്രിമാത്തുർ", "ഇൻഡെക്സ്" എന്നീ സമ്പ്രദായങ്ങൾ "സംസ്കാരത്തിലുള്ള ബ്ളാക്കൗട്ട്" ആണെന്നു് ശ്രീ മുണ്ടശ്ശേരി പുറപ്പെടുവിച്ച ആക്ഷേപം വസ്തുതകൾക്കും യുക്തിക്കും വിപരീതമാണെന്നു് ബ്രർട്രാം വിൻഡിൽ എന്ന സുപ്രസിദ്ധ ശാസ്ത്രജ്ഞന്റെ വാസ്തവകഥനങ്ങളും യുക്തിവാദങ്ങളും ഉദ്ധരിച്ചു് ഞങ്ങൾ സമർത്ഥിച്ചിരുന്നല്ലോ. തുടർന്നു് ശ്രീ മുണ്ടശ്ശേരി പുറപ്പെടുവിച്ചിട്ടുള്ള വേറൊരാക്ഷേപം, കത്തോലിക്കാസഭയുടെ നാമത്തിൽ അതിലെ വക്താക്കൾ തൊഴിലാളികൾക്കെതിരായി മുതലാളികൾക്കു് കൂട്ടുനില്ക്കുന്നുവെന്നാണു്. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം.

ആദ്യമായി അദ്ദേഹത്തിന്റെ ഒരു ഉദ്ധരണി എടുത്തുകാണിക്കാം. "തൊഴിലാളി സുരക്ഷിതത്വത്തെ ആവശ്യപ്പെട്ടതു തെററിപ്പോയി. വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടിയാണു് അവൻ പൊരുതേണ്ടതു്."

ഈ ഉദ്ധരണിയെ തുടർന്നു് അദ്ദേഹം ഇങ്ങനെ എഴുതുന്നു.

അമേരിക്കൻ രാഷ്ട്രീയത്തിൽ കത്തോലിക്കരുടെ അപ്പീലില്ലാത്ത വക്താവായ റവ. ഫൾട്ടൻ ജെ. ഷീന്റെ പ്രഖ്യാപനമാണിതു്. ഇതെവിടെ ചെന്നെത്തുന്നു? ജീവിതത്തിൽ "നാളെ" എപ്പോഴും അരക്ഷിതമായിരിക്കുന്നു എന്നതാണു് അദ്ധ്വാനിക്കുന്ന മനുഷ്യന്റെ ഏററവും വലിയ അസ്വാതന്ത്ര്യം. അതുകൊണ്ടാണവൻ സുരക്ഷിതത്വമാവശ്യപ്പെടുന്നതു്. അതു തെററിപ്പോയെന്നുപറഞ്ഞാൽ? ജീവിതത്തിൽ അരക്ഷിതത്വവും സുരക്ഷിതത്വവുമൊക്കെ വിധികൃതമാണെന്നുവച്ചുതള്ളണമെന്നുതന്നെ. എന്നിട്ടതിനുപകരം ആവശ്യപ്പെടാൻ പറയുന്നതോ? വ്യക്തിസ്വാതന്ത്ര്യം. പക്ഷെ തൊഴിലാളികളുടെ വ്യക്തിസ്വാതന്ത്ര്യം തുടങ്ങുന്നതു സുരക്ഷിതത്വത്തിലായിരിക്കെ അതിനുപകരം വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കണമെന്നു പറയുമ്പോൾ അർത്ഥമാക്കുന്നതു മറെറന്തോ ആയിരിക്കണം. അതേ, ആ വ്യക്തിസ്വാതന്ത്ര്യം മറെറാന്നുതന്നെയാണു്; തൊഴിലാളിയുടെ സുരക്ഷിതത്വത്തെ നിഷേധിച്ചുകൊണ്ടു കമ്പോളത്തിൽ കൊള്ളയടിക്കാനുള്ളസ്വാതന്ത്ര്യം. അപ്പോൾ, റവ. ഫൾട്ടൻഷീൻ കത്തോലിക്കാസഭയുടെ നാമത്തിൽ വാദിക്കുന്നതു തൊഴിലാളിക്കെതിരായുള്ള അമേരിക്കൻ കമ്പോളനീതിക്കുവേണ്ടിയാണു്. പ്രമാണികൾക്കു സാമ്പത്തികരംഗത്തിന്നേവരെ കിട്ടിക്കൊണ്ടിരുന്ന വ്യക്തിസ്വാതന്ത്ര്യത്തെ നിലനിർത്തണമെന്നു പറയുന്ന നാവു തന്നെ പൊതുവേ സാംസ്കാരികരംഗത്തു വ്യക്തിസ്വാതന്ത്ര്യം ആപല്ക്കരമാണെന്നുൽഘോഷിക്കുന്നുണ്ടെങ്കിൽ അതിലെ വൈപരീത്യം കണ്ടന്ധാളിക്കാനില്ല. ആദ്യത്തെ വ്യക്തിസ്വാതന്ത്ര്യത്തിനു, ന്യൂനപക്ഷമായ വ്യവസായികളുടേയും ജന്മികളുടേയും വ്യക്തിസ്വാതന്ത്ര്യത്തിനു, വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യം ഭൂരിപക്ഷമായ തൊഴിലാളികൾക്കും കൃഷിക്കാർക്കും അനുവദിപ്പാൻ തയ്യാറില്ലെന്നുമാത്രം. വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി 'വാദിക്കണമെന്നു തൊഴിലാളികളോടുപദേശിക്കുന്നതു വാസ്തവത്തിൽ അവരുടെ താല്പര്യത്തിനെതിരായുള്ള "മേനോക്കി"പ്പരിഷയുടെ സ്വാതന്ത്ര്യത്തിൻ യാതൊരുകോട്ടവും തട്ടരുതെന്നു കരുതിമാത്രമാണു്. ഈ അമേരിക്കൻതന്ത്രം ഒരു കത്തോലിക്കാവൈദികൻ "തെററാവര"ത്തോടുകൂടി പ്രയോഗിക്കുമ്പോൾ എന്താണു മനസ്സിലാക്കേണ്ടതു്? കത്തോലിക്കാസഭയും അമേരിക്കൻ ഭരണകൂടവും ഒററക്കൈയാണെന്നാണോ? കേരളത്തിലെ "വിരുദ്ധമുന്നണി"യും പ്രസംഗിച്ചു പ്രസംഗിച്ചു ഈ പതനത്തിലെത്തിയിരിക്കുന്നു— ഇത്രയും മുണ്ടശ്ശേരിയുടെ വാക്കുകൾ.

### ബിഷപ്പ് ഫൾട്ടൻഷീൻ

കത്തോലിക്കാസഭയുടെ സാമുദായികതത്വങ്ങളെ വിശദീകരിച്ചും, ക്യാപ്പിററലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും ദോഷവശങ്ങളെ അപലപിച്ചും അനേകം ഗ്രന്ഥങ്ങളെഴുതുകയും ഇടവിടാതെയെന്നോണം റേഡിയോപ്രസംഗങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന അമേരിക്കയിലെ ഒരു വലിയ പണ്ഡിതനാണു് ബിഷപ്പ് ഫൾട്ടൻഷീൻ. തിരുമേനിയുടേതായി ശ്രീ മുണ്ടശ്ശേരി ഉദ്ധരിച്ചിരിക്കുന്ന വാക്യം എവിടെനിന്നെടുത്തതാണെന്നു് അദ്ദേഹം പറയുന്നില്ല. പ്രസ്തുതവാക്യത്തോടു വളരെ സാമ്യമുള്ള വാക്യങ്ങൾ പല പക്ഷങ്ങളിൽ അങ്ങിങ്ങായി കാണുന്ന തിരുമേനിയുടെ ഒരു ഗ്രന്ഥം ഞങ്ങളുടെ കൈവശം ഉണ്ടു്. 'Freedom Under God' (ദൈവത്തിന്റെ കീഴുള്ള സ്വാതന്ത്ര്യം) എന്നാണു് പ്രസ്തുത ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പേരു്. ഈ പേരിൽനിന്നുതന്നെ വിശദമാകുന്നതുപോലെ മനുഷ്യന്റെ യഥാർത്ഥസ്വാതന്ത്ര്യത്തെപ്പററിയാണു് ഗ്രന്ഥം പ്രതിപാദിക്കുന്നതു്. അതിന്റെ 4-ാം അദ്ധ്യായത്തിൽ "The Economic Guarantee of Human Liberty" (മനുഷ്യസ്വാതന്ത്ര്യത്തിന്റെ സാമ്പത്തികമായ ഉറപ്പു്) എന്ന വിഷയത്തെ പരാമർശിക്കുന്നു. സ്വകാര്യസ്വത്തുടമയാണു് ഏതു മനുഷ്യന്റെയും യഥാർത്ഥമായ സ്വാതന്ത്ര്യത്തിനു് ഉറപ്പു നൽകുന്നതെന്നും, അതുകൊണ്ടാണു് സ്വകാര്യസ്വത്തു് കഴിവുള്ളിടത്തോളം അധികം ആളുകൾക്കു് കൈവരത്തക്കവണ്ണം അതു കൂടുതൽ കൂടുതൽ വിപുലമായി വിതരണം ചെയ്യപ്പെടണമെന്നു് കത്തോലിക്കാസഭ അഭിലഷിക്കുന്നതെന്നും, എന്നാൽ ഈ സുസ്ഥിതി കൈവരുത്തുവാൻ ക്യാപ്പിററലിസത്തിനാകട്ടെ കമ്മ്യൂണിസത്തിനാകട്ടെ സാധിക്കുന്നതല്ലെന്നും, തന്മൂലം ശരിയായ കുടുംബക്കൂലിക്കുപുറമെ വ്യവസായത്തിന്റെ ആദായത്തിലും നടത്തിപ്പിലും ഒരുപങ്കുംകൂടി തൊഴിലാളിക്കു ലഭിക്കത്തക്ക ഒരു സാമ്പത്തികപരിഷ്ക്കരണമാണു് തൊഴിലാളിലോകത്തിന്റെ യഥാർത്ഥമായ ക്ഷേമത്തിനു് ആവശ്യമായിരിക്കുന്നതെന്നും തിരുമേനി സമർത്ഥിക്കുന്നു. ഈ സമർത്ഥനത്തിനിടയിലാണു് "ഭൗതികമായ സുരക്ഷിതത്വത്തെക്കാൾ യഥാർത്ഥമായ സ്വാതന്ത്ര്യത്തേയും അനാശ്രയത്വത്തേയും തൊഴിലാളികൾ വിലമതിക്കണമെന്നു്" തിരുമേനി ഉദ്ബോധിപ്പിക്കുന്നതു്. ആ ഭാഗം അവിടുത്തെ വാക്കുകളിൽ ഉദ്ധരിക്കാം.

### യഥാർത്ഥമായ സുരക്ഷിതത്വം

തൊഴിലാളികൾ ഇന്നു മിക്കവാറും മുഴുവനായി ആവശ്യപ്പെടുന്നതു് വേലസമയം കുറയണം, വേലയുടെ സ്ഥിതിഗതികൾ നന്നാകണം, സംഘടിക്കാനുള്ള അവകാശം ഉണ്ടായിരിക്കണം, ഇവസംബന്ധിച്ചു് നിയമനിർമ്മാണം നടത്തപ്പെടണം എന്നാണു്. ഇവയെല്ലാം നല്ലതും ആവശ്യകവും അനുപേക്ഷണീയവുമത്രെ. അവയെ പ്രോത്സാഹിപ്പിക്കുകയല്ലാതെ നിരുത്സാഹപ്പെടുത്തുവാൻ പാടുള്ളതല്ല. എന്നാൽ ഇങ്ങനെ ആവശ്യപ്പെടുന്നതിൽനിന്നു് തെളിയുന്നതു് തൊഴിലാളികൾ ലക്ഷ്യത്തെക്കാൾ മാർഗ്ഗങ്ങൾക്കു് പ്രാധാന്യം നൽകുന്നു എന്നാണു്; മനുഷ്യന്റെ ഭൗതികമായ ആഗ്രഹം സാധിക്കുന്നവയെപ്പററിയല്ലാതെ ഒരു മനുഷ്യജീവിയെന്ന നിലയിൽ അവന്റെ അന്തസ്സു് തൃപ്തിപ്പെടുത്തുവാൻ കഴിയുന്നവയെപ്പററി തൊഴിലാളികൾ ചിന്തിക്കുന്നില്ലെന്നാണു് തെളിയുന്നതു്. തൊഴിലാളികൾ സ്വാതന്ത്ര്യത്തെയോ അനാശ്രയത്വത്തെയോ എന്നതിനെക്കാൾ ഭൗതികമായ സുരക്ഷിതത്വത്തെപ്പററിയാണു് ചിന്തിക്കുന്നതു. സ്വാതന്ത്ര്യത്തിനു് ഉറപ്പുനൽകുന്ന സ്വകാര്യസ്വത്തിൽനിന്നു മാത്രമേ സ്വാതന്ത്ര്യം കൈവരുവാൻ സാധിക്കുകയുള്ളു. സ്വകാര്യസ്വത്തെന്നു പറയുമ്പോൾ ഇവിടെ അർത്ഥമാക്കുന്നതു് ഭക്ഷണം, വസ്ത്രം, വാടകപ്പാർപ്പിടം, വാഹനം മുതലായ ഉപഭോഗവസ്തുക്കളെയല്ല; പ്രത്യുത സ്വന്തം നിലവും പുരയിടവും, സഹകരണതൊഴിലുകൾ, വ്യവസായത്തിന്റെ ആദായത്തിലും നടത്തിപ്പിലും ഉടമയിലുമുള്ള പങ്കു് മുതലായ ഉല്പാദനവസ്തുക്കളെയാണു്. കുറഞ്ഞ വേലസമയത്തിനും നീതിപൂർവ്വമായ കൂലിക്കും മെച്ചമായ വേലയുടെ സാഹചര്യങ്ങൾക്കും ഇഷ്ടമുള്ള യൂണിയനുകളിൽ ചേരുന്നതിനും മററുമുള്ള അവകാശങ്ങളെല്ലാം സാധിച്ചുകിട്ടിയാലും ഒരു തൊഴിലാളി ഒരുമനുഷ്യനെന്നനിലയിൽ സ്വതന്ത്രനായിത്തീരുന്നില്ല. തന്നെ ജോലിക്കു നിർത്തിയിരിക്കുന്ന ഒരു മുതലാളിയിൽനിന്നു ശമ്പളം പററുന്ന കാലത്തോളം, മെച്ചമായ വേലയുടെ സാഹചര്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുവാൻ ഒരു സംഘടനയെ ആശ്രയിക്കേണ്ട കാലത്തോളം ഒരു തൊഴിലാളി സാക്ഷാൽ സ്വതന്ത്രനല്ല.

### സ്വാതന്ത്ര്യമില്ലെങ്കിൽ സുരക്ഷിതത്വമില്ല

സ്വത്തുക്കളെല്ലാം ചുരുക്കംപേരുടെ കൈവശത്തിൽ ഒതുക്കിവയ്ക്കുമ്പോൾ നിങ്ങൾ അടിമകളെ സൃഷ്ടിക്കുകയാണു്. നേരെമറിച്ചു് സ്വത്തുക്കൾ കൂടുതൽ കൂടുതൽ വിതരണം ചെയ്യുമ്പോൾ നിങ്ങൾ സ്വതന്ത്രരെ സൃഷ്ടിക്കുന്നു. അടിമത്തത്തെപ്പററി തിരുസ്സഭയ്ക്കുള്ള ആക്ഷേപം, അടിമകൾ ദരിദ്രരാണെന്നുള്ളതല്ല. അടിമകളെല്ലാം ദരിദ്രരായേ കഴിയൂ എന്നില്ല. റഷ്യയിൽ പല അടിമകളും ധനവാന്മാരാണു്. പണ്ടു റോമയിൽ പല അടിമകളും വലിയ ധനവാന്മാരായിരുന്നു. കത്തോലിക്കാസഭയുടെ വീക്ഷണം ഒന്നുവേറെയാണു്. യാതൊരു ഭൗതികവസ്തുവിനും, ലോകം മുഴുവനും തന്നെയും, ഒരു മനുഷ്യനു് സ്വതന്ത്രമായ തന്റെ മനസ്സിന്റെ പ്രയോഗത്താൽ തന്റെ പരമലക്ഷ്യം പ്രാപിക്കുവാനുള്ള അവകാശത്തെ തടയുവാൻ പാടുള്ളതല്ലെന്ന പ്രാഥമികതത്വത്തിൽനിന്നാണു് തിരുസ്സഭയുടെ സ്വതന്ത്രസിദ്ധാന്തം ആരംഭിക്കുന്നതു്. കുറഞ്ഞ കൂലിസമ്പ്രദായത്തെ തിരുസ്സഭ എതിർക്കുന്നതെന്തുകൊണ്ടു്? കുറഞ്ഞ കൂലിനിമിത്തം തൊഴിലാളിക്കു് സ്വന്തം മോട്ടർകാറോ സ്വന്തം റേഡിയോയോ സ്വന്തം മററു സുഖസൗകര്യങ്ങളോ ലഭിക്കുവാൻ അസാദ്ധ്യമാകുന്നതുകൊണ്ടാണോ? അല്ല! പിന്നെയോ മനുഷ്യോചിതവും സാമാന്യസുഖസൗകര്യങ്ങളോടുകൂടിയതും ആയ ജീവിതാവശ്യങ്ങൾ നിറവേററുവാൻ സാധിക്കാത്ത മനുഷ്യനു് സ്വന്തം ആത്മാവിനെ രക്ഷിക്കുവാൻ വേണ്ടുന്ന സ്വാതന്ത്ര്യം കൈവരികയില്ല എന്നതുകൊണ്ടാണു്.

സ്വാതന്ത്ര്യം വരുന്നതു് നിറഞ്ഞ വയററിൽനിന്നല്ല, ആത്മാവിൽനിന്നാണു്; അതായതു് തന്റെ വയറു് നിറഞ്ഞാലും പൊള്ളയായാലും ഇഷ്ടാനുസാരം നന്മ തിരഞ്ഞെടുക്കുവാനുള്ള മനുഷ്യന്റെ അവകാശത്തിൽനിന്നാണു്. യജമാനന്മാരാൽ നല്ലവണ്ണം തീററിപ്പോററി വളർത്തപ്പെടുന്ന അടിമകൾക്കു് സകല ഭൗതികസുഖസൗകര്യങ്ങളുമുണ്ടു്. പക്ഷെ സ്വതന്ത്രന്മാരെപ്പോലെ ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കില്ല. ഒരു രാഷ്ട്രത്തിനു് സർവ്വാധിപത്യമുണ്ടാകുവാൻ പാടുള്ളതല്ലെന്ന വസ്തുത പ്രസ്താവിക്കുവാനുള്ള സ്വാതന്ത്ര്യം ഒരു മനുഷ്യനില്ലെങ്കിൽ, ഭൗതികസുഖസൗകര്യങ്ങൾകൊണ്ടു് അവനെന്തു പ്രയോജനമുണ്ടാകും? തൊഴിലില്ലായ്മയും ദാരിദ്ര്യവും ഒട്ടും ഇല്ലാത്തതും, സകല സുഖസൗകര്യങ്ങളുള്ളതുമായ ഒരു രാഷ്ട്രത്തിൽ ജീവിക്കുന്ന പൗരന്മാർക്കുപോലും സ്വതന്ത്രരായിരിക്കുവാനുള്ള അവകാശമില്ലെങ്കിൽ അവർക്കെങ്ങനെ സന്തുഷ്ടരായിരിക്കുവാൻ സാധിക്കും?

ആകയാൽ സുരക്ഷിതത്വത്തെക്കാൾ സ്വാതന്ത്ര്യമാണു് തൊഴിലാളി വിലവയ്ക്കേണ്ടതെന്നും അതിനുവേണ്ടിയാണു് അവൻ പൊരുതേണ്ടതെന്നും ബിഷപ്പ് ഫൾട്ടൻ ഷീൻ വാദിക്കുന്നതിന്റെ അർത്ഥം തിരുമേനിയുടെ മുകളിലുദ്ധരിച്ച വാക്കുകളിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. ക്യാപ്പിററലിസം ആവശ്യപ്പെടുന്നപോലെ വ്യക്തികളായ മുതലാളികളെ ആശ്രയിച്ചുജീവിക്കുന്ന തൊഴിലാളിയുടെ ഭാവി യഥാർത്ഥത്തിൽ സുരക്ഷിതമല്ല; കമ്മ്യൂണിസം ആവശ്യപ്പെടുന്നപോലെ രാഷ്ട്രമാകുന്ന ഏററം കട്ടത്ത മുതലാളിയെ ആശ്രയിച്ചുജീവിക്കുന്ന തൊഴിലാളിയുടെ ഭാവി അത്രപോലും സുരക്ഷിതമല്ല. അവന്റെ ഭാവി യഥാർത്ഥത്തിൽ സുരക്ഷിതമാകണമെങ്കിൽ ആ രണ്ടുകൂട്ടരേയും ആശ്രയിക്കാതെ ജീവിക്കുവാനുള്ള സ്വകാര്യസ്വത്തുടമ തൊഴിലാളിക്കു കൈവരേണ്ടിയിരിക്കുന്നു. ആ സുസ്ഥിതി കൈവരേണ്ടതെങ്ങനെയെന്നു സമർത്ഥിക്കുന്ന ഒരദ്ധ്യായം പ്രസ്തുത ഗ്രന്ഥത്തിലുണ്ടു്—Liberty and Labor" (സ്വാതന്ത്ര്യവും തൊഴിലാളിയും). ഈ അദ്ധ്യായത്തിൽ വ്യവസായത്തിലെ ആദായത്തിലും, അതിന്റെ നടത്തിപ്പിലും, അതിന്റെ ഉടമയിലും പങ്കു ലഭിക്കുവാനുള്ള തൊഴിലാളിയുടെ അവകാശങ്ങളെ മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലെ ഉദ്ബോധനങ്ങൾ ഉദ്ധരിച്ചുകൊണ്ടു് തിരുമേനി വിശദീകരിക്കുന്നു.

"തൊഴിലാളിക്കു് മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം. (1) ഒരു മുതലാളിക്കുവേണ്ടി വേലചെയ്യുക—അതാണു് ക്യാപ്പിററലിസം. (2) രാഷ്ട്രത്തിനുവേണ്ടി വേലചെയ്യുക—അതാണു് കമ്മ്യൂണിസം. (3) അവനവൻവേണ്ടി വേലചെയ്യുക—അതായതു് വ്യവസായത്തിന്റെ ആദായത്തിലും നടത്തിപ്പിലും ഉടമയിലും ഒരുപ്രകാരത്തിൽ പങ്കുകൊള്ളുക. തിരുസ്സഭ തൊഴിലാളിയോടു് ദീർഘവീക്ഷണം എടുക്കുവാനും വ്യവസായത്തിൽ പങ്കാളിത്തത്തിനുവേണ്ടി പരിശ്രമിക്കുവാനും ആവശ്യപ്പെടുന്നു. തൊഴിലാളിയുടെ അദ്ധ്വാനത്തിന്റെ വ്യക്തിപരമായ വശത്തിനുമാത്രം പ്രാധാന്യം നൽകി കൂലികൊടുക്കുകയും എന്നാൽ അവന്റെ അദ്ധ്വാനത്തിന്റെ സാമുദായികവശത്തെ വിസ്മരിക്കുകയും ചെയ്യുന്ന ക്യാപ്പിററലിസത്തിന്റെയും, തൊഴിലാളിയുടെ അദ്ധ്വാനത്തിന്റെ സാമുദായികവശത്തിനുമാത്രം പ്രാധാന്യം കല്പിക്കുകയും അവന്റെ വ്യക്തിപരമായ അവകാശങ്ങൾ വിസ്മരിക്കുകയും ചെയ്യുന്ന കമ്മ്യൂണിസത്തിന്റെയും മദ്ധ്യേകിടക്കുന്ന സുവർണ്ണമാർഗ്ഗമാണു് തിരുസ്സഭ ചൂണ്ടിക്കാണിക്കുന്ന പരിഹാരം. ക്യാപ്പിററലിസവും കമ്മ്യൂണിസവും ഒരേ അബദ്ധത്തിൽ കുടുങ്ങിയിരിക്കുകയാണെന്നു് തിരുസ്സഭ ഊന്നിപ്പറയുന്നു. അവരണ്ടും മനുഷ്യനെ ഉപഭോക്താവായി മാത്രമേ ഗണിക്കുന്നുള്ളു. ആ രണ്ടു വ്യവസ്ഥിതിയിലും മനുഷ്യനു ലഭിക്കുന്നതു് ക്രയശക്തി മാത്രമാണു്. ആ ശക്തി ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതിയിൽ അവനു കൊടുക്കുന്നതു് മുതലാളിയും, കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിൽ അവനു കൊടുക്കുന്നതു് ഉദ്യോഗസ്ഥദുഷ്പ്രഭുക്കളും ആണെന്ന വ്യത്യാസമേയുള്ളു. ഈ ശക്തി ലഭിക്കുന്നതിലല്ല യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതെന്നും തിരുസ്സഭ വാദിക്കുന്നു. മനുഷ്യൻ ഒരു ഉപഭോക്താവുമാത്രമല്ല. അങ്ങനെ ആയിരുന്നെങ്കിൽ കമ്പോളത്തിൽ വില്പനയ്ക്കുള്ള കന്നുകാലികളിൽനിന്നു് അവനൊട്ടും വിഭിന്നനാകുമായിരുന്നില്ല. മനുഷ്യന്റെ സ്വാതന്ത്ര്യം ഉപഭോഗത്തിലെന്നതിനെക്കാൾ ഉല്പാദനത്തിലാണടങ്ങിയിരിക്കുന്നതു്. അതായതു് വസ്തുക്കളിൽ സ്വന്തം വ്യക്തിത്വത്തിന്റെ മുദ്ര പതിക്കുവാനും, അവ എങ്ങനെ ഉപയോഗിക്കണമെന്നു നിശ്ചയിക്കുവാനും, അവയുടെ കൈകാര്യകർതൃത്വത്തിൽ തന്റെ സ്വാതന്ത്ര്യം വിനിയോഗിക്കുവാനും, അവയെ നിർമ്മിക്കുന്നതിൽ ഉത്തരവാദം വഹിക്കുവാനുമുള്ള അവകാശത്തിലാണു് അതടങ്ങിയിരിക്കുന്നതു്."

പ്രസ്തുതഗ്രന്ഥം മുഴുവനും ക്യാപ്പിററലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും ദോഷവശങ്ങളുടെ വിശദമായ ചിത്രീകരണവും, ആ രണ്ടു ദോഷങ്ങളിൽനിന്നും ഒഴിഞ്ഞുനിന്നു് തൊഴിലാളിയുടെ ഭാവി യഥാർത്ഥത്തിൽ സുരക്ഷിതമാക്കുവാനുള്ള മദ്ധ്യമമാർഗ്ഗത്തിന്റെ വിശദീകരണവുമാകുന്നു. ആകയാൽ ബിഷപ്പ് ഫൾട്ടൻ ഷീനിന്റെ ഈ ഒരു ഗ്രന്ഥത്തിൽനിന്നുതന്നെ കാണുവാൻ കഴിയും ശ്രീ മുണ്ടശ്ശേരി തിരുമേനിയുടെമേൽ കോരിച്ചൊരിഞ്ഞിരിക്കുന്ന അപലപനം ഏററവും അന്യായമാണെന്നു്.

---

ൽ പത്രോസിനോടു ചേർന്നുനില്ക്കുന്നവൻ കർത്താവിനോടും ചേർന്നുനില്ക്കുന്നു; കർത്താവിനോടു ചേർന്നുനില്ക്കുന്നവൻ പത്രോസിനോടും ചേർന്നുനില്ക്കുന്നു.

# ബധിരബന്ധുവായ വൈദികൻ

(ജോസഫ് കുട്ടുമ്മേൽ)

1947 ജൂൺമാസത്തിൽ ഒരു ദിവസം രാത്രിയിൽ ചിക്കാഗോ നഗരത്തിലെ (Holy Name) ഹോളിനെയിം കത്തീഡ്രലിൽ വളരെ കൗതുകകരമായ ഒരു സദസ്സ് കൂടി. സദസ്യർ ഒരു വൈദികന്റെ അംഗവിക്ഷേപങ്ങൾ ഏകാഗ്രതയോടുകൂടി പിൻതുടരാൻ ക്ലേശിക്കുകയാണ്. ഒരു അംഗുലീചലനംപോലും അവർ വിട്ടുകൂടാ. വിടുകയുമില്ല. ഒരു ബോംബ് അവിടെ പൊട്ടിയാൽപ്പോലും അവരാരും അനങ്ങുകയില്ല. തീർച്ചയാണ്. അതു മറ്റൊന്നുംകൊണ്ടല്ല. സദസ്യരെല്ലാവരും ബധിരരും മൂകരുമാണ്.



പള്ളിയിൽ വൈദികൻ അവർക്ക് ആദ്ധ്യാത്മികോപദേശം നൽകുകയായിരുന്നു. ആ ബധിരസമൂഹത്തിന് അവരുടെ ആയുസ്സിൽ അപൂർവ്വമായി ലഭിക്കുന്ന ആനന്ദപൂർണ്ണമായ ഒരവസരമായിരുന്നു പ്രസ്തുത സമ്മേളനം. എന്തുകൊണ്ടെന്നാൽ അമേരിക്കൻ ഐക്യനാടുകളിൽ ബധിരഭാഷയറിയാവുന്നവരും അവക്കായി സമയം മുഴുവൻ വിനിയോഗിക്കുന്നവരുമായി രണ്ടു വൈദികർ മാത്രമേയുള്ളു. ഇവരിൽ ബധിരസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്ന റവ. ഫാ. ചാറൽസ് ററി ഹോഫ്മാനായിരുന്നു ആ കത്തീഡ്രലിലെ ബധിരസദസ്സിനോടു ആശയവിനിമയം ചെയ്തുകൊണ്ടിരുന്നതു്. അദ്ദേഹം ഈശോസഭയിലെ ഒരംഗമാണ്. കർദ്ദിനാൾ മൂൺഡലിൻ തിരുമനസ്സിലെ ആഗ്രഹാനുസാരം ചിക്കാഗോ നഗരത്തിലെ ബധിരജനങ്ങളുടെ ആദ്ധ്യാത്മികോപദേഷ്ടാവായിരിക്കുകയാണെങ്കിലും അദ്ദേഹം നാടൊട്ടുക്കു സഞ്ചരിച്ച് ബധിരർക്കും മൂകർക്കുംവേണ്ടി ധ്യാനപ്രസംഗങ്ങളും മററു ക്ലാസ്സുകളും നടത്തുന്നുണ്ടു്.

ഹോഫ്മന്റെ കണക്കനുസരിച്ച് അമേരിക്കയിൽ 125,000 ബധിരരും മൂകരുമായ കത്തോലിക്കർ ആദ്ധ്യാത്മികനേതൃത്വം ലഭിക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നുണ്ടു്. അവരുടെയെല്ലാം സൗകര്യത്തെ പുരസ്കരിച്ച് ഫാ. ഹോഫ്മാൻ പ്രതിദിനം ഒന്നിലധികം മതകർമ്മങ്ങൾ നടത്തുകയും പ്രസംഗങ്ങൾ ചെയ്യുകയും ചെയ്തുവരുന്നു. കേവലം ഒരു മതകർമ്മമോ പ്രസംഗമോതന്നെയും ആംഗ്യഭാഷയിൽ നടത്തുന്നതു് എത്രയോ ക്ലേശകരമായിരിക്കും. എന്നാൽ ഫാ. ഹോഫ്മാനാകട്ടെ ഇതിൽ ഒട്ടും ക്ഷീണിക്കുന്നില്ല. വിരസത വിചാരിക്കുന്നുമില്ല.

1932-ൽ ലോക്കൗലൻറിലെ ജനങ്ങൾക്കുവേണ്ടി അദ്ദേഹം 32 പ്രസംഗങ്ങൾ നടത്തുകയുണ്ടായി. ഏററം വിഷമമേറിയ ഒരു കൃത്യംതന്നെയായിരുന്നു അതു്. "ഇലക്ട്രിക്കു ഫാൻ എന്റെ ജീവനെ രക്ഷിച്ചു"വെന്നാണു് അദ്ദേഹം പ്രസംഗാനന്തരം പറഞ്ഞതു്.

ചിക്കാഗോയിൽ മടങ്ങിയെത്തിയ ഉടനെ അദ്ദേഹം ബധിരന്മാരുടെ ദ്വിഭാഷിയായി അവിടത്തെ ആശുപത്രികളിൽ സേവനം ആരംഭിച്ചു. സെൻറു് ലൂയി എന്ന നഗരത്തിലെ ഒരാശുപത്രിയിൽ ഉണ്ടായ ഒരു സംഭവമാണു് അദ്ദേഹത്തെ ഈ പുതിയ ജോലിയിലേക്കു് ആകർഷിച്ചതു്. ഒരുദിവസം അദ്ദേഹത്തിനു നഗരത്തിലെ ഒരാശുപത്രിയിൽനിന്നു് അടിയന്തിരമായ ഒരു സന്ദേശം ലഭിച്ചു. അദ്ദേഹം അവിടെയെത്തിയ ഉടനെ എക്സ്റേ മുറിയിലേക്കു് ആനീതനായി. അവിടെ രസകരമായ ഒരു ചെറിയ സമരം നടക്കുന്നുണ്ടായിരുന്നു. ഡോക്ടറന്മാരും നേഴ്സുമാരുംചേർന്നു് മൂകനും ബധിരനുമായ ഒരു രോഗിയെ പിടിച്ചു കിടത്താൻ ബദ്ധപ്പെടുന്നു. പരിശോധനമേശമേൽ അയാളെ കിടത്തുവാൻ അവക്കു വലിയ വിഷമമുണ്ടായിരുന്നില്ല. എന്നാൽ എക്സ്റേയന്ത്രം അവന്റെ നെഞ്ചിൻഭാഗത്തേക്കു സമീപിക്കുമ്പോൾ അവൻ ചാടിയെണീററു് ഓടാൻ ശ്രമിക്കുകയായി. കാര്യമറിയാതെയാണു് രോഗി ബഹളംകൂട്ടുന്നതെന്നു് ഫാദർ ഹോഫ്മാനു മനസ്സിലായി. അവന്റെ ഹൃദയത്തിന്റെ ഒരു പടമെടുക്കാനാണു് ഡോക്ടറന്മാർ ശ്രമിക്കുന്നതെന്നു് അദ്ദേഹം ബധിരഭാഷയിൽ അവനോടു പറഞ്ഞു. അതോടുകൂടി അവൻ പരിശോധനക്കു സ്വയം വിധേയനായി.

അവഗണിക്കപ്പെട്ടു് പുറംതള്ളപ്പെട്ടിരിക്കുന്ന ഒരു വിഭാഗമാണു് ബധിരരും മൂകരുമെന്നു കരുതി അവർ നിരാശപ്പെട്ടു കഴിയുന്നു. അവരിൽനിന്നു് ഈ നൈരാശ്യം നീക്കുന്നതിനാണു് ഫാ. ഹോഫ്മാന്റെ ശ്രമം. സാധാരണകത്തോലിക്കരെപ്പോലെ അവക്കു കൂദാശകളിൽ പങ്കുകൊള്ളുവാൻ സാധിക്കുന്നില്ല. പാപസങ്കീർത്തനം രഹസ്യമായി കഴിക്കാനും അവക്കു കഴിയുന്നില്ല. മററു കത്തോലിക്കർ അവരുടെ പാപങ്ങൾ രഹസ്യമായി പറയുമ്പോൾ ഇവർ ഒന്നുകിൽ ആംഗ്യഭാഷയിൽ അതു നിർവ്വഹിക്കണം. അല്ലെങ്കിൽ അവ എഴുതിക്കൊടുക്കണം. കൂദാശകളിൽ ഉപയോഗിക്കുന്ന യാതൊരു വാക്കുകളും ബധിരവർഗ്ഗത്തിനു കേൾക്കാൻ സാധിക്കുന്നില്ല. സാധാരണ വൈദികർക്കു് നിർവ്വഹിക്കാവുന്ന കൂദാശകൾ എല്ലാം ഫാ. ഹോഫ്മാൻ അവക്കു മനസ്സിലാകത്തക്കവിധം നിർവഹിക്കുന്നു. എന്നാൽ മെത്രാൻ നടത്തേണ്ട സ്ഥൈര്യലേപനകൂദാശ നൽകുമ്പോഴാണു് വിഷമം നേരിടുന്നതു്. അതിനു ഫാദർ ഹോഫ്മാൻ ഒരു മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടു്. മെത്രാൻ കൂദാശ നൽകുമ്പോൾ ഫാ. ഹോഫ്മാൻ സമീപത്തു നിന്നുകൊണ്ടു് ആംഗ്യഭാഷയിൽ അതു് ബധിരർക്കു് വ്യാഖ്യാനിച്ചുകൊടുക്കും. കൂദാശകൾ നൽകുന്നവക്കെല്ലാം അനുഭവപ്പെടുന്ന ഏററം വലിയ ആനന്ദം ആദ്യകുർബാന ഉൾക്കൊള്ളുന്ന സമയത്തു് ബധിരബാലികാബാലന്മാരുടെ മുഖങ്ങളിൽ കളിയാടുന്ന നിസ്തുലമായ ആനന്ദം കാണുന്നതാണെന്നാണു് ഫാദർ ഹോഫ്മാൻ പറയുന്നതു്.

ബധിരക്കുഞ്ഞുങ്ങളാണു് ഫാദർ ഹോഫ്മന്റെ ശ്രദ്ധയെ ആദ്യം ആകർഷിച്ചതു്. 1915 ജനുവരിമാസത്തിൽ സെൻറു് ലൂയിയിലെ സെൻറു് ജോസഫ്സ് ഇൻസ്റ്റിററ്യൂട്ടിന്റെ മു...ത്തു കളിച്ചുകൊണ്ടുനിന്ന ബാലികാബാലന്മാർ ആംഗ്യഭാഷയിൽ അന്യോന്യം സംഭാഷിക്കുന്നതു് അദ്ദേഹം കണ്ടു. അന്നു അദ്ദേഹം പൂർണ്ണപുരോഹിതനായിത്തീർന്നിരുന്നില്ല. അദ്ദേഹം ചിന്തിച്ചു: "ഈ ശൂന്യമൂകതയിൽ ജീവിക്കുന്ന ഈ കുഞ്ഞുങ്ങൾക്കു് എങ്ങനെ ഈവിധം ആനന്ദഭരിതരാകാൻ കഴിയും! സഹായിക്കുവാൻ വൈദികർ തുലോം വിരളമായിരിക്കേ അവക്കു എങ്ങനെ വിശ്വാസതത്ത്വങ്ങളിൽ ഇത്രയധികം താല്പര്യം ഉണ്ടാകുന്നു?" അന്നു് അദ്ദേഹം തീരുമാനിച്ചതാണു് തന്റെ ജീവിതം ഈ ബധിരമൂകസഹോദരങ്ങൾക്കായി വിനിയോഗിക്കണമെന്നു്. ഇൻസ്റ്റിററ്യൂട്ട് ചാപ്ലനായിരുന്ന ഫാ. പാട്രിക്ക് മൻ (Fr. Patrick Mann) അവർകളെ അന്നുതന്നെ അദ്ദേഹം സമീപിച്ചു. ആംഗ്യഭാഷയുടെ ബാലപാഠം അദ്ദേഹം അഭ്യസിച്ചു. എന്നാൽ ബധിരക്കുഞ്ഞുങ്ങളാണു് അദ്ദേഹത്തെ അവരുടെ ഭാഷയിൽ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതു്. "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ", "നന്മനിറഞ്ഞ മറിയമേ" മുതലായ നമസ്കാരങ്ങൾ കുഞ്ഞുങ്ങളാൽ അഭ്യസിപ്പിക്കപ്പെട്ട ആദ്യത്തെ വൈദികൻ ഒരുപക്ഷേ ഞാൻതന്നെയായിരിക്കാ"മെന്നു് അദ്ദേഹം പറയാറുണ്ടു്. ബധിരരിലും മൂകരിലും അദ്ദേഹം പ്രദർശിപ്പിച്ച അതിവതാല്പര്യം അദ്ദേഹത്തിന്റെ പൗരോഹിത്യാഭിഷേകത്തിനുതന്നെ തടസ്സങ്ങൾ ഉളവാക്കി. ഹോഫ്മാൻ സെൻറു് ജോസഫ്സിൽ ബധിരമൂകവിദ്യാർത്ഥികളുമായിച്ചേർന്നു പാട്ടുപാടുന്നതു് ആർച്ചുബിഷപ്പ് (Glennn) ഗ്ലന്നൻ കാണുകയുണ്ടായി. തന്നിമിത്തം ഹോഫ്മാനും ഒരു ബധിരനായിരിക്കുമെന്നു് ആർച്ചുബിഷപ്പ് ധരിച്ചുപോയി. ഫാ. ഹോഫ്മാൻ പറയുകയാണു്: "വൈദികപട്ടം നൽകേണ്ട കാലമായപ്പോൾ ആർച്ചുബിഷപ്പ് അതിനു സംശയം പ്രകടിപ്പിച്ചു. അദ്ദേഹം വിചാരിച്ചു എന്റെ ശ്രേഷ്ഠന്മാർ ബധിരനായ ഒരു യുവാവിനെ ഗുരുപ്പട്ടസ്വീകരണത്തിനു് അദ്ദേഹത്തിന്റെ പക്കൽ ഹാജരാക്കുകയാണെന്നു്." വൈദികപട്ടം സ്വീകരിച്ചുകഴിഞ്ഞയുടനെ അദ്ദേഹം ഇൻസ്റ്റിററ്യൂട്ടിന്റെ ചാപ്ലനായി നിയമിക്കപ്പെട്ടു. 1937-ൽ അദ്ദേഹം ചിക്കാഗോയിലെ ബധിരരുടെ ആദ്ധ്യാത്മികോപദേഷ്ടാവായി നിയമിതനായി.

അധികം കഴിയുംമുൻപു് മററൊരു സേവനരംഗം അദ്ദേഹത്തിന്റെ മുൻപിൽ ആവിർഭവിച്ചു. ഒരിക്കൽ ഒരു ചെറുപ്പക്കാരി കരഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ പക്കൽ ഓടിയെത്തി. അവളുടെ സഹോദരനിൽ ഒരു ക്രിമിനൽക്കുററം ആരോപിച്ചു പോലീസു് പിടികൂടിയിരുന്നു. കേസ്സു് വിചാരണയാരംഭിച്ചു. പ്രതി ബധിരനും മൂകനുമായിരുന്നു. അയാൾ എങ്ങനെ രക്ഷപെടാനാണു്! ആർക്കു് അയാളെ രക്ഷപെടുത്തുവാൻ സാധിക്കും! നിസ്സഹായനായ സഹോദരന്റെ വിഷമാവസ്ഥകണ്ട സഹോദരി ഫാ. ഹോഫ്മാനെ ശരണംപ്രാപിച്ചു. ബധിരനായ പ്രതി നന്നേ ഭയന്നു വിവശനായി കാണപ്പെട്ടു. പോലീസിനോ കോടതിക്കോ അവന്റെ ഭാഷയൊന്നും മനസ്സിലാകുന്നുമില്ല. അവൻ ശിക്ഷവാങ്ങുമെന്ന നിലയിലാണു് കാണപ്പെട്ടതു്. ഫാ. ഹോഫ്മാൻ അവനിൽനിന്നു കാര്യമെല്ലാം മനസ്സിലാക്കി കോടതിയെ ബോദ്ധ്യപ്പെടുത്തി. തന്നിമിത്തം ആ ബാലൻ നിരപരാധിയെന്നു് വിധിക്കപ്പെട്ടു. ഈ സംഭവത്തിനുശേഷം മൂകർക്കും ബധിരർക്കുംവേണ്ടി അദ്ദേഹം കോടതികളിൽ ഹാജരായി സേവനം അനുഷ്ഠിച്ചുപോന്നു.

ഇങ്ങനെ ബധിരജനങ്ങളുടെ ഉററബന്ധുവായി അവരുടെ സാമൂഹ്യവും സാമ്പത്തികവും ബുദ്ധിപരവും ആദ്ധ്യാത്മികവുമായ ക്ഷേമത്തിനുവേണ്ടി ഫാ. ഹോഫ്മാൻ ഇന്നും സേവനം തുടരുകയാണു്. ചിക്കാഗോയിലും മററും അദ്ദേഹത്തിന്റെ ശ്രമഫലമായി ബധിരമൂകരായ ജനങ്ങൾക്കായി പ്രത്യേകം സംഘടനകളും ക്ലബുകളും വിനോദയാത്രാപ്രസ്ഥാനങ്ങളും ഉണ്ടു്. അവരുടെ കായികവിനോദങ്ങൾക്കും ഇവയിലെല്ലാം വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ബധിരരായ യുവജനങ്ങളെക്കൊണ്ടു് സംഘടിപ്പിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധമായ ബാസ്കററ്ബാൾ ടീമിനെക്കുറിച്ച് എന്നും അദ്ദേഹം അഭിമാനം കൊള്ളുന്നു. ബധിരസേവനത്തിനു് ഇനിയും വേണ്ടത്ര വൈദികരുണ്ടായിട്ടില്ലെങ്കിലും അവർ കത്തോലിക്കാസഭയിലെ പരിത്യക്തരായ അംഗങ്ങളാണെന്നുള്ള നൈരാശ്യം ബധിരരിൽനിന്നു നീങ്ങിത്തുടങ്ങിയിട്ടുണ്ടെന്നാണു് അദ്ദേഹത്തിന്റെ ആശ്വാസം.

——

വിജ്ഞാനവീഥി

## നമ്മുടെ ഭാരതഭൂമി

### സുപ്രീംകോടതി

| | | |
|---|---|---|
| പ്രധാന ജസ്റ്റിസ് ശ്രീ പതഞ്ജലിശാസ്ത്രി | —1951 നവമ്പർ 7 | മുതൽ |
| ജസ്റ്റിസ് ശ്രീ മെഹർചന്ദ് മഹാജൻ | —1948 ഒക്ടോബർ 4 | മുതൽ |
| „ ശ്രീ വിജയകുമാർ മുക്കർജി | —1948 ഒക്ടോബർ 14 | മുതൽ |
| „ ശ്രീ സുധിരഞ്ജനദാസ് | —1950 ജനുവരി 20 | മുതൽ |
| „ ശ്രീ വി. വിവിയൻബോസ് | — 1951 മാർച്ച് 3 | മുതൽ |
| „ ശ്രീ ഗുലാം ഹസൻ | —1952 സെപ്റ്റംബർ 8 | മുതൽ |
| „ ശ്രീ എൻ. എച്ച്. ഭഗവതി | —1952 സെപ്റ്റംബർ 8 | മുതൽ |
| ശ്രീ വി. ജഗന്നാഥദാസ് | —1953 മാർച്ച് 9 | മുതൽ |

### യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

| | |
|---|---|
| ശ്രീ ആർ. എൻ. ബാനർജി ഐ. സി. എസ്. | —അദ്ധ്യക്ഷൻ |
| ശ്രീ ജി. സി. ചാറററർജി ഐ. ഇ. എസ്. | —മെമ്പർ |
| ശ്രീ എ. ഗോവിന്ദരാജൻ | —മെമ്പർ |
| ശ്രീ സി. ബി. നഗർക്കർ ഐ. സി. എസ്. | —മെമ്പർ |
| ശ്രീ എൻ. കെ. സിദ്ധാന്ത് | —മെമ്പർ |
| ശ്രീ എ. എ. എ. ഫൈജി | —മെമ്പർ |
| ശ്രീ എസ്. ബി. കപ്പൂംഗോ | —മെമ്പർ |

ശ്രീ എസ്. സെതൽവാഡ്—ഇന്ത്യയുടെ അററോർണി ജനറൽ

ശ്രീ സി. കെ. ദഫ്ത്തരി—ഇന്ത്യയിലെ സോളിസിററർ ജനറൽ

ശ്രീ വി. നരഹരിറാവു—ഇന്ത്യയിലെ കൺട്രോളറും ആഡിററർ ജനറലും

## സംഭവകഥകൾ

### പ്രത്യുപകാരം

റയാർഡൻ എന്ന ഒരു ലേഖകൻ "കാത്തലിക് ഡൈജസ്റ്റ്" മാസികയിൽ എഴുതിയിരിക്കുന്ന ഒരു സംഭവമാണിതു്.

ഒരു വിമാനത്താവളത്തിൽനിന്നും സ്വന്തം ഭവനത്തിലേക്കു് അദ്ദേഹം മടങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ കാറിനു മുമ്പു പോയിരുന്ന കാറുകളെല്ലാം റോഡിന്റെ ഒരു പ്രത്യേകസ്ഥാനത്തെത്തുമ്പോൾ ഏതോ ഒരു തടസ്സംനിമിത്തം വഴിമാറിപ്പോകുന്നതുപോലെ തോന്നി. അവിടെ എത്തിയപ്പോൾ അദ്ദേഹത്തിനു് കാര്യം മനസ്സിലായി. ഒരു നീഗ്രോ മുറിവേററു് കിടക്കുന്നു. റയാർഡൻ ഉടനെ താഴെയിറങ്ങി പ്രഥമശുശ്രൂഷകൾ ചെയ്യുകയും ആംബുലൻസുകാർ വരുത്തി, അയാളെ ആതുരാലയത്തിലേക്കു് അയക്കുകയും ചെയ്തു.

ഏതാനും മാസങ്ങൾക്കുശേഷം റയാർഡൻ ഒരു വിമാനാപകടത്തിൽപ്പെട്ടു. അദ്ദേഹം വനമദ്ധ്യേ തലകീഴോട്ടായി തൂങ്ങിക്കിടക്കുകയായിരുന്നു. ആരോ തന്റെ തല താങ്ങിയിരിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഏതാണ്ടു ഒരു മണിക്കൂർസമയം അദ്ദേഹം ആ സ്ഥിതിയിൽ ചെലവഴിച്ചു. പിന്നീടു് ആംബുലൻസുകാരും ആളുകളുംവന്നു് അദ്ദേഹത്തെ വിമാനത്തിന്റെ നഷ്ടശിഷ്ടങ്ങളിൽനിന്നു രക്ഷിച്ചപ്പോഴാണു് അദ്ദേഹത്തിനു മനസ്സിലായതു തന്നെ ഇപ്രകാരം താങ്ങിനിർത്തി രക്ഷിച്ചതു്, മൂന്നു മാസംമുമ്പു താൻ ശുശ്രൂഷിച്ച ആ നീഗ്രോ ആയിരുന്നെന്നു്.

### സമാധാനമാർഗ്ഗം

വളരെയധികം ധനവും എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ടായിരുന്നിട്ടും, സമാധാനമില്ലാതെ, അസ്വസ്ഥചിത്തനായി കഴിഞ്ഞുകൂടിയിരുന്ന ഒരു രാജാവു്, വനത്തിൽ തപസ്സുചെയ്തിരുന്ന ഒരു യോഗീശന്റെ പക്കൽ ചെന്നു പറഞ്ഞു: "അങ്ങു് വളരെ സമാധാനം അനുഭവിക്കുന്നുണ്ടെന്നു കേട്ടല്ലോ. അതെങ്ങനെയാണു്?"

യോഗി മറുപടിയൊന്നും പറയാതെ, രാജാവിനെ കൈകാട്ടി വിളിച്ചുകൊണ്ടുപോയി ഒരു കഴുകന്റെ കൂടു ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടു് ചോദിച്ചു: "ആ കഴുകൻ കൂടു് ഇത്ര ഉയരത്തിൽ കെട്ടിയിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് അറിയാമോ?"

രാജാവു്: "അപകടത്തിൽനിന്നൊഴിഞ്ഞിരിക്കാൻ."

"യോഗി: "തിരുമേനി, ആ കഴുകനെ അനുകരിക്കുക. അങ്ങയുടെ ഭവനവും സ്വർഗ്ഗത്തിൽ പണിചെയ്യുക. എന്നാൽ അങ്ങേക്കു് ഇഹത്തിൽ വച്ചുതന്നെ സമാധാനവും സൗഭാഗ്യവും കണ്ടെത്താൻ സാധിക്കും."

### ഞാൻ വേലചെയ്യുന്നതു നിത്യത്വത്തിനു വേണ്ടിയാണു്

സ്യൂക്സിസ് (Zeuxis) എന്ന പ്രസിദ്ധനായ ചിത്രകാരനോടു് ഒരാൾ ചോദിച്ചു, ചിത്രമെഴുതുന്നതിന് ഇത്രയധികം സമയം അദ്ദേഹം ചെലവഴിക്കാനുള്ള കാരണമെന്തെന്നു്.

"ഞാൻ വേലചെയ്യുന്നതു നിത്യത്വത്തിനുവേണ്ടിയാണു്" എന്നത്രെ അദ്ദേഹമതിനു നൽകിയ മറുപടി.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam September 9 1953 No. 4

## The Praying Christian

The Praying Christian is a radiant Christian. Joyous hearts and radiant faces are evidence that the Christian is living at peace with God, with man, and with himself. The praying Christian is pure in heart. Prayer and sin cannot live together in the same heart. Either prayer will drive out all sin; or else sin will destroy the prayer life of the Christian. The praying Christian will be a loving and a forgiving Christian. Unkind thoughts, evil speaking, hatred, intolerance, or malice of any kind, cannot live in an atmosphere of prayer. One cannot pray and hate at the same time; the Christian will either quit hating, or he will quit praying. The praying Christian will be a growing Christian. One cannot remain small, and weak and defeated, while faithful in prayer. The soul grows strong, rich and beautiful, in the fellowship of the Father. Prayer is the atmosphere of communion whereby the soul grows in peace and wisdom. The praying Christian is the sharing Christian. One cannot be selfish and pray at the same time; neither can one be unfaithful in his stewardship. Praying hearts and loving service are inseparable. The Christian life must be shared; a self-centered life will crowd out prayer. Prayer will crowd out all selfishness; and find expression in sharing its radiance with others. Prayer is one of the richest of all spiritual experiences.

—Ira D. Scrogum
in Action Now!

## A Timely Resolution

I find the use of ejaculatory prayers very helpful, such as "Jesus meek and humble of heart make my heart like unto Thine," and "Sweet heart of Mary, be my salvation." They are both indulgenced for three hundred days, so by repeating them we can help the Holy Souls, and at the same time form habits in our own soul, acquire humility and gentleness, and thus avoid pride and harshness, besides keeping the thought of Jesus and Mary ever before our minds, until they become the companions of our lives, and associated with all our thoughts and works and words.

Begin by making a determination to say a certain number, not too many at first, before the midday, and again before the night examen; then week after week try to advance the number, and you will be surprised that your life seems to be made up of ejaculations. This is by no means beyond our reach, if we are faithful and zealous. Is not this the life of resurrection we want, and that which active saints led? Nor will your work suffer in any way; on the contrary, it will help to concentrate and spiritualize everything you do, for is it not because we do not keep in mind the motive of our actions that they are done in a purely material way?

—The late Father Henry Van Rensselaer, S. J., famous convert from Protestant Episcopalianism.

(Family Digest)

# വിവിധവൃത്താന്തങ്ങൾ

### കൊറിയൻയുദ്ധത്തിൽ വീണ അവസാനഭടൻ

വെടിനിറുത്തൽ കല്പന പുറപ്പെടുന്നതിനു നാലുമണിക്കൂർമുമ്പ് ഒരമേരിക്കൻ ഭടൻ യുദ്ധരംഗത്തു നടന്നിരുന്ന ദിവ്യപൂജയിൽ മുട്ടിന്മേൽനിന്നുതന്നെ പങ്കുകൊണ്ടു. അനന്തരം ചാപ്ലനച്ചന്റെ അടുക്കൽ ചെന്ന് ആത്മകാര്യംസംബന്ധിച്ചു കുറേനേരം സംസാരിച്ചു. ഉടനെതന്നെ 5-ാം സൈന്യത്തിലെ മുന്നണിയിൽ ചെന്നു സ്ഥാനമെടുത്തു. തൽക്ഷണം ശത്രുഭാഗത്തുനിന്നുള്ള ഒരു വെടിയുണ്ടയേറ്റ് അദ്ദേഹം നിലംപതിച്ചു. ഡോക്ടരുടെ കൂടാരത്തിലേക്കു എടുത്തുകൊണ്ടുചെന്നപ്പോൾ, മുറിവുകൾ പരിശോധിക്കുന്നതിലേക്കു ഡോക്ടർ അയാളുടെ കഴുത്തിൽ കിടന്ന ജപമാലയും ഉത്തരീയക്കാശുരൂപവും മാററാൻ തുടങ്ങിയപ്പോൾ അയാൾ കണ്ണുതുറന്ന് അതു തടഞ്ഞു. അനുതാപപ്രകരണങ്ങൾ ചൊല്ലിക്കൊണ്ടു ആ നിലയിൽ കിടന്ന് അന്ത്യശ്വാസം വിടുകയുംചെയ്തു. കൊറിയൻരംഗത്തെ അവസാനമർത്ത്യബലി ഇങ്ങനെ ഈ ധീരയോദ്ധാവാണു നിർവ്വഹിച്ചതു്.

### ഫിലിപ്പൈൻ ദ്വീപിൽ അശ്ലീലഗ്രന്ഥങ്ങളോടുള്ള പോരാട്ടം

മനിലായിലെ തിരുനാമസഖ്യാംഗങ്ങൾ അസാന്മാർഗ്ഗികപ്രസിദ്ധീകരണങ്ങളോടു ഒരു ധർമ്മസമരം ആരംഭിച്ചിരിക്കയാണ്. ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാംനു ഇത്തരം ഏതാനും ദുഷ്കൃതികൾ ശേഖരിച്ച്, നഗരത്തിന്റെ ഒരു പ്രധാന സ്ഥാനത്തുവച്ച്, അവർ പരസ്യമായി ദഹിപ്പിക്കയുണ്ടായി. കുറേനാളായി ഈ മാതിരി സാഹിത്യത്തിനു അഭൂതപൂർവ്വമായ പ്രവാഹമാണു ദ്വീപിലേക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും, യുവാക്കന്മാരുടെ പേരിൽ തെളിഞ്ഞിട്ടുള്ള കുററങ്ങളിൽ ഏറിയപങ്കും ഈ വഴിക്കുണ്ടായിട്ടുള്ളതായി പ്രത്യക്ഷപ്പെട്ടുവെന്നും അവിടത്തെ പ്രധാനപത്രമായ സെൻറിനൽ പറയുന്നു.

### ഏഷ്യൻ രാജ്യങ്ങളെപ്പററി ശുഭാശംസ

കാനൻ കാർഡിജിൻ ഏഷ്യൻ വൻകരയുടെ ഇരുണ്ടവശങ്ങളെ എടുത്തുകാണിച്ചശേഷം ഭാവിയെപ്പററി അദ്ദേഹം പറയുന്നു:- അല്പം ആലോചിച്ചുനോക്കിയാൽ ആർക്കും മനസ്സിലാക്കാൻ കഴിയും, ഭാവിയിൽ ലോകത്തിലുള്ള മററു ജനപദങ്ങളുടെ നില നിർണ്ണയിക്കുന്നതു ഏഷ്യൻ ജനതയായിരിക്കും. ഈ സംഭവത്തെ തടയുവാൻ യാതൊരു ശാസ്ത്രശക്തിക്കും സാധിക്കുന്നതല്ല. കറുത്ത ജാതിക്കാർ വെളുത്ത ജാതിക്കാരുടെ ഭാവിയെ നിർണ്ണയിക്കും......ഇൻഡ്യയിലും ഏഷ്യയൊട്ടുക്കും ഇന്നു തിരുസ്സഭയ്ക്കുള്ള പ്രശസ്തി അത്ഭുതപൂർവ്വമാണ്. കത്തോലിക്കരുടെ സർവ്വകലാശാലകളും, കോളേജുകളും, സ്കൂളുകളും, സാധുജനമന്ദിരങ്ങളും, കുഷ്ഠരോഗാസ്പത്രികളും, അന്ധന്മാർക്കും ചെകിടന്മാർക്കും മൂകന്മാർക്കും ക്ഷയരോഗികൾക്കും മററും വേണ്ടിയുള്ള സങ്കേതസ്ഥാനങ്ങളും, അനാഥശാലകളും ഇന്നു മേലധികാരികളുടെയും ജനരാശിയുടെയും അത്ഭുതത്തിനും കൃതജ്ഞതയ്ക്കും വിഷയീഭവിച്ചുകൊണ്ടിരിക്കുന്നു. മാർത്തോമ്മാ അപ്പസ്തോലന്റെ ആഗമനത്തിന്റെ 19-ാം ശതാബ്ദത്തിന്റെയും, വി. ശൗര്യാരിന്റെ മരണത്തിന്റെ 4-ാം ശതകത്തിന്റെയും കേമമായ ആഘോഷങ്ങൾവഴിക്ക് ഇവിടത്തെ ക്രിസ്തീയസഭയുടെ ശക്തി എനിക്കു നേരിട്ടുകാണ്മാൻ സാധിച്ചു. ഇന്നു ഏഷ്യൻ വൻകരയിലെ മിക്ക രാജ്യങ്ങളിലും ഏതദ്ദേശീയരായ വൈദികാദ്ധ്യക്ഷന്മാരോടും, വൈദികഗണത്തോടും, വിവിധ റീത്തുകൾ നിലയുറപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭീമമായ ജോലി ഇനിയും ചെയ്തുതീർപ്പാൻ അവശേഷിക്കുന്നുണ്ട്........."

### കമ്മ്യൂണിസ്റ്റ് ചൈനാ ബുദ്ധമതത്തെ കൂട്ടുപിടിക്കുന്നു

ചൈനാ, ടിബെററ്, മൻഗോളിയാ എന്നീ സ്ഥലങ്ങളിലെ ബുദ്ധമതാദ്ധ്യക്ഷന്മാരുടെ ഒരു സമ്മേളനം ഈയിടെ ചൈനായിൽ വിളിച്ചുകൂട്ടിയിരിക്കുന്നു. അവിടെവച്ച് അവർ ഒരു ബുദ്ധമതമഹാജനസഭ രൂപവൽക്കരിക്കയുണ്ടായി. ഡാലായിലാമായും പാഞ്ചെൻലാമായും ബഹുമാന്യപ്രസിഡണ്ടന്മാരായി തിരഞ്ഞെടുക്കപ്പെട്ടു. എങ്കിലും യഥാർത്ഥ പ്രസിഡണ്ടായി ചൈനാക്കാരനായ ഒരു കടുത്ത കമ്മ്യൂണിസ്റ്റിനെത്തന്നെയാണ് നിയമിച്ചതു്. "മാതൃരാജ്യത്തിന്റെയും ലോകസമാധാനത്തിന്റെയും സംരക്ഷണാർത്ഥം ചൈനീസ് ബുദ്ധമതസ്ഥന്മാരെ ഏകീഭവിപ്പിക്കുക" എന്നുള്ളതാണ് സംഘടനയുടെ ഉദ്ദേശമായി നിർദ്ദേശിച്ചിരിക്കുന്നതു്. സമ്മേളനത്തിൽ "മതസ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നതിനും, ബുദ്ധമതത്തിന്റെ വിശിഷ്ടപാരമ്പര്യത്തെ പുലർത്തുന്നതിനും ഇവിടത്തെ ജനകീയ ഗവർമ്മെൻറു ചെയ്യുന്ന യത്നങ്ങളിൽ സർവ്വസഹായവും വാഗ്ദാനം ചെയ്യുന്നു" എന്നൊരു പ്രമേയവും പാസ്സാക്കപ്പെട്ടു. ചുരുക്കത്തിൽ പൂർവ്വവിദൂരദേശത്തുള്ള ബുദ്ധമതാനുയായികൾ വഴിയായി അവിടങ്ങളിൽ കമ്മ്യൂണിസം പൂർവ്വവൽ പ്രചരിപ്പിക്കുന്നതിനുള്ള ഒരു അടവാണ് ചൈനാ ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു്. ചൈനായിൽ ആകെ 70 ലക്ഷത്തോളം ബുദ്ധമതക്കാരുണ്ട്. കേവലം ഒരു നിർജ്ജീവാവസ്ഥയിലാണ് ഇന്ന് അവർ കിടക്കുന്നതു്. അതുകൊണ്ടത്രെ ടിബെററ്, മൻഗോളിയാ ഈ രാജ്യങ്ങളെക്കൂടി ബന്ധുതയ്ക്ക് ആഹ്വാനം ചെയ്തിരിക്കുന്നതു്.

### കൊറിയൻ പുനരുദ്ധാരണത്തിന്

യുദ്ധവിരാമസന്ധിയുടെ മഷി ഉണങ്ങുന്നതിനു മുമ്പുതന്നെ, തകർന്നു താറുമാറായി കിടക്കുന്ന കൊറിയായെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഐക്യരാഷ്ട്രസൈന്യത്തിന്റെ അധീനതയിലുണ്ടായിരുന്ന 600 ടൺ ഭക്ഷ്യവിഭവങ്ങൾ അവിടെ വിതരണം ചെയ്യപ്പെട്ടു. ഐക്യരാഷ്ട്രസൈന്യകമാൻഡറായ ജനറൽ ക്ലാർക്കിന്റെ ഉത്തരവനുസരിച്ചു അനേക സഹസ്രം ടൺ ഭക്ഷണസാധനങ്ങൾ ഉടനടി വന്നുചേരുന്നതാണ്. ഐക്യരാജ്യത്തിൽനിന്നു ഉദാരമതികളായ വ്യക്തികളുടെ സംഭാവനയായി 13 ലക്ഷംടൺ ഭക്ഷണവും വസ്ത്രങ്ങളും അങ്ങോട്ടു കയററിഅയച്ചുകഴിഞ്ഞിരിക്കുന്നു. പ്രസിഡണ്ടു ഐസനോവറുടെ അഭ്യർത്ഥനയനുസരിച്ചു അമേരിക്കൻ കോൺഗ്രസ്സ് 20കോടി ഡോളർ (95 കോടിയിൽപ്പരം രൂപാ) പുനരുദ്ധാരണവേലകൾക്കായി അനുവദിച്ചിരിക്കുന്നു. പ്രസിഡണ്ടിന്റെ സഹോദരനായ മിൽടൺ ഐസനോവറുടെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ വകയായി ആരംഭിച്ചിരിക്കുന്ന കൊറിയൻ സംരക്ഷണനിധിയും വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. കൊറിയായിലെത്തിയിരുന്ന ഡള്ളെസ് അവിടെ നഷ്ടീഭവിച്ച റോഡുകൾ, പാലങ്ങൾ, ആസ്പത്രികൾ, സ്കൂളുകൾ മുതലായവ പുനരുദ്ധരിക്കുന്നതിനു അമേരിക്കൻ പടയാളികളോട് ആജ്ഞാപിച്ചിട്ടുണ്ടു. സൈന്യങ്ങൾ അയച്ചു സഹായിച്ച മററു 15രാജ്യങ്ങളും ഈ വിധത്തിൽ സഹായിക്കണമെന്നാ അദ്ദേഹം അഭ്യർത്ഥിച്ചിട്ടുണ്ടു.

### മെക്സിക്കോയിലേക്കു കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററം

മെക്സിക്കോയിലെ പ്രമുഖ പ്രതിദിനപ്പത്രമായ "എക്സ്ചേൽസിയോർ" കമ്മ്യൂണിസ്റ്റുകാർ പ്രസ്തുതരാജ്യത്തു നടത്തിവരുന്ന പ്രചാരണജോലികളെക്കുറിച്ച് പരിഭ്രമജനകങ്ങളായ പല വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ചുരുക്കത്തിൽ അമേരിക്കയിലെ ജനാധിപത്യഭരണക്കൂടങ്ങളെയെല്ലാം തകിടംമറിക്കുന്നതിനുള്ള ശക്തിമത്തായ ഒരു കൂട്ടുകെട്ടു മെക്സിക്കോയിലെ റഷ്യൻ എംബസി കേന്ദ്രമാക്കിക്കൊണ്ടു നടന്നുവരുന്നുണ്ട്. ക്രെംലിനിൽനിന്നുള്ള പ്രശസ്ത നേതാക്കന്മാർ തുടർച്ചയായി അവിടെ വന്നും പോയുമിരിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ അദ്ധ്യാപകന്മാരെ കമ്മ്യൂണിസത്തിലേക്കു മാനസാന്തരപ്പെടുത്തുന്നതിനും, പ്രൈവററുസ്കൂളുകൾ നിശ്ശേഷം നിറുത്തലാക്കുന്നതിനും, കമ്മ്യൂണിസ്റ്റുഗ്രന്ഥങ്ങൾ ഗവർമ്മെൻറുസ്കൂളുകളിൽ പാഠ്യപുസ്തകങ്ങളാക്കി പ്രചരിപ്പിക്കുന്നതിനുമുള്ള സതതശ്രമങ്ങളാണ് ആദ്യമായി നടന്നുവരുന്നതു്. പല കമ്മ്യൂണിസ്റ്റ് സെല്ലുകൾ മെക്സിക്കോനഗരത്തിൽത്തന്നെ ഗൂഢപ്രവർത്തനം നടത്തിവരുന്നതായി തെളിഞ്ഞിട്ടുണ്ട്. രാജ്യത്തെ ഉദ്യോഗസ്ഥന്മാരിൽ പല പ്രധാനികളും കമ്മ്യൂണിസ്റ്റ് അനുഭാവികളുമായി സഹകരിച്ചുവരുന്നു. പ്രചാരണജോലികൾക്കായി ധാരാളം പണം റഷ്യയിൽനിന്നു ഇവിടെ വന്നുചാടുന്നുണ്ട്. അതിനുംപുറമെ, ഏജൻറന്മാർ ഓരോ പേരുപറഞ്ഞു മെക്സിക്കോയിൽനിന്നുതന്നെയും ഒട്ടധികം പണം പിരിച്ചെടുക്കുന്നു. ഗവർമ്മെൻറ് ഇനിയും കണ്ണടച്ചിരുന്നാൽ വരുന്ന വിപത്തു ദുർവ്വഹമായിരിക്കുമെന്നു പ്രസ്തുത പത്രം മുന്നറിവു നൽകിയിരിക്കുന്നു.

### കൊറിയൻസന്ധിയെപ്പററി ഒസ്സെർവത്തോരെ പത്രം

വത്തിക്കാൻ പത്രമായ ഒസ്സെർവത്തോരെ റൊമാനോ കൊറിയായിൽ യുദ്ധവിരാമം ഉണ്ടായതിലുള്ള ആഹ്ലാദത്തെ പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരുമുഖപ്രസംഗമദ്ധ്യേ പറയുന്നു: "കുറേ ദിവസങ്ങളായി ഓരോ മണിക്കൂറിലും പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ വലിയ വൃത്താന്തത്തിനു ലോകമൊട്ടുക്ക് എത്ര ഹാർദ്ദമായ സ്വീകരണമാണു സിദ്ധിച്ചിരിക്കുന്നതു്. മൃത്യുവിന്റെ മാരകഖഡ്ഗം അങ്ങനെ അവസാനം ഉറയിലിട്ടു. മൂന്നുകൊല്ലത്തെ അഗ്നിപ്രളയത്തിന്റെ ശേഷം സമാധാനത്തിന്റെ മാടപ്രാവു ഒലിവുശാഖയുമായി ആദ്യംവന്നെത്തിയതു ശുഭസൂചകംതന്നെ. പടർന്നുപിടിച്ചു കൂടുതൽ വിനാശങ്ങൾ വരുത്തിവയ്ക്കുമെന്നു ഭയപ്പെട്ടിരുന്ന അഗ്നിബാധ അങ്ങനെ ശമിച്ചതു് അത്യന്തം ആശ്വാസാവഹമായിരിക്കുന്നു. എല്ലാവരും ഇതെപ്പററി ദൈവത്തിനു കൃതജ്ഞതാസ്തോത്രം അർപ്പിക്കേണ്ടതാകുന്നു." കഴിഞ്ഞ രണ്ടാംലോകമഹാസമരത്തിന്റെ അന്തിമഘട്ടത്തിൽ പരിശുദ്ധപിതാവു നൽകിയ ശ്രദ്ധേയമായ മുന്നറിയിപ്പോടുകൂടി പത്രം ഇങ്ങനെ ഉപസംഹരിക്കുന്നു: "സമാധാനദ്വാരാ സമസ്തവും സംരക്ഷിക്കാവുന്നതാണ്; യുദ്ധംവഴിയായിട്ടാ സകലതും നഷ്ടീഭവിക്കുന്നു."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1